

"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ


**ചങ്ങനാശേരി അതിരൂപത**

**സ്ഥാപിതം: മെയ് 20 1887**

**വാല്യം 91 ● ലക്കം 02 ● ആഗസ്റ്റ് 2018**

വേദപ്രചാര
# മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

## ഉള്ളടക്കം


തടവറ പ്രേഷിതദിനം സർക്കുലർ Ref: 3115/K-5/KCBC/OL/DS ..... 03
ജസ്റ്റീസ് സൺഡേ സർക്കുലർ Ref: 3113/K-5/KCBC/OL/DS ..... 09
സർക്കുലർ 18 Ch. 202-277 ..... 11
സർക്കുലർ 18 Ch. 203-278 ..... 13
വനിതാകമ്മീഷനും കുമ്പസാരമെന്ന കൂദാശയും ..... 15
കച്ചേരിക്കാര്യം ..... 18
പഞ്ചവത്സര അജപാലനപദ്ധതി ..... 20
പബ്ലിക് റിലേഷൻസ് ജാഗ്രതാസമിതി ..... 22
പാസ്റ്ററൽ കൗൺസിൽ ..... 23
സന്ദേശനിലയം ..... 25
ചെറുപുഷ്പ മിഷൻലീഗ് ..... 29
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ ..... 31
ഫാമിലി അപ്പോസ്റ്റലേറ്റ് ..... 34
പ്രവാസി അപ്പോസ്റ്റലേറ്റ് ..... 36
ജീവകാരുണ്യനിധി ട്രസ്റ്റ് ..... 37
യുവദീപ്തി ..... 38
എ.കെ.സി.സി. ..... 41
കെ.സി.എസ്.എൽ. ..... 43
കേരളാ ലേബർ മൂവ്മെന്റ് ..... 44
ആവേമരിയ ..... 45
ഫ്രാൻസിസ്കൻ അല്മായസഭ ..... 46
ചാസ് ..... 49
ആത്മതാകേന്ദ്രം ..... 56
ദലിത് കത്തോലിക്കാ മഹാജനസഭ ..... 58
വിൻസെൻഷ്യൻ വേദി ..... 59
കെയർ ഹോംസ് ..... 61
കരിസ്മാറ്റിക് നവീകരണം ..... 64
പൗരോഹിത്യ ആദ്ധ്യാത്മികത ..... 66
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ..... 72
Engagements ..... 78



Annual Subscription: Rs. 120/-



Archbishop's House, P.B. No. 20, Changanacherry - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@gmail.com
Website: www.archdiocesechanganacherry.org

Ref: 3115/K-5/KCBC/OL/DS 20.7.2018

# തടവറ പ്രേഷിതദിനം 2018

## ആഗസ്റ്റ് 12, ഞായർ

*കെസിബിസി ജസ്റ്റിസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി നടത്തുന്ന തടവറ പ്രേഷിതപ്രവർത്തനത്തിൽ സഭാമക്കൾ പങ്കുചേരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പുറപ്പെടുവിക്കുന്ന സർക്കുലർ.*

കർത്താവിൽ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

2018 ആഗസ്റ്റ് മാസം 12 -ാം തീയതി ഞായറാഴ്ച കേരള കത്തോലിക്കസഭ തടവറ പ്രേഷിതദിനമായി ആചരിക്കുകയാണ്. സഹതടവുകാരനുവേണ്ടി സ്വജീവൻ ബലിയർപ്പിക്കാൻ മുന്നോട്ട് വന്ന വിശുദ്ധ മാക്സ്മില്യൺ മരിയ കോൾബേയാണ് തടവറ പ്രേഷിതപ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥൻ. ഈ വിശുദ്ധന്റെ തിരുനാൾ ദിനമായ ആഗസ്റ്റ് 14 -ന് മുൻപ് വരുന്ന ഞായറാഴ്ചയാണ് തടവറ പ്രേഷിതദിനമായി കേരളസഭ കൊണ്ടാടുന്നത്. മാതൃഭക്തി പ്രചരിപ്പിക്കാൻ ഈ വിശുദ്ധൻ കേരളം സന്ദർശിച്ച് എറണാകുളം, വരാപ്പുഴ രൂപതകളിൽ അഭിവന്ദ്യ പിതാക്കന്മാരുടെ അതിഥിയായി താമസിച്ചിരുന്നുവെന്നത് ഈ വിശുദ്ധനെ കേരളത്തിന് പ്രിയപ്പെട്ടവനാക്കുന്ന കാര്യമാണ്. ബന്ധനങ്ങളിൽ കഴിയുന്ന ആളുകളോടും അവരുടെ ക്ലേശിക്കുന്ന കുടുംബങ്ങളോടും കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ കുടുംബങ്ങളോടും ക്രൈസ്തവർക്ക് ഉണ്ടായിരിക്കേണ്ട കടമകളെക്കുറിച്ച് ചിന്തിക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും നമ്മെ ഓരോരുത്തരെയും സജ്ജമാക്കുക എന്നതാണ് ഇന്നത്തെ ദിനാചരണം ലക്ഷ്യമാക്കുന്നത്.

2018 ജനുവരി ചൊവ്വാഴ്ച ഉച്ചതിരിഞ്ഞ് ഫ്രാൻസിസ് മാർപാപ്പ സാന്തിയാഗോ ദെ ചിലിയിലെ വനിത ജയിൽ സന്ദർശിച്ച് നൽകിയ സന്ദേശത്തിൽ അവരോട് ഇപ്രകാരം പറയുകയുണ്ടായി. ‘‘നമ്മുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുക എന്നാൽ, നമ്മുടെ പ്രത്യാശകളും സ്വപ്നങ്ങളും നഷ്ടപ്പെടുത്തുക എന്നല്ല അർത്ഥം. സ്വപ്നം കാണാനുള്ള കഴിവ് നഷ്ടപ്പെടുത്തുക എന്നും ഇതിനർത്ഥമില്ല.

നമ്മുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുന്നത് നമ്മുടെ അന്തസ്സ് നഷ്ടമാകുന്നതിന് തുല്യമല്ല. അത് ഒരേ കാര്യമല്ല. അന്തസ്സ് സ്പർശിക്കപ്പെടരുത്. അത് പരിരക്ഷിക്കപ്പെടണം, സംരക്ഷിക്കപ്പെടണം. അതിനോട് ആർദ്രത കാണിക്കണം. ഒരാൾക്ക് ജീവിതത്തിൽ ഉണ്ടാകുന്ന വീഴ്ചയുടെ പേരിൽ അയാളുടെ അന്തസ്സ് നിഷേധിക്കപ്പെടരുത് എന്ന് പരിശുദ്ധ പിതാവ് ഓർമ്മിപ്പിക്കുന്നു. അതനുസരിച്ച് പുനരുദ്ഗ്രഥന പ്രക്രിയയിലൂടെ, പ്രത്യാശയും സ്വപ്നങ്ങളും നിറഞ്ഞ മനുഷ്യരാക്കി മാറ്റാൻ വേണ്ടുന്ന ഒരുക്കങ്ങൾ നടത്താനുള്ള ബാധ്യതയും കടപ്പാടും സമൂഹത്തിനുണ്ട്. ഭാവി പ്രതീക്ഷകൾ ഇല്ലാത്ത ഒരു ജയിൽ ശിക്ഷ മനുഷ്യത്വമുള്ള ഒരു ശിക്ഷാവിധിയല്ലെന്നും അങ്ങനെയുള്ളത് ഒരു പീഡനമാണെന്നും ഓരോ ശിക്ഷാവിധിയും അവരുടെ പുനരുദ്ഗ്രഥനത്തിനും ഇന്നത്തെ സമൂഹവുമായുള്ള പുനർസംയോജനത്തിനുമുള്ള അവസരങ്ങൾ നല്കുന്നതുമാകണമെന്ന് പരിശുദ്ധ പിതാവ് പറയുന്നത് ചിന്തനീയമാണ്.

ജയിലുകളിൽ കഴിയുന്ന നമ്മുടെ സഹോദരങ്ങളിൽ ഈശോയുടെ മുഖം കാണണം. മനുഷ്യന്റെ ജീവിതത്തിൽ ഉണ്ടാകുന്ന വീഴ്ച ഒരിക്കലും അവന്റെ അന്തസ്സും, അവനിലെ ദൈവികതയും പൂർണ്ണമായും നശിപ്പിക്കുന്നില്ല. 'തടവുകാരുടെ കൂടെയാണ് ഈശോ. പുറത്തല്ല' എന്നാണ് ഫ്രാൻസിസ് മാർപാപ്പ പറയുന്നത്. ''ഞാൻ കാരാഗൃഹത്തിലായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു'' (മത്താ. 25:26) നമ്മെ നിത്യസമ്മാനത്തിന് അർഹമാക്കുന്ന കാരുണ്യപ്രവൃത്തികളിൽ ഒന്നാണിത്. ''കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. പീഡിതരെ സദ്വാർത്ത അറിയിക്കുന്നതിന് അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ഹൃദയം തകർന്നവരെ ആശ്വസിപ്പിക്കാനും തടവുകാർക്ക് മോചനവും ബന്ധിതർക്ക് സ്വാതന്ത്ര്യവും വിലപിക്കുന്നവർക്ക് സമാശ്വാസം നൽകാനും എന്നെ അയച്ചിരിക്കുന്നു''(ഏശ.61:1-2). ഏശയ്യായുടെ പുസ്തകത്തിൽ നിന്നുള്ള ഈ ഭാഗം ഉദ്ധരിച്ചുകൊണ്ടാണ് ഈശോ തന്റെ പരസ്യ ദൗത്യം ആരംഭിക്കുന്നത് (ലൂക്ക. 4:8). തടവറയിൽ കഴിയുന്ന മക്കളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന ഈശോയുടെ സുവിശേഷത്തിൽ നാം കാണുന്നു. ''ആരോഗ്യമുള്ളവർക്കല്ല, രോഗികൾക്കാണ് വൈദ്യനെ ആവശ്യം ഞാൻ വന്നിരിക്കുന്നത് നീതിമാന്മാരെ വിളിക്കാനല്ല, പാപികളെ പശ്ചാത്താപത്തിലേക്ക് ക്ഷണിക്കാനാണ്''(ലൂക്ക. 5: 31-32) എന്ന് മിശിഹാനാഥൻ പറയുമ്പോൾ ജീവിതത്തിൽ വീഴ്ച സംഭവിച്ചവർക്ക് നമ്മൾ എത്രത്തോളം ശ്രദ്ധ കൊടുക്കണമെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു.

ഏകാന്തതയുടെ അനുഭവത്തോടെ ജീവിക്കാൻ പ്രയാസമാണ്. ഏകാന്തത ഏറ്റവും കൂടുതൽ അനുഭവിക്കുന്നത് ജയിലുകളിലാണ്. ഈ തടവറ പ്രേഷിതദിനത്തിൽ 'നീ ഒറ്റയ്ക്കല്ല' എന്ന വിഷയവുമായി തടവറ മക്കളുടെ ജീവിതത്തിലേക്ക് സഭ നമ്മെ നയിക്കുകയാണ്. ഈ ശുശ്രൂഷാ മേഖലയിലൂടെ ഓരോ ബന്ധനസ്ഥനോടും നീ ഒറ്റയ്ക്കല്ല എന്ന് പ്രഖ്യാപിക്കാൻ സഭ ആഗ്രഹിക്കുന്നു.

ഇന്ത്യൻ ജയിലുകളിൽ നാലേകാൽ ലക്ഷത്തിനടുത്ത് തടവുകാർ ഉണ്ടെന്നാണ് കണക്ക്. വിചാരണത്തടവുകാരിൽ 60 ശതമാനത്തോളം നിരപരാധികളാണെന്നും കണക്കാക്കപ്പെടുന്നു. കേരളത്തിന്റെ കാര്യവും വ്യത്യസ്തമല്ല. ഏകദേശം 8,000 തടവുകാരിൽ 3465 പേർ ഒരു കുറ്റവും ചെയ്യാതെ ജയിലിൽ കഴിയുന്നവരാണെന്ന് മാധ്യമങ്ങൾ രേഖപ്പെടുത്തുന്നു. വിചാരണ നേരിടാൻ വേണ്ടി തടവിലാക്കപ്പെട്ടവരെ കുറ്റവാളികൾ എന്ന് മുദ്രകുത്തുന്ന പ്രവണത ഇന്ന് ഏറിവരുകയാണ്. കുറ്റക്കാരെ കർശനമായി നേരിടണമെന്നും അവർക്ക് കഠിനമായ ശിക്ഷ നല്കണമെന്നും ചിന്തിക്കുന്നവരാണ് ഭൂരിഭാഗം ആളുകളും. കുറ്റങ്ങൾ കുറയ്ക്കാൻ അതാണ് വേണ്ടതെന്ന് അവർ കരുതുന്നു. പ്രത്യേകിച്ച്, ആക്രമണത്തിന് വിധേയരായവരുടെ അവകാശങ്ങളോടുള്ള താത്പര്യവും അവരോടുള്ള അനു കമ്പയും കുറ്റവാളികൾക്കെതിരെ ഒരു പ്രതികാര മനോഭാവം ഉണർത്തുന്നു. ഈ സാഹചര്യത്തിൽ കുറ്റം ചെയ്യുന്നവരോടുള്ള കത്തോലിക്കരുടെ പ്രതികരണം എന്തായിരിക്കണം? ഉത്തരം ഇതാണ് : സുവിശേഷമൂല്യങ്ങളാൽ നയിക്കപ്പെട്ട് അവരെ മാനസാന്തരത്തിലേക്ക് നയിക്കണം.

ഇന്നത്തെ ലോകത്തിൽ വിശുദ്ധിയിലേക്കുള്ള വിളി യെ സംബന്ധിച്ച പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ യുടെ''ആനന്ദിച്ച് ആഹ്ലാദിക്കുവിൻ'' എന്ന അപ്പസ്തോലിക ആഹ്വാനത്തിൽ (Gaudete et Exsultate No. 98) ക്രൈസ്തവ വിശുദ്ധിയിലേയ്ക്കുള്ള വളർച്ചയെപ്പറ്റിപറയുന്നത് ഇപ്രകാരമാണ്, ''തണുപ്പുള്ള ഒരു രാത്രിയിൽ വെളിമ്പുറത്ത് കിടന്നുറങ്ങുന്ന ഒരു വ്യക്തിയെ ഞാൻ കണ്ടുമുട്ടിയാൽ ആ വ്യക്തിയെ ഒരു ശല്യമായോ, അലസനായോ, എന്റെ വഴിയിലുള്ള ഒരു തടസ്സമായോ, മനസ്സാക്ഷിക്കുത്തുളവാക്കുന്ന കാഴ്ചയായോ, രാഷ്ട്രീയക്കാർ പരിഹരിക്കേണ്ട പ്രശ്നമായോ അല്ലെങ്കിൽ പൊതുസ്ഥലത്തെ ഒരു കൂനയായി പോലുമോ എനിക്ക് കാണാൻ കഴിയും. അല്ലെങ്കിൽ, ആ വ്യക്തിയിൽ, എന്റേതിനോടു തുല്യമായ മഹത്ത്വമുള്ള ഒരു മനുഷ്യവ്യക്തിയെ, പിതാവിനാൽ അനന്തമായി സ്നേഹിക്കപ്പെടുന്ന ഒരു വ്യക്തിയെ, ദൈവത്തിന്റെ ഒരു പ്രതിഛായയെ, യേശുക്രിസ്തുവിനാൽ രക്ഷിക്കപ്പെട്ട ഒരു സഹോദരനെ അല്ലെങ്കിൽ സഹോദരിയെ

എനിക്ക് വിശ്വാസത്തോടും പരസ്നേഹത്തോടും കൂടി പ്രത്യു ത്തരിക്കാൻ സാധിച്ചാൽ അതാണ് വിശുദ്ധി. ഓരോ മനുഷ്യനിലും ദൈവിക മഹത്ത്വം കാണാനും അംഗീകരിക്കാനും സാധിക്കണം. കാരു ണ്യമാണ് ''സുവിശേഷത്തിന്റെ തുടിക്കുന്ന ഹൃദയം''. തടവറയിൽ ആയിരിക്കുന്നവരുടെ മഹത്ത്വം ആ ഹൃദയത്തോടെ അംഗീകരിക്കാൻ നമുക്ക് സാധിക്കണം.

ലോകത്തെ സ്നേഹിക്കാനും അതിനെ താൻ എത്രമാത്രം സ്നേ ഹിക്കുന്നുവെന്നു കാണിക്കാനും അവിടുന്ന് നമ്മെ ആശ്രയിക്കുന്നു. നാം നമ്മെപ്പറ്റിത്തന്നെ അമിത താത്പര്യമുള്ളവരായാൽ മറ്റുള്ളവർക്ക് വേണ്ടി ചെലവഴിക്കാൻ നമുക്ക് സമയം ഉണ്ടായിരിക്കുകയില്ല എന്ന് പ രിശുദ്ധ പിതാവ് നമ്മെ ഓർമ്മിപ്പിക്കുന്നു. തടവറയിൽ കഴിയുന്നവർ നമുക്ക് അന്യരും വെറുക്കപ്പെട്ടവരും സമൂഹത്തിന്റെ മുഖ്യധാരകളിൽ നിന്ന് എന്നന്നേക്കുമായി മാറ്റിനിറുത്തപ്പെട്ടവരും അല്ല; നമ്മുടെ കരുതലും ശ്രദ്ധയും സാന്നിദ്ധ്യവും അർഹിക്കുന്നവരും പ്രത്യാശ നിറഞ്ഞ ഒരു ജീവിതത്തിലേക്ക് നമ്മൾ കൈപിടിച്ച് നടത്തേണ്ടവരും ആണെന്ന് തിരുസ്സഭയും പരിശുദ്ധ പിതാവും നമ്മെ ഓർമ്മിപ്പിക്കുന്നു. ''യേശുസാഹോദര്യകൂട്ടായ്മ (ജീസസ് ഫ്രട്ടേണിറ്റി) യുടെ പ്രസക്തി ഇന്ന് എന്നത്തേതിനേയുംകാൾ വലുതാണ്. ജീസസ്സ് ഫ്രട്ടേണിറ്റി, തടവറകളിൽ ശുശ്രൂഷചെയ്യുന്ന ഒരു കൂട്ടായ്മയാണ്. കഴിഞ്ഞ 32 വർഷങ്ങളായി കേരളത്തിലെ ജയിലുകൾ സന്ദർശിക്കുകയും തടവറ യിലെ സഹോദരങ്ങൾക്ക് ഭാവാത്മകമായ ചിന്തകളിലൂടെയും ക്ലാസു കളിലൂടെയും കൗൺസലിങ്ങുകളിലൂടെയും ക്രൈസ്തവരായവർക്ക് പ രിശുദ്ധ കുർബ്ബാനയും കുമ്പസാരവും പരികർമ്മം ചെയ്യുന്നതിലൂടെയും ശരിയായ ജീവിതദർശനം പകർന്നു നൽകി നല്ലചിന്തകളാൽ അവരുടെ മനസ്സിനെ നിറയ്ക്കുന്നതിൽ ഈ കൂട്ടായ്മ അങ്ങേയറ്റം ശ്രദ്ധിക്കുന്നു. കേരളകത്തോലിക്കാ മെത്രാൻസമിതിയുടെ ജസ്റ്റീസ് പീസ് ആന്റ് ഡിവലപ്പ്മെന്റ് കമ്മീഷന്റെ കീഴിൽ ഒരു വിഭാഗമായി ജീസസ്സ് ഫ്രട്ടേണിറ്റി പ്രവർത്തിക്കുന്നു. ജയിലുകൾ മാത്രമല്ല, തടവറയിലെ സഹോദരരുടെ ഭവനങ്ങളും സന്ദർശിക്കുകയും കുടുംബങ്ങൾക്ക് ആശ്വാസമേകുകയും അവരുടെ മക്കളെ ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പുനരധിവാസകേന്ദ്രങ്ങളിൽ താമസിപ്പിച്ച് പഠിപ്പിക്കുകയും വിവാഹ പ്രായമെത്തിയവരെ വിവാഹം കഴിപ്പിച്ചയയ്ക്കാൻ സഹായിക്കുകയും ചെയ്യുക എന്നതെല്ലാം ഈ കൂട്ടായ്മ കഴിഞ്ഞ 32 വർഷമായി ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്.

പതിനൊന്ന് പുനരധിവാസകേന്ദ്രങ്ങൾ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്നു. മൂന്നെണ്ണം വീതം പുരുഷന്മാർക്കും സ്ത്രീകൾക്കും

ബാക്കി എട്ട് എണ്ണം കുട്ടികൾക്കും വേണ്ടിയുമാണ് പ്രവൃത്തിക്കുന്നത്. തടവറയിൽ നിന്നിറങ്ങുന്നവരെ പുനരധിവസിപ്പിക്കാനുള്ള കേന്ദ്രങ്ങൾ ഇന്ത്യയിൽ തന്നെ ജീസസ് ഫ്രട്ടേണിറ്റി കൂട്ടായ്മയ്ക്ക് മാത്രമാണുള്ളത്. 2500-ൽപ്പരം തടവറക്കാരെ പുനരധിവസിപ്പിക്കാനും സാധാരണ ജീവിതത്തിലേക്ക് കൊണ്ടുവരാനും ഈ കൂട്ടായ്മയ്ക്ക് സാധിച്ചിട്ടുണ്ട്. തൃശ്ശൂർ വെട്ടുകാട്ടിൽ പുരുഷന്മാർക്കുള്ള കേന്ദ്രവും തിരുവനന്തപുരം മൺവിളയിൽ സ്ത്രീകൾക്കുള്ള കേന്ദ്രവും ജീസസ് ഫ്രട്ടേണിറ്റി നേരിട്ടുള്ള സംരക്ഷണയിലും നിയന്ത്രണത്തിലുമാണ്. 1990 -ൽ ആരംഭിച്ച ഈ പുനരധിവാസ കേന്ദ്രങ്ങളിൽ നിന്ന് 200 -ൽപ്പരം യുവതീയുവാക്കളെ നാളിതുവരെ വിവാഹം കഴിപ്പിച്ച് അയച്ചിട്ടുണ്ട്. 500-ൽ പരം കുടുംബങ്ങൾ പുനരധിവസിപ്പിക്കപ്പെട്ടു. അവരുടെ കൂട്ടായ്മകൾ വിളിച്ചുചേർക്കുകയും അവരുടെ മക്കൾക്കായി എല്ലാവർഷവും സോണുകളുടെ നേതൃത്വത്തിൽ സമ്മർ ക്യാമ്പുകൾ സംഘടിപ്പിച്ച് അവരുടെ സമഗ്രവളർച്ചയ്ക്ക് വേണ്ടുന്ന ക്ലാസ്സുകളും പഠനോപകരണങ്ങളും നൽകുകയും ചെയ്യുന്നുണ്ട്. തടവറയിൽ കഴിയുന്നവരുടെ മക്കളുടെ പഠനനാളുകളിൽ ആവശ്യമായ എല്ലാ ചെലവുകളും ജീസസ് ഫ്രട്ടേണിറ്റി കൂട്ടായ്മയുടെ നേതൃത്വത്തിൽ വഹിക്കപ്പെടുന്നു. കേരളത്തിലെ തടവറകളിൽ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരമെന്നോണം ജയിൽ വകുപ്പ് എല്ലാ ജയിലുകളും സന്ദർശിക്കാൻ ഈ കൂട്ടായ്മയ്ക്ക് മാത്രം ഒരു പൊതു അംഗീകാരം നല്കിയിട്ടുണ്ട്.

കേരളത്തിലെ 32 രൂപതകളിലും ഡയറക്ടർ അച്ചന്മാരുടെ നേതൃത്വത്തിൽ 46- ഓളം യൂണിറ്റുകളിലായി 1000 -ത്തിൽ പരം വോളണ്ടിയർമാർ പ്രത്യക്ഷമായും പരോക്ഷമായും ഈ ശുശ്രൂഷയിൽ പങ്കുചേരുന്നു. കേരളത്തിലെ എല്ലാ രൂപതകളിലും കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നുവരണമെന്ന് അഭ്യർത്ഥിക്കുന്നു. കേരളത്തിലെ ഒൻപത് മേജർ സെമിനാരികളിലും ജീസസ് ഫ്രട്ടേണിറ്റി യൂണിറ്റുകൾ ഭംഗിയായി പ്രവർത്തിക്കുന്നുണ്ട്. സെമിനാരിക്കാർ ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷ സ്തുത്യർഹമാണ്. അനേകം അല്മായരും സിസ്റ്റേഴ്സും ഈ പ്രവർത്തനത്തിൽ പങ്കുചേരുന്നു. അവർക്കെല്ലാം ഹൃദയപൂർവകമായ അനുമോദനങ്ങളും നന്ദിയും അർപ്പിക്കട്ടെ. തടവറ പ്രേഷിതദിനത്തിൽ ഇടവകയിൽ ശേഖരിക്കുന്ന പിരിവുകൊണ്ടാണ് ജീസസ് ഫ്രട്ടേണിറ്റിയുടെ ബഹുമുഖപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത്. ഈ വർഷവും ആ പിരിവ് നടത്തി പി.ഒ.സി.യിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി സംസ്ഥാന ഓഫീസിലേക്ക് അയച്ചുകൊടുക്കണമെന്ന് വിനീതമായി

അഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും ഔദാര്യപൂർണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമല്ലോ.

ജീസസ് ഫ്രട്ടേണിറ്റിക്ക് എല്ലാവിധ നന്മകളും നേരുന്നതോടൊപ്പം ആഗതമാകുന്ന ഭാരതസ്വാതന്ത്ര്യദിനം നമ്മെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും നന്മയിലേക്കും നയിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദൈവാനുഗ്രഹം നേർന്നുകൊണ്ട് ജീസസ്സ് ഫ്രട്ടേണിറ്റിക്കുവേണ്ടി,

**ആർച്ചുബിഷപ് തോമസ് മാർ കൂറിലോസ്**
ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ് പീസ്
ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

**ആർച്ചുബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ് പീസ് ആൻഡ്
ഡെവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ് പീസ് ആൻഡ്
ഡെവലപ്പ്മെന്റ് കമ്മീഷൻ

പി.ഒ.സി., കേരളകത്തോലിക്കാസഭയുടെ
ആസ്ഥാനകാര്യാലയത്തിൽ നിന്ന്.

---

N.B. 2018 ആഗസ്റ്റ് 12-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും വി. കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Ref: 3113/K-5/KCBC/OL/DS 13.7.2018

# ജസ്റ്റീസ് സൺഡേ (നീതി ഞായർ) 2018

## ആഗസ്റ്റ് 19, ഞായർ

*കെസിബിസി SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ*

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട സഹോദരീസഹോദരന്മാരെ,

ക്രൈസ്തവവിശ്വാസം സ്വീകരിച്ച ദലിത് സമൂഹത്തോടുള്ള നമ്മുടെ സ്നേഹവും കൂട്ടായ്മയും ശക്തിപ്പെടുത്താനും അവർ നേരിടുന്ന സാമൂഹിക അനീതിക്കെതിരേ ഭാരതമനഃസാക്ഷിയെ ഉണർത്താനും ലക്ഷ്യമിട്ടുകൊണ്ട് ഭാരത കത്തോലിക്കാ മെത്രാൻ സമിതി 1986 മുതൽ സ്വാതന്ത്ര്യദിനത്തിനുശേഷമുള്ള ഞായറാഴ്ച നീതിഞായറായി ആചരിക്കുകയാണല്ലോ. എല്ലാ പൗരന്മാർക്കും തുല്യനീതിയും സമത്വവും ഉറപ്പാക്കുന്ന മതേതര ജനാധിപത്യരാഷ്ട്രമാണ് ഭാരതം. നമ്മുടെ രാജ്യത്തിന്റെ മഹത്ത്വത്തിനടിസ്ഥാനമായ ഭരണഘടനയാണല്ലോ ഈ രാജ്യത്തെ എല്ലാവരെയും ഒന്നിച്ചുനിറുത്തുന്നത്. എന്നാൽ 1950-ൽ ഇന്ത്യൻ പ്രസിഡന്റ് പുറപ്പെടുവിച്ച പ്രസിഡൻഷ്യൽ ഉത്തരവു പ്രകാരം ക്രൈസ്തവരായ ദലിത് സഹോദരങ്ങളെ സംവരണാനുകൂല്യങ്ങൾ ലഭിക്കുന്ന പട്ടികയിൽനിന്നും ഒഴിവാക്കി. മതവിവേചനം പാടില്ലെന്ന നമ്മുടെ ഭരണഘടനയുടെ നിലപാടിന് കടകവിരുദ്ധമായിരുന്നു ഈ ഉത്തരവ്. ഈ ഉത്തരവ് റദ്ദാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഭാരതത്തിലെ ദലിത് സഹോദരങ്ങളുടെ നിലവിളി നാളിതുവരെ ഉത്തരവാദിത്ത്വപ്പെട്ടവർക്കില്ലെന്ന് നടിച്ചുകൊണ്ടിരിക്കുന്നു. ഭാരത കത്തോലിക്കാ മെത്രാൻ സമിതി ഈ വിഷയം കാലാകാലങ്ങളിലുള്ള ഭരണാധികാരികളുടെ അടിയന്തിരശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട് കൂടാതെ നിയമമാർഗങ്ങളിലൂടെ ഈ അവകാശം പുനഃസ്ഥാപിക്കാനുള്ള മാർഗങ്ങൾക്കായി കോടതിയിലൂടെയുള്ള ശ്രമങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ ദലിത് സഹോദരങ്ങൾക്ക് നീതി ഉറപ്പാക്കാനുള്ള സഭയുടെ ശ്രമങ്ങളിൽ എല്ലാവരുടെയും സഹകരണവും പിന്തുണയും പ്രാർഥനയും സഹായങ്ങളും ഉണ്ടാവണമെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

ഭാരത കത്തോലിക്കാ മെത്രാൻസമിതി 2016-ൽ പുറപ്പെടുവിച്ച ദലിത് ശക്തീകരണനയം ഭാരതത്തിലെ ദലിത് ക്രൈസ്തവരെ സംബന്ധിച്ച മാഗ്നകാർട്ട തന്നെയാണ്. ഈ ദലിത് ശക്തീകരണനയപരിപാടി

കൾ നടപ്പിലാക്കാനുള്ള പദ്ധതികൾ കേരള കത്തോലിക്കാമെത്രാൻ സമിതിയും ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം ദലിത് ക്രൈസ്തവരുടെ ആത്മീയവും ഭൗതികവുമായ ഉന്നമനം നേടിയെടുക്കാനും അവരെ മുഖ്യധാരയിൽ കൂട്ടിച്ചേർത്ത് കത്തോലിക്കാസമൂഹം ഒരു കൂട്ടായ്മയെന്ന നിലയിൽ ജീവിക്കാനുമുള്ള സാഹചര്യം നാം ഒരുക്കണം. കൂടാതെ, സാമ്പത്തിക പരിമിതികൾ അനുഭവിക്കുന്നവർക്ക് പാർപ്പിടം ഉൾപ്പെടെയുള്ള ക്ഷേമപദ്ധതികളും നടപ്പിലാക്കുവാനായിട്ടുണ്ട്. ഇതിൻപ്രകാരം സി.എം.ഐ. സന്യാസസമൂഹത്തിന്റെ പ്രധാനസഹായത്തോടുകൂടിയും സന്മനസ്സുള്ള സന്യാസസമൂഹങ്ങളുടെയും വ്യക്തികളുടെയും സംഘടനകളുടെയും രൂപതകളുടെയും സാമ്പത്തികസഹായം വഴിയും 300 ഭവനങ്ങൾക്കായുള്ള പദ്ധതികൾ പൂർത്തിയായി വരുന്നു. ദലിത് കത്തോലിക്കാ കുട്ടികൾക്ക് പഠനസഹായം എന്ന നിലയിൽ സ്കോളർഷിപ്പുകളും ദലിത് കത്തോലിക്കാ മഹാജനസഭ (DCMS) വഴി നല്കിക്കൊണ്ടിരിക്കുന്നു. ദലിത് ശക്തീകരണ ക്ഷേമപദ്ധതികൾക്ക് വലിയ സാമ്പത്തിക ആവശ്യവും ഉണ്ടായിരിക്കുന്നു. അതുകൊണ്ട് നീതി ഞായർ ദിനത്തിൽ നമ്മുടെ എല്ലാ ഇടവകകളിലും സ്തോത്രക്കാഴ്ച ശേഖരിച്ച് ദലിത് ശക്തീകരണ സംരംഭങ്ങളിൽ എല്ലാവരെയും പങ്കാളികളാക്കണമെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു. നമ്മുടെ ദലിത് സഹോദരങ്ങൾ അനുഭവിക്കുന്ന നീതിനിഷേധത്തിന്റെ മുറിവുകൾ ഉണക്കാൻ നമ്മുടെ അകമഴിഞ്ഞ പിന്തുണയും സഹായവും അവർക്ക് ഉറപ്പാക്കാം.

നീതിക്കുവേണ്ടിയുള്ള നമ്മുടെ പ്രവർത്തനങ്ങളെ കാരുണ്യവാനായ ദൈവം സർവവിധ നന്മകളും നല്കി അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എല്ലാവരെയും ആശീർവദിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**
ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

പിഒസി, കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

*N.B: 2018 ആഗസ്റ്റ് 19-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.*

## സർക്കുലർ

18 Ch. 202-277

# ദുരിതബാധിതർക്ക് അടിയന്തരസഹായം

ഈശോയിൽ പ്രിയപ്പെട്ട സഹോദരങ്ങളേ,

ശക്തമായ മഴയിലും കാറ്റിലും കേരളത്തിലെ വലിയൊരു ജനവിഭാഗം ഇന്നു ദുഃഖദുരിതങ്ങൾകൊണ്ടും നാശനഷ്ടങ്ങൾമൂലവും വലയുകയാണ്. കുട്ടനാടൻ പ്രദേശങ്ങളും, കോട്ടയം, ചങ്ങനാശ്ശേരി മേഖലകളിലെ താഴ്ന്നപ്രദേശങ്ങളും അക്ഷരാർത്ഥത്തിൽ തന്നെ അനേകദിവസങ്ങളായി വെള്ളത്തിൽമുങ്ങിയിരിക്കുന്നു. വീടുകളിൽ വെള്ളംകയറി സാധാരണജീവിതം അസാധ്യമായിരിക്കുന്നു. അനേകായിരങ്ങളാണ് ദുരിതാശ്വാസക്യാമ്പുകളിൽ കഴിയുന്നത്. കുട്ടനാട്ടിലെ ബോട്ടുജട്ടികൾ പലതും അടുക്കള ടെന്റുകളായി ഉപയോഗിക്കപ്പെടുന്നു. വൃദ്ധരും രോഗികളും ശിശുക്കളുമുള്ള കുടുംബങ്ങൾ കൂടുതൽ കഷ്ടപ്പാടുകൾ അനുഭവിക്കുന്നു. കുട്ടനാട്ടിലെ നെൽപ്പാടങ്ങൾ എല്ലാം തന്നെ മടവീണ് കൃഷിനശിച്ചു. കടമെടുത്തും മറ്റും ചെയ്ത കൃഷിപ്പണികളെല്ലാം നിഷ്ഫലമായിരിക്കുന്നു. കുട്ടനാട്ടിൽ മിക്ക ദൈവാലയങ്ങളും ഇതരസ്ഥാപനങ്ങളും വെള്ളംകയറിയ അവസ്ഥയിലാണ്. വഴികൾ വെള്ളത്താൽ മൂടപ്പെട്ടിരിക്കുന്നതിനാൽ മിക്കയിടങ്ങളിലും യാത്രയും തടസപ്പെട്ട അവസ്ഥയാണ്. പലയിടങ്ങളിലും ഇലക്ട്രിസിറ്റിയും നിലച്ച മട്ടിലായി. വളർത്തുമൃഗങ്ങളെ സംരക്ഷിക്കുക എന്നതും ഏറെ പ്രയാസത്തിലായി. ചുരുക്കത്തിൽ ജനജീവിതം സ്തംഭിച്ചിരിക്കുന്നു. നിർദ്ധനരും സാധാരണക്കാരും തികച്ചും നിസ്സഹായരാണ്. പലർക്കും പരസഹായം ആവശ്യമായിരിക്കുന്ന സാഹചര്യമാണിപ്പോൾ.

സ്ഥിതിഗതികളും അവയുടെ ഗൗരവവും മനസ്സിലാക്കി സന്നദ്ധസംഘടനകളും വ്യക്തികളുമൊക്കെ ത്യാഗബുദ്ധിയോടും ഉദാരമനസ്സോടുംകൂടി സഹായഹസ്തങ്ങളുമായി മുന്നോട്ടുവന്നിരിക്കുന്നു എന്നത് ഏറെ സന്തോഷം നൽകുന്നു. അതിരൂപതയിലെ വിവിധപ്രസ്ഥാനങ്ങൾ ഏറെ ഉത്സാഹത്തോടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നുണ്ട്. അതിരൂപതയിലെ സാമൂഹ്യസേവന വകുപ്പായ ചാസ്സ് വെള്ളപ്പൊക്കക്കെടുതികൾ മുൻകൂട്ടികണ്ട് വേണ്ട മുൻകരുതലുകളെടുക്കുകയും ഭംഗിയായി പ്രവർത്തനങ്ങൾ എകോപിപ്പിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ യുവദീപ്തിയും തൊഴിലാളി പ്രസ്ഥാനമായ KLM - ഉം പ്രവാസി അപ്പസ്തോലേറ്റുമൊക്കെ

സജീവമായിരംഗത്തുണ്ട്. നമ്മുടെ പല വിദ്യാഭ്യാസസ്ഥാപനങ്ങളും മാതൃകാപരമായി സഹകരിക്കുന്നുണ്ട്. സർക്കാരിന്റെ ഭാഗത്തു നിന്നും ഭക്ഷണസാധനങ്ങൾ വിതരണംചെയ്യുന്നുണ്ട്. ഇപ്രകാരമെല്ലാം ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സഹകരിക്കുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കാം.

ഇത്രയൊക്കെ ചെയ്യുന്നുണ്ടെങ്കിലും വെള്ളപ്പൊക്കം മൂലമുണ്ടായിട്ടുള്ള നഷ്ടം വളരെയേറെയാണ്. ഭവനങ്ങൾക്കും മറ്റും ഉണ്ടായിട്ടുള്ള കേടുപാടുകൾ വെള്ളം ഇറങ്ങിക്കഴിഞ്ഞു മാത്രമേ കണ്ടെത്താനാവൂ. വീടുകളിലെ പലസാധനങ്ങളും നഷ്ടപ്പെടുകയോ ഉപയോഗശൂന്യമാകുകയോ ചെയ്തിട്ടുണ്ട്. മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നതും വലിയ പ്രശ്നമാണ്. അവ രോഗങ്ങൾക്കു കാരണമാകാം. അതിനാൽ ശുദ്ധീകരണം എത്രയുംവേഗം നടക്കേണ്ടതുണ്ട്. കൊതുകും മറ്റും പെരുകാതിരിക്കാൻ ശ്രദ്ധിക്കണം. അണുവിമുക്തമായ ശുദ്ധജലം ഉപയോഗിക്കാൻ ജാഗ്രത ഉണ്ടാകണം. ആരോഗ്യസംരക്ഷണവും രോഗം വരാതിരിക്കാനുള്ള കരുതലുകളും എറെ പ്രാധാന്യമർഹിക്കുന്നു. നമ്മുടെ ഹോസ്പിറ്റലുകളും ഡോക്ടർമാരും ഇക്കാര്യത്തിൽ സേവനസന്നദ്ധരായിരിക്കണം. സർക്കാർ സംവിധാനങ്ങൾ ശക്തമായും അടിയന്തിരമായും പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ കഴിവനുസരിച്ചു സഹകരിക്കണമെന്ന് അതിരൂപതാകുടുംബം മുഴുവനോടും ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. ജൂലൈ 29-ാം തീയതി ഞായറാഴ്ച്ച എല്ലാ ഇടവകകളിലും വിശുദ്ധ കുർബാന അർപ്പിക്കുന്ന എല്ലാ ആരാധനാസമൂഹങ്ങളിലും ഒരു പ്രത്യേക സ്തോത്രകാഴ്ച്ച സ്വീകരിച്ച് ഒരാഴ്ച്ചക്കകം ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അതിരൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ അവസരോചിതമായ നേതൃത്വത്തിൽ പല ഇടവകകളിലും ഭക്ഷണസാധനങ്ങളും മറ്റും സമാഹരിച്ച് നൽകിയത് നന്ദിയോടെ ഓർക്കുന്നു; അതുപോലെതന്നെ പല സന്യാസഭവനങ്ങളും. ഉപയോഗപ്രദമായ വസ്ത്രങ്ങളും ഏറെ പ്രയോജനകരമായിരിക്കും. എല്ലാറ്റിലുമുപരിയായി എല്ലാവരും ശക്തമായി പ്രാർത്ഥിക്കണമെന്നും പ്രതിസന്ധികളിലും കെടുതികളിലും ആത്മധൈര്യം നഷ്ടപ്പെടുത്താതെ പരസ്പരം സഹകരിച്ച് അവയെ നേരിടാൻ ദൈവകൃപയിൽ ആശ്രയിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

*N.B: ജൂലൈ 22 ഞായറാഴ്ച വി. കുർബാനമദ്ധ്യേ എല്ലാ ദൈവാലയങ്ങളിലും വായിക്കാനായി നല്കപ്പെട്ട സർക്കുലർ.*

## സർക്കുലർ

18 Ch. 203-278

# വെള്ളപ്പൊക്ക ദുരന്തവും ദുരിതാശ്വാസ പ്രവർത്തനങ്ങളും

കുട്ടനാടിനെയും ആലപ്പുഴ, കോട്ടയം ജില്ലകളിലെ താഴ്ന്ന പ്രദേശങ്ങളെയും ദുരിതക്കടലിലാഴ്ത്തിയ വെള്ളപ്പൊക്കദുരന്തത്തെയും ചെയ്തുവരുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളെയും സംബന്ധിച്ച വിവരങ്ങൾ വിവിധ മാധ്യമങ്ങളിലൂടെയും, പ്രത്യേകിച്ച് ദീപിക പത്രത്തിലൂടെയും കൂറെയൊക്കെ നേരിട്ടും എല്ലാവരും അറിയുന്നുണ്ടല്ലോ ദുരിതബാധിത പ്രദേശങ്ങൾ പലതും ഞാൻ സന്ദർശിക്കുകയും അഭൂതപൂർവ്വമായ വെള്ളപ്പൊക്കകെടുതികളും ജനങ്ങൾ അനുഭവിക്കുന്ന കഷ്ടപ്പാടുകളും നേരിട്ടു മനസ്സിലാക്കുകയും ചെയ്തു. സംഭവിച്ചിരിക്കുന്ന ദുരിതങ്ങൾ വളരെ വ്യാപകവും ഉണ്ടായിരിക്കുന്ന നഷ്ടം കനത്തതുമാണ്. ആയിരക്കണക്കിനു കുടുംബങ്ങൾ തികച്ചും നിസ്സഹായാവസ്ഥയിലാണ്. നൂറുകണക്കിനു വീടുകൾ വാസയോഗ്യമല്ലാതാകുകയോ കേടുപാടുകൾ സംഭവിക്കുകയോ ചെയ്തിട്ടുണ്ട്. ഇപ്പോഴും വളരെയധികം വീടുകൾ വെള്ളം കയറിയ അവസ്ഥയിലാണ്. വീട്ടുപകരണങ്ങൾ വളരെയേറെ നഷ്ടപ്പെടുകയും ഉപയോഗശൂന്യമാകുകയും ചെയ്തിരിക്കുന്നു. വെള്ളം ഇറങ്ങിക്കഴിഞ്ഞെങ്കിലേ നഷ്ടങ്ങളുടെ കൃത്യവിവരം അറിയാനാവൂ. കടമെടുത്തും മറ്റും ചെയ്ത കൃഷിപ്പാടങ്ങൾ മിക്കവയും മടപൊട്ടിയും വെള്ളം നിറഞ്ഞും നശിച്ചിരിക്കുന്നു. പച്ചക്കറിത്തോട്ടങ്ങളും കരഭൂമിയിലെ മറ്റു കൃഷികളും നശിച്ചു. വളരെയേറെ വളർത്തുമൃഗങ്ങൾക്കും ജീവനാശം സംഭവിച്ചിരിക്കുന്നു. വെള്ളപ്പൊക്കത്തിൽ മത്സ്യകൃഷിയിടങ്ങളും അപ്രത്യക്ഷമായി.

മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നു എന്നതാണ് രൂക്ഷമായ മറ്റൊരു പ്രശ്നം. ശുദ്ധജലക്ഷാമവും രൂക്ഷമാണ്. പലവിധ രോഗങ്ങൾക്ക് ഇവയൊക്കെ കാരണമാകാം. കൊതുക് പെരുകി വർദ്ധിക്കും. അതിനാൽ ശുചീകരണ പ്രവർത്തനങ്ങൾ അടിയന്തിരമായി ചെയ്യേണ്ടതുണ്ട്. ശുദ്ധമായ കുടിവെള്ളത്തിന്റെ അഭാവമാണ് കുട്ടനാടിന്റെ ഏറ്റവും രൂക്ഷമായ ഒരു പ്രശ്നം. സർവ്വത്ര വെള്ളമാണെങ്കിലും കുടിക്കാൻ ഒരു തുള്ളി പോലുമില്ലാത്ത അവസ്ഥ. ഒരുപക്ഷെ, 94 വർഷങ്ങൾക്കുമുമ്പുണ്ടായ

വിഖ്യാതമായ 1099–ലെ (1924) വെള്ളപ്പൊക്കത്തിനുശേഷം കുട്ടനാടിനെ ഏറ്റവും കൂടുതൽ ദുരിതത്തിലാഴ്ത്തിയത് 2018–ലെ ഈ വെള്ളപ്പൊക്കമായിരിക്കണം. ഇവ രണ്ടും സംഭവിച്ചത് ജൂലൈ മാസത്തിലാണ്.

വീടുകളിൽ മാത്രമല്ല, ആരാധനാലയങ്ങളിലും സ്കൂളുകളിലും ഇതര സ്ഥാപനങ്ങളിലുമൊക്കെ വെള്ളം കയറുകയും നാശനഷ്ടങ്ങൾ വരുത്തുകയും പ്രവർത്തനങ്ങൾ നിശ്ചലമാകുകയും ചെയ്തു. കുട്ടനാട്ടിലെ നിരവധി ദൈവാലയങ്ങളിൽ വെള്ളം കയറുകയും തിരുക്കർമ്മങ്ങൾ മുടങ്ങുകയും ചെയ്തിരിക്കുന്നു. സന്ന്യാസഭവനങ്ങളും കടകളുമൊക്കെ വെള്ളത്തിൽ മുങ്ങി. സ്കൂളുകളൊക്കെ ആഴ്ചകളായി അടഞ്ഞുകിടക്കുന്നു. റോഡുകളെല്ലാംതന്നെ വെള്ളത്തിൽ മുങ്ങി ഗതാഗതം നിലച്ചു. റോഡുകൾക്ക് വളരെയേറെ നാശം സംഭവിച്ചിട്ടുണ്ട്. ചുരുക്കത്തിൽ സാധാരണ ജീവിതം സ്തംഭിച്ച അവസ്ഥയാണ്.

## ദുരിതാശ്വാസ പ്രവർത്തനങ്ങൾ

മഴയും കാറ്റും വെള്ളപ്പൊക്കവുമൊക്കെ വ്യാപകമായ നാശനഷ്ടങ്ങൾ വരുത്തിയതോടൊപ്പം വിവിധങ്ങളായ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ പ്രവാഹം നാനാതുറകളിൽനിന്നും ഉണ്ടാകുന്നുണ്ട് എന്നത് ഏറെ പ്രത്യാശയും ആത്മവിശ്വാസവും ജനങ്ങൾക്കു നൽകിയിട്ടുണ്ട്. ഏറ്റവും ദുരിതബാധിത പ്രദേശങ്ങളെല്ലാംതന്നെ ചങ്ങനാശേരി അതിരൂപതാതിർത്തിയിൽപ്പെട്ടവയാണ്. അതിരൂപതയിലെ സാമൂഹികസേവനവകുപ്പായ ചാസിന്റെ (CHASS) നേതൃത്വത്തിൽ ആരംഭംമുതൽ തന്നെ ചങ്ങനാശേരി അതിരൂപത ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമാണ്. അരി, പയർ, റൊട്ടി, പാൽ, കുടിവെള്ളം, ഏത്തക്കുല തുടങ്ങിയ ഭക്ഷണപദാർത്ഥങ്ങളും, തോർത്ത്, കൈലി തുടങ്ങിയ വസ്ത്രയിനങ്ങളും, ശുചീകരണസാമഗ്രികളും, രോഗപ്രതിരോധമരുന്നുകളുമൊക്കെ വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. യുവദീപ്തി, കെ.എൽ.എം., മാതൃവേദി, പിതൃവേദി, കത്തോലിക്കാ കോൺഗ്രസ്, വിൻസെന്റ് ഡി പോൾ സൊസൈറ്റി തുടങ്ങിയ അതിരൂപതയിലെ വിവിധ സംഘടനകളും പ്രസ്ഥാനങ്ങളും, സ്കൂളുകളും സന്ന്യാസസമൂഹങ്ങളും കോളേജുകളും ആശുപത്രികളും, ഇടവകകളുമൊക്കെ ദുരിതാശ്വാസപ്രവർത്തനങ്ങളിൽ ആവുന്നത്ര പങ്കുചേരുന്നുണ്ട്. ചെത്തിപ്പുഴ, സഹൃദയ, പച്ച ലൂർദ്ദുമാതാ, എടത്വാ മഹാജൂബിലി തുടങ്ങിയ ആശുപത്രികളും മെഡിക്കൽ ക്യാമ്പു നടത്തിയും മൊബൈൽ ഡിസ്പെൻസറിവഴിയും ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ സജീവമാണ്. വടവാതൂർ സെമിനാരി വിദ്യാർത്ഥികളും അതിരൂപതയിലെ വൈദികാർത്ഥികളും സന്നദ്ധ സേവനനിരതരാണ്. ഇരിങ്ങാലക്കുട, കാഞ്ഞിരപ്പള്ളി, പാലാ, പാലക്കാട്, തലശേരി, ഇടുക്കി, കോതമംഗലം, എറണാകുളം തുടങ്ങിയ

സീറോ മലബാർ രൂപതകളും മലങ്കര കത്തോലിക്കാസഭയും ദുരിതാശ്വാസപ്രവർത്തനങ്ങളിൽ ഉദാരമായി സഹകരിക്കുന്നത് നന്ദിയോടെ ഓർക്കുന്നു. സീറോ മലബാർ മേജർ ആർച്ചുബിഷപ്പ് അഭിവന്ദ്യ കർദ്ദിനാൾ ആലഞ്ചേരി പിതാവും, സീറോ മലങ്കര മേജർ ആർച്ചുബിഷപ്പ് ക്ലിമ്മീസ് കാതോലിക്കാ ബാവയും പത്തനംതിട്ട, മാവേലിക്കര, പാലാ രൂപതാ മെത്രാന്മാരും വിവിധ രൂപതകളിലെ വൈദികരും സാമൂഹിക സേവന പ്രവർത്തകരുമൊക്കെ ദുരിതബാധിത പ്രദേശങ്ങൾ സന്ദർശിച്ച് സഹായങ്ങൾ ചെയ്യുകയുണ്ടായി.

ദുരിതബാധിത പ്രദേശങ്ങളിൽ സേവനം ചെയ്യുന്ന ബഹുമാനപ്പെട്ട വൈദികർ ഏറെ ത്യാഗബുദ്ധിയോടെ ജനങ്ങളോടൊപ്പമായിരുന്നും ദുരിതാശ്വാസപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തും ഈ പ്രതികൂല സാഹചര്യങ്ങളിൽ ശക്തമായ സാന്നിദ്ധ്യം നൽകുന്നുണ്ട്. ജാതിമതഭേദമെന്യേ എല്ലാവർക്കുമായിട്ടാണ് നമ്മൾ പ്രവർത്തിക്കുന്നത്. ഒരു വിവേചനവും പുലർത്തുന്നില്ല. സർക്കാരിന്റെ ഭാഗത്തുനിന്നു ചെയ്യുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളും നന്ദിയോടെ ഓർക്കാം.

ഇനിയും ഏറെക്കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. അത്രമാത്രം നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. 29-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രകാഴ്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായിട്ടാണെന്ന് അറിയിച്ചിട്ടുണ്ടല്ലോ. എല്ലാവരുടെയും ഉദാരമായ സഹകരണം അഭ്യർത്ഥിക്കുന്നു. ദൈവകൃപയ്ക്കായി നമുക്കു പ്രാർത്ഥിക്കുകയും ചെയ്യാം.

സ്നേഹത്തോടെ,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ

---

N.B: *ഈ സർക്കുലർ ആഗസ്റ്റ് 12-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ എല്ലാ ദൈവാലയങ്ങളിലും വായിക്കേണ്ടതാണ്.*

# വനിതാ കമ്മീഷനും കുമ്പസാരമെന്ന കൂദാശയും

'കൊത്തിക്കൊത്തി മുറത്തിൽ കയറി കൊത്തുന്നു' എന്ന പഴഞ്ചൊല്ലിനെ അനുസ്മരിപ്പിക്കുന്നതാണ് ക്രൈസ്തവസഭയിലെ പരിശുദ്ധമായ കുമ്പസാരമെന്ന കൂദാശയെക്കുറിച്ചുള്ള ദേശീയ വനിതാകമ്മീഷൻ അദ്ധ്യക്ഷയുടെ പരാമർശം. കുമ്പസാരം നിരോധിക്കണമെന്നോ സ്ത്രീകളെ പുരുഷന്മാരായ വൈദികർ കുമ്പസാരിപ്പിക്കുന്നത് നിരോധിക്കണമെന്നോ ഉള്ള വനിതാ കമ്മീഷന്റെ നിർദ്ദേശം അജ്ഞതകൊണ്ടാണെങ്കിൽ, കാര്യങ്ങൾ നന്നായി മനസ്സിലാക്കി അബദ്ധം ഏറ്റുപറഞ്ഞ് ഉന്നതമായൊരു ദേശീയ പദവിയുടെ അന്തസ്സും വിശ്വാസ്യതയും സംരക്ഷിക്കാൻ വനിതാ കമ്മീഷൻ തയ്യാറാകണം. മറിച്ച്, ഇന്ത്യയിൽ ഭരണഘടന ഉറപ്പുനൽകുന്ന മതേതരത്വത്തെയും മതസ്വാതന്ത്ര്യത്തെയും നിഷേധിച്ചുകൊണ്ട് ഒരു മതത്തിന്റെ തികച്ചും ആദ്ധ്യാത്മികവും ആഭ്യന്തരവും അതീവഗൗരവമുള്ളതുമായ കാര്യത്തിൽ ഇടപെടുന്നതിനെ ന്യായീകരിക്കാനാണ് തുനിയുന്നതെങ്കിൽ ഇങ്ങനെയൊരു പദവിക്ക് അർഹതയില്ലെന്ന് പറയേണ്ടിവരും.

കുമ്പസാരമെന്ന കൂദാശയെക്കുറിച്ച് വിവിധ ക്രൈസ്തവ സഭകളിൽ വ്യത്യസ്തമായ ചില നിലപാടുകളുണ്ടെങ്കിലും രഹസ്യക്കുമ്പസാരത്തിലെ വിവരങ്ങൾ ജീവൻ ഹോമിക്കേണ്ടിവന്നാലും വെളിപ്പെടുത്താൻ പാടില്ലെന്നുള്ളതാണ് കത്തോലിക്കാ സഭയുടെ കർക്കശമായ നിയമം. ഈ നിയമം ലംഘിക്കുന്നവർക്കു കടുത്ത ശിക്ഷതന്നെയാണ് സഭ കല്പിക്കുന്നത്.

'കുമ്പസാരരഹസ്യം അലംഘനീയമാണ്. തന്മൂലം വാക്കാലോ അടയാളത്താലോ മറ്റേതെങ്കിലും വിധത്തിലോ, എന്തു കാര്യത്തിനായാലും അനുതാപിയെ വെളിപ്പെടുത്തുന്നതിൽനിന്നും കുമ്പസാരക്കാരൻ ശ്രദ്ധാപൂർവ്വം ഒഴിഞ്ഞുനിൽക്കേണ്ടതാണ്' (കാനോന 733/1).

'അനുതാപിക്ക് ദോഷകരമാകുമെങ്കിൽ - വെളിപ്പെടുത്തലിന്റെ അപകടം ഒഴിവാക്കപ്പെട്ടിരുന്നാൽപ്പോലും - കുമ്പസാരത്തിൽനിന്നു ലഭിച്ച അറിവ് ഉപയോഗപ്പെടുത്തുന്നതിൽനിന്ന് കുമ്പസാരക്കാരനെ പൂർണ്ണമായും തടഞ്ഞിരിക്കുന്നു' (കാനോന 734/1).

'പാപങ്ങളെക്കുറിച്ച് ഏതെങ്കിലും കാലത്ത് കുമ്പസാരത്തിൽ തനിക്കു ലഭിച്ച അറിവ് അധികാരത്തിലായിരിക്കുന്ന ഒരാൾ ബാഹ്യഭരണത്തിനായി ഒരുവിധത്തിലും ഉപയോഗിക്കാൻ പാടില്ല' (കാനോന 734/2).

ഇപ്രകാരം കർക്കശമായ നിയമങ്ങളാണ് കുമ്പസാരരഹസ്യം പാലിക്കുന്നതു സംബന്ധിച്ച് കത്തോലിക്കാ സഭയുടെ നിയമസംഹിതയിലുള്ളത്.

പാപം മോചിക്കുവാൻ ദൈവത്തിനു മാത്രമേ അധികാരമുള്ളു എന്നു സഭ ഉറച്ചുവിശ്വസിക്കുന്നു. എന്നാൽ ഈ അധികാരം സഭയിലൂടെ നിർവ്വഹിക്കാൻ ദൈവം സഭയെ തന്റെ ഉപകരണമാക്കിയിക്കുന്നു എന്നതിനു സുവിശേഷംതന്നെ സാക്ഷിയാണ്. ഈശോ പത്രോസിനോടു പറഞ്ഞു: 'സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും' (മത്താ 16:19). ഈശോ പത്രോസ് വഴി സഭയ്ക്കു നൽകിയ ഈ അധികാരം പൗരോഹിത്യ ശുശ്രൂഷയിലൂടെയാണു സഭയിൽ തുടരുന്നത്. അതിനാൽ അനുതാപിയുടെ കുമ്പസാരം കേൾക്കുകയും പാപം മോചിക്കുകയുംചെയ്യുന്ന വൈദികൻ ദൈവത്തിന്റെ അധികാരത്തിലാണ് അതുചെയ്യുന്നത്; തന്റെ സ്വന്തം അധികാരത്താലല്ല.


കത്തോലിക്കാ സഭയിലെ കൂദാശകളെല്ലാം ഇപ്രകാരം ദൈവത്തിന്റെ പ്രവൃത്തികളാണ്. അതിനു ദൈവം പുരോഹിതരെ തന്റെ ഉപകരണങ്ങളാക്കുകയാണ്. സഭയുടെ ആരാധനക്രമത്തിന്റെ കേന്ദ്രമായ വിശുദ്ധ കുദാശകളിൽ ഈശോ അദൃശ്യനായി അരൂപിയിൽ സന്നിഹിതനായിരിക്കുന്നു എന്നതാണു സഭയുടെ ശക്തിസ്രോതസ്. ക്രൈസ്തവ വിശ്വാസത്തിന്റെയും സഭയുടെയും അടിത്തറയാണിത്. ഈ അടിത്തറയെ ഇളക്കാൻ സഭയ്ക്കുള്ളിലോ സഭയ്ക്കു പുറത്തോ ആർക്കെങ്കിലും അധികാരമുണ്ടെന്ന് സഭ വിശ്വസിക്കുന്നില്ല.

മതവിശ്വാസത്തിന്റെ അടിത്തറയെ - ഏതു മതത്തിന്റേതായാലും- ആദരിക്കുന്ന, സംരക്ഷിക്കുന്ന വ്യവസ്ഥിതിയാണ് ഇന്ത്യയുടെ മതേതരത്വം. അതംഗീകരിക്കുന്നതാകണം എല്ലാ ഭരണസംവിധാനങ്ങളും. അപ്പോഴാണ് രാജ്യത്ത് പരസ്പര വിശ്വാസവും സമാധാനവും കൈവരുന്നത്.

കുമ്പസാരംപോലെയുള്ള മതത്തിന്റെ വിശ്വാസവിഷയങ്ങൾ പൊതുവേദിയിൽ വിവാദവിഷയമാക്കേണ്ടതല്ല. അവ കൈകാര്യം ചെയ്യാൻ അവയുടേതായ നിയമാനുസൃത സംവിധാനങ്ങളുണ്ട്. ചാനൽ ചർച്ചകളും പാനൽ ചർച്ചകളുമൊന്നുമല്ല ഇവിടെ വേണ്ടത്. എന്തും ഏതും എങ്ങനെയും എവിടെയും വിവാദവിഷമാക്കി ചിന്താക്കുഴപ്പവും അസ്വസ്ഥതകളും സൃഷ്ടിക്കുന്ന പ്രവണത പ്രോത്സാഹിപ്പിക്കപ്പെടരുത്. പക്വതയോടും വിവേകത്തോടുംകൂടി പ്രതികരിക്കാൻ ഏവർക്കും സാധിക്കണം. 'സീസറിന്റേത് സീസറിനും ദൈവത്തിന്റേത് ദൈവത്തിനും' ആയിരിക്കട്ടെ.

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ

N.B: *ഇതിലെ ആശയം വിശ്വാസികൾക്കു വിശദീകരിച്ചു കൊടുത്ത് ശരിയായ പ്രബോധനം നല്കുവാൻ ബഹു. വൈദികർ ശ്രദ്ധിക്കേണ്ടതാണ്.*




# I
## ജസ്റ്റീസ് സൺഡേ

ഈ വർഷം ആഗസ്റ്റ് 12-ാം തീയതി ജസ്റ്റീസ് സൺഡേ (നീതി ഞായർ) ആയി ആചരിക്കുകയാണ്. അന്നേ ദിവസത്തെ സ്തോത്രകാഴ്ച നമ്മുടെ അതിരൂപതയിലെ ദലിത് കത്തോലിക്കരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി നീക്കിവച്ചിരിക്കുന്നു. ഇത് ആഗസ്റ്റ് 31-നകം അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്.

# II
## ബഹു. വൈദികരുടെ വാർഷികധ്യാനം

**രണ്ടും മൂന്നും ബാച്ച് ധ്യാനങ്ങളുടെ തീയതികളും ധ്യാനഗുരുക്കന്മാരുടെ പേരുകളും.**

ബാച്ച് 2 - 2018 ആഗസ്റ്റ് 5 മുതൽ 10 വരെ
ധ്യാനഗുരു - മാർ പ്രിൻസ് പാണേങ്ങാടൻ

ബാച്ച് 3 - 2018 സെപ്റ്റംബർ 9 മുതൽ 14 വരെ
ധ്യാനഗുരു - റവ. ഫാ. അനിൽദേവ്

# III
## ദൈവാലയ ഗായകസംഘസംഗമം

നമ്മുടെ ഇടവകകളിലെ ഗായകസംഘങ്ങളെ ഫൊറോനതലത്തിൽ ഒരുമിച്ചുചേർക്കാനും അവർക്കുവേണ്ട പ്രബോധനം, പരിശീലനം എന്നിവ നൽകാനും അഭിവന്ദ്യ പിതാവ് ആഗ്രഹിക്കുന്നു. അതിരൂപത ലിറ്റർജിക്കൽ അപ്പസ്തോലേറ്റ്, ലിറ്റർജിക്കൽ മ്യൂസിക് ഡിപ്പാർട്ടുമെന്റുകൾ നേതൃത്വം കൊടുക്കുന്ന ഈ പരിപാടിയോട് പൂർണ്ണമായും സഹകരിക്കുന്നതിനു ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. വിശദവിവരങ്ങൾ താഴെചേർക്കുന്നു.

**സ്ഥലം:** ഫൊറോന കേന്ദ്രം

**സമയം:** രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ

**പങ്കെടുക്കേണ്ടത്:** ഒരു ഇടവകയിൽനിന്നും 10 പേർ (സൺഡേസ്കൂൾ കുട്ടികളുടെ ക്വയറിൽ നേതൃത്വം കൊടുക്കുന്ന ആൾ ഉൾപ്പെടെ).

**സെപ്റ്റംബർ മാസത്തെ സംഗമങ്ങൾ**

| | | |
|---|---|---|
| സെപ്റ്റംബർ 7 വെള്ളി | - | അതിരമ്പുഴ |
| സെപ്റ്റംബർ 11 ചൊവ്വ | - | ചങ്ങനാശ്ശേരി |
| സെപ്റ്റംബർ 14 വെള്ളി | - | തൃക്കൊടിത്താനം |
| സെപ്റ്റംബർ 18 ചൊവ്വ | - | കുറുമ്പനാടം |
| സെപ്റ്റംബർ 21 വെള്ളി | - | തുരുത്തി |
| സെപ്റ്റംബർ 25 ചൊവ്വ | - | കോട്ടയം |

**NB:**

1. നിശ്ചയിക്കപ്പെട്ടിരിക്കുന്ന സമ്മേളനത്തിൽ പങ്കെടുക്കാൻ സാധിക്കാത്തവരെ മറ്റേതെങ്കിലും ഒന്നിൽ പങ്കെടുപ്പിക്കാൻ ബ. വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
2. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 50 രൂപാ വീതം ഓരോ ഇടവകയുടെയും സാമ്പത്തിക കാര്യാലയത്തിൽനിന്നും ചിലവഴിക്കേണ്ടതാണ്.
3. ബാക്കി ഫൊറോനാകളിലെ സംഗമങ്ങൾ ഒക്ടോബർ, നവംബർ മാസങ്ങളിൽ ക്രമീകരിക്കുന്നതാണ്.

## Suspended from Priestly Ministry

By the order Prot. No. C.18/PD 295, Fr Thomas Peelianickal is suspended from active pastoral ministry and from public celebration of Sacraments and Sacramentals for his misconduct, as per the norms of CCEO cc. 1402 §3, 1453 §1; 1464 §§1, 2 with effect from 13/07/2018. Hence people concerned are advised not to entertain him for the public celebration of priestly ministry.

# പഞ്ചവത്സര അജപാലനപദ്ധതി

ഈശോയിൽ പ്രിയരേ,

**പഞ്ചവത്സര അജപാലന കർമ്മപരിപാടികളുടെ ഭാഗമായി കൊല്ലം - ആയൂർ ഫൊറോനയിൽ കൺവൻഷൻ നടത്തപ്പെട്ട ഇടവകകൾ.**

| | | |
|---|---|---|
| ജൂൺ 24 | - | നിത്യസഹായമാതാ ചെങ്കുളം |
| ജൂലൈ 01 | - | ലൂർദ്ദ് മാതാ മീൻകുളം |
| ജൂലൈ 08 | - | സെന്റ്. ജോസഫ്സ് ആനക്കുളം |
| ജൂലൈ 14 | - | നിത്യസഹായമാതാ കരവാളൂർ |

പഞ്ചവത്സര കർമ്മപരിപാടികളുടെ ഭാഗമായി ഇടവകകൾക്കുവേണ്ടി പ്രാർത്ഥിക്കുന്ന സന്യാസിനി സമൂഹങ്ങൾ (തുടർച്ച)

| | | |
|---|---|---|
| St. Antony's Kurumpanadom | - | MLF Generalate, Changanacherry |
| St. Mary's Eravuchira | - | Little Flower Convent, Kurichy |
| Assumption Kurumpanadom | - | Little Flower Convent, Pampady |
| Little Flower,Madappally | - | Little Flower Convent, Mundathanam |
| Lourde Matha Mammoodu | - | Lisieux Bhavan, Kollam |
| S. H. Rajamattom | - | Little Flower Convent, Vellayani |
| St. George Thottackadu | - | Little Flower Generalate, Changanacherry |
| Holy Family Mannila | - | Little Flower Convent, Kollam, Peroor |
| St. Mary's Mayam (Stations-St. Jude Pantha, St. Alphonsa Parathy) | - | CHF Convent, Kripa Theeram,Muttackade |
| St. Mary's Thekkupara | - | CHF Convent, Thirumala |
| Christu Raj, Rajagiri | - | Apostolic Carmel Convent Madappally |
| Sacred Heart Church Vavode | - | Snehagiri Missionary Sisters Alphonsa Balika Bhavan, Changanacherry |
| St. George Amboory- | - | Spirituality Centre, Manganam (Station - St. Antony's Kuttappu |
| St. Mary's Dalmukham | - | Apostolic Oblates Kooroppada |
| St. Joseph's Kuchappuram (Stations- St. Thomas Kundamam, Queen of Vergins Vimalagiri, St. Mary's Charupara, Kuttara) | - | Apostolic Oblates Study House, Manganam |

| | | |
|---|---|---|
| St. Basil's Manimala | - | Little Sisters of Christ, Manganam |
| St. Thomas Perumkavu | - | Little Sisters of Christ, Pallathuruthy |
| St. Antony's Alaprackade | - | Little Sisters of Christ, Kaithavana |
| Lourde Kottayam | - | FDSHJ Convent Kumarakom |
| Vadakkumkara,Samrakshaka Kumarakom Navanazarath and | | |
| St. Xavier's Assam | - | Tamilpur |
| Lourde Matha, Aruvikuzhy | - | FDSHJ Convent Charamangalam and Punnamada |
| St. Sebastians Ayarkunnam | - | FDSHJ Convent Thottuvathala and Perunna |
| Marth Mariam Cheppumpara | - | FDSHJ Convent Veliyanadu Kesaria and Kumarankary |
| Assumption Eravinalloor | - | FDSHJ Convent Marakbody in Chanda and Kapsi in Jagathalpur |
| L. F. Kollade | - | FDSHJ Convent Kakki -St. Thom as Bhavan Assam and Kottayam Tailoring Centre. |
| Mar Sleeva Kooroppada | - | FDSHJ Convent Pullangady and Kandankary |
| Daivamatha Pampady | - | FDSHJ Convent Bangalore, Pun nakkunnu Holy Trinity Home Thalassery. |
| S. H. Pangada | - | FDSHJ Convent Anjugramam Kan yakumari and Mother Theresa Home, Nennala in Andra. |
| St. Antony's Puthuppally | - | FDSHJ Convent Punnavely and Anickadu |
| S.H. Thazhathangady | - | FDSHJ Convent Parel and St. Micheal's Home Changanacherry |
| St. Thomas Vadavathoor | - | FDSHJ Convent Bellharsha in Bishop's House Maharashtra and Konanpetta Adilabad, Andra. |

സ്നേഹപൂർവ്വം,

**ഫാ. ജെന്നി കായംകുളത്തുശ്ശേരി**
സെക്രട്ടറി
പഞ്ചവത്സര അജപാലനപദ്ധതി

**ഫാ. വർഗീസ് താനമാവുങ്കൽ**
കോർഡിനേറ്റർ
പഞ്ചവത്സര അജപാലനപദ്ധതി

## അതിരൂപതാ നേതൃസംഗമം

പബ്ലിക്ക് റിലേഷൻസ് ജാഗ്രതാ സമിതിയുടെ ആഭിമുഖ്യത്തിൽ ജൂലൈ 26-ാം തീയതി അതിരൂപതാ കേന്ദ്രത്തിൽ സംഘടിപ്പിച്ച നേതൃസംഗമത്തിൽ അഭി. ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. ബഹു. വികാരി ജനറാളന്മാർ, വകുപ്പ് മേധാവികൾ, പബ്ലിക് റിലേഷൻസ്-ജാഗ്രതാ സമിതി അംഗങ്ങൾ, സംഘടനാ പ്രതിനിധികൾ, പാസ്റ്ററൽ കൗൺസിൽ-പ്രസ്ബിറ്ററൽ കൗൺസിൽ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. സഭയിലെ സമീപകാല പ്രതിസന്ധികളും മാധ്യമ വിചാരണയും, വിശുദ്ധ കുമ്പസാരത്തിനെതിരെ കേന്ദ്ര വനിതാകമ്മീഷൻ നല്കിയ ശുപാർശ, സ്വവർഗ്ഗരതി നിയമവിധേയമാക്കുന്നത് സംബന്ധിച്ച് സുപ്രീം കോടതിയിലുള്ള കേസ്, കുട്ടനാട്ടിന്റെ പുനർ നിർമ്മിതിക്കാവശ്യമായ പദ്ധതികൾ മുതലായ വിഷയങ്ങൾ ചർച്ച ചെയ്തു.

**പ്രതികരണങ്ങൾ/പ്രതിഷേധങ്ങൾ**

1. ഒറ്റപ്പെട്ട സംഭവങ്ങൾ പെരുപ്പിച്ചുകാട്ടി സഭയ്ക്കെതിരെ ദുരാരോപണങ്ങൾ ഉന്നയിക്കുന്നതിനും വസ്തുതാവിരുദ്ധമായ മാധ്യമവിചാരണ നടത്തുന്നതിനും എതിരെ പ്രതിഷേധിച്ചു.
2. മിഷനറീസ് ഓഫ് ചാരിറ്റിക്കു നേരെയുള്ള നീക്കങ്ങളിൽ പ്രതിഷേധിച്ചു. ഇന്ത്യൻ പ്രസിഡന്റും പ്രധാന മന്ത്രിയും ഈ വിഷയത്തിൽ ഇടപെടണമെന്ന് ആവശ്യപ്പെട്ടു.
3. കുമ്പസാരം നിരോധിക്കണമെന്ന് ആവശ്യപ്പെട്ട കേന്ദ്ര വനിതാകമ്മീഷനെതിരെ പ്രതികരിച്ചു; കേന്ദ്ര ഗവൺമെന്റ് അവർക്കെതിരെ നടപടിയെടുക്കണമെന്നും ആവശ്യപ്പെട്ടു.
4. കുട്ടനാടിനു വേണ്ടി ദീർഘകാല പദ്ധതികൾ ആവിഷ്കരിക്കണമെന്നും ജനങ്ങളുടെ പുനരധിവാസത്തിനുള്ള കാര്യങ്ങൾ അടിയന്തിരമായി ചെയ്യണമെന്നും സംസ്ഥാന ഗവൺമെന്റിനോട് ആവശ്യപ്പെട്ടു.

## ഈദാസ് ഏത്താ - സഭാവബോധ ക്വിസ്

**മത്സരസമയം, സ്ഥലം:**
2018 ആഗസ്റ്റ് 18 ഉച്ചകഴിഞ്ഞ് 2:30 മുതൽ
എസ്.ബി. ഹയർസെക്കണ്ടറി സ്കൂൾ ചങ്ങനാശേരി

**സിലബസ്സ്:**
2018 ലെ അതിരൂപതാദിനത്തോടനുബന്ധിച്ച് പബ്ലിക് റിലേഷൻസ് ജാഗ്രതാ സമിതി പുറത്തിറക്കിയ ന്യൂസ് & വ്യൂസിൽ പരാമർശിച്ചിരിക്കുന്ന വിഷയങ്ങൾ. അതിരൂപതാംഗങ്ങൾക്ക് പ്രായഭേദമെന്യേ ഇടവകാടിസ്ഥാനത്തിൽ പങ്കെടുക്കാവുന്നതാണ് (ഒരിടവകയിൽ നിന്നും 2 ടീം).
രജിസ്ട്രേഷൻ ആഗസ്റ്റ് 12 വരെ നീട്ടിയിരിക്കുന്നു

**രജിസ്ട്രേഷനും മറ്റു വിവരങ്ങൾക്കും:**
**ജനറൽ കൺവീനർ, ജോബി പ്രാക്കുഴി ഫോൺ:** 9446124087
**ഓഫീസ് സെക്രട്ടറി, ജോജോ വർഗീസ് ഫോൺ:** 8281562949

## പാസ്റ്ററൽ കൗൺസിൽ കുടുംബസംഗമം - റിപ്പോർട്ട്

ചങ്ങനാശ്ശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിൽ കുടുംബസംഗമം 2018 ജൂലൈ 7–ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ 1 മണിവരെ മാർ ജെയിംസ് കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തപ്പെട്ടു. അഭിവന്ദ്യ തോമസ് തറയിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സംഗമം മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. അതിരൂപതാ കൂട്ടായ്മയിൽ ഉൾച്ചേർന്നു പ്രവർത്തനനിരതരാകുവാൻ പിതാവ് കൗൺസിൽ അംഗങ്ങളേയും കുടുംബാംഗങ്ങളെയും ആഹ്വാനം ചെയ്തു. ഭൂമിയിൽ ദൈവരാജ്യം പടുത്തുയർത്താൻ സഭ വിളിക്കപ്പെട്ടിരിക്കുന്നു. അതിനാൽ സഭാത്മക ചൈതന്യത്തിൽ ഒന്നുചേർന്നു പ്രവർത്തിക്കുന്നവരായി എല്ലാ കുടുംബങ്ങളും മാറണമെന്ന് പിതാവ് കൂട്ടിച്ചേർത്തു.

സഭയെ തകർക്കുവാൻ പരിശ്രമിക്കുന്ന തിന്മയുടെ ശക്തിയ്ക്കെതിരെ ജാഗ്രതയോടെ പ്രവർത്തിക്കുന്നവരാകുവാൻ അദ്ധ്യക്ഷ പ്രസംഗത്തിൽ മാർ തോമസ് തറയിൽ പിതാവ് അംഗങ്ങളെ ഉദ്ബോധിപ്പിച്ചു. സഭയുടെ നന്മകൾ മറന്ന്, കുറവുകൾ പർവ്വതീകരിക്കുകയും, പൗരോഹിത്യത്തെയും, സമർപ്പിതജീവിതത്തെയും, കുമ്പസാരത്തെയും നിസ്സാരവത്ക്കരിക്കുകയും ചെയ്യുന്ന മാധ്യമ അജണ്ടയ്ക്കെതിരെ, സഭാമക്കളെ പ്രത്യേകിച്ച് കുട്ടികളേയും യുവജനങ്ങളെയും ബോധവത്ക്കരിക്കേണ്ടതിന്റെ ആവശ്യകത പിതാവ് എടുത്തു പറഞ്ഞു.

2018 ജൂലൈ 5 ന് സപ്തതിയുടെ നിറവിലെത്തിയ അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം പിതാവിന് ആശംസകളും പ്രാർത്ഥനയും നേർന്ന് സെക്രട്ടറി ഡോ. സോണി കണ്ടങ്കരി സംസാരിച്ചു. പാസ്റ്ററൽ കൗൺസിലിന്റെ സ്നേഹോപഹാരം പിതാവിന് സമർപ്പിക്കുകയും അഭിവന്ദ്യ പിതാവ് കേക്ക് മുറിച്ച് അംഗങ്ങളുടെ സന്തോഷത്തിൽ പങ്കു ചേരുകയും ചെയ്തു.

സന്ന്യസ്തർ, അല്മായ സഹോദരർ, കുടുംബാംഗങ്ങൾ എന്നിവർ അഭി. പെരുന്തോട്ടം പിതാവിനോടും തറയിൽ പിതാവിനോടും മോൺ. പാടിയത്ത് അച്ചനോടുമൊപ്പം ഗ്രൂപ്പ് ഫോട്ടോയെടുത്തു. കൗൺസിലംഗമായ പ്രൊഫ. സെബാസ്റ്റ്യൻ വർഗീസ്, കൗൺസിലംഗം ബിനു ജോസഫിന്റെ മകളായ കുമാരി ആൻമരിയ കൗൺസിലംഗം അമ്പിളി മാത്യുവിന്റെ മകൾ കുമാരി അഷ്മ എലിസബത്ത് മാത്യു എന്നിവരുടെ ഗാനങ്ങളും കൗൺസിലംഗം പരിമൾ ആന്റണിയുടെ മകൾ കുമാരി പ്രമദ അറക്കത്തറയുടെ കഥാപ്രസംഗവും സംഗമത്തെ കൂടുതൽ ആകർഷകമാക്കി. ഡോ. ജോസഫ് പാറ്റാനി നടത്തിയ ക്വിസ് മത്സരത്തിൽ വിജയികളായവർക്കും കുഞ്ഞുമക്കൾക്കും പെരുന്തോട്ടം പിതാവ് സമ്മാനങ്ങൾ നൽകി.

അഭിവന്ദ്യ പെരുന്തോട്ടം പിതാവിന്റെ സപ്തതിസ്മാരകമായുള്ള അതിരൂപതയുടെ ഭവനനിർമ്മാണപദ്ധതിയെക്കുറിച്ച് മാർ തോമസ് തറയിൽ പിതാവ് യോഗത്തെ അറിയിക്കുകയും പദ്ധതിയിൽ പങ്കാളികളാകുവാൻ ഏവരേയും ക്ഷണിക്കുകയും ചെയ്തു.

ശ്രീമതി ആനീസ് ജോർജിന്റെ പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ച കുടുംബ സംഗമത്തിന് ശ്രീ. ജോസ് മാത്യു ആനിത്തോട്ടത്തിൽ സ്വാഗതവും ശ്രീ. ഷാജി ഉപ്പൂട്ടിൽ നന്ദിയും രേഖപ്പെടുത്തി. അതിരൂപതാ ആന്തത്തോടെ പരിപാടികൾ സമംഗളം പര്യവസാനിച്ചു. തുടർന്ന് നടന്ന സ്നേഹവിരുന്നിൽ അഭി. പെരുന്തോട്ടം പിതാവ് കുടുംബാംഗങ്ങളൊടൊപ്പം പങ്കു ചേർന്നു.

വികാരി ജനറാൾ മോൺ. തോമസ് പാടിയത്ത് രചിച്ച 'സേവനനിരതയായ സഭ' എന്ന പുസ്തകത്തിന്റെ പ്രകാശനം ശ്രീ. സെർജി ആന്റണിക്ക് കോപ്പി നൽകി മാർ ജോസഫ് പെരുന്തോട്ടം നിർവ്വഹിച്ചു.

ശ്രീ. സെർജി ആന്റണി പുസ്തകത്തെ പരിചയപ്പെടുത്തി സംസാരിച്ചു.

സ്നേഹപൂർവ്വം,

**ശ്രീ. ജോസ് ആനിത്തോട്ടത്തിൽ**
(അസി. സെക്രട്ടറി)

**ഡോ. സോണി കണ്ടങ്കരി**
(പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി)



# ആദരാഞ്ജലികൾ



**സിസ്റ്റർ റാണി ജോസഫാ**
**നെല്ലിക്കുന്നത്ത്**

**ജനനം:** 28.07.1931
**നിത്യവ്രതം:** 05.08.1953
**മരണം:** 07.07.2018

മിശിഹായിൽ സ്നേഹമുള്ളവരെ,

ആരാധനക്രമ വത്സരത്തിലെ, കൈത്താക്കാലത്തിലൂടെ നാം കടന്നുപോകുമ്പോൾ, മാനുഷികവും, ദൈവികവുമായ ഫലങ്ങൾ പുറപ്പെടുവിച്ച് സഭയുടെ പ്രവർത്തനങ്ങളിൽ കഴിവിനൊത്തു പങ്കാളികളാകാൻ നമുക്ക് പരിശ്രമിക്കാം. വി. മത്തായിയുടെ സുവിശേഷം 5, 16-ൽ നാം ഇപ്രകാരം വായിക്കുന്നല്ലോ''മനുഷ്യർ നിങ്ങളുടെ സദ്പ്രവർത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന്, നിങ്ങളുടെ വെളിച്ചം അവരുടെ മുൻപിൽ പ്രകാശിക്കട്ടെ എന്ന്.'' പ്രളയക്കെടുതിമൂലം കഷ്ടതയനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങൾക്കായി നമുക്ക് പ്രാർത്ഥിക്കാം. കഴിയുംവിധം അവരെ സഹായിക്കാം. നമ്മുടെ രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യദിനത്തിന്റെയും, പരി. അമ്മയുടെ സ്വർഗ്ഗാരോപണതിരുനാളിന്റെയും മംഗളങ്ങൾ ഏറെ സ്നേഹത്തോടെ ആശംസിക്കുന്നു.

ഈ വർഷത്തെ CRT സന്ദർശനങ്ങൾ ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുകയാണ്. തക്കതായ കാരണങ്ങളില്ലാതെ സന്ദർശനങ്ങൾ മാറ്റിവയ്ക്കാതിരിക്കുവാൻ നമുക്ക് പരിശ്രമിക്കാം. ആഗസ്റ്റ് 4ന് നടക്കുന്ന അൽഫോൻസാ തീർത്ഥാടനത്തിൽ എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു. ഫൊറോനതല സെമിനാർ 'സെനക്കിൾ 2018' ആരംഭിച്ചു. എല്ലാ വിശ്വാസപരിശീലകരുടെയും സാന്നിധ്യം ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കുമല്ലോ.

ദൈവാനുഗ്രഹങ്ങൾ ആശംസിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

**ജോബിനച്ചൻ**
**അനീഷച്ചൻ**

**ആഗസ്റ്റ്**

| | | |
|---|---|---|
| 1 ബുധൻ | : | പതിനഞ്ചു നോമ്പാരംഭം<br>വി. അൽഫോൻസ് ലിഗോരി |
| 4 ശനി | : | വി. ജോൺ മരിയ വിയാനി (ഓഫീസ് അവധി)<br>അൽഫോൻസാ തീർത്ഥാടനം |
| 6 തിങ്കൾ | : | കർത്താവിന്റെ രൂപാന്തരീകരണം |
| 9 വ്യാഴം | : | Recollection day for Office Staff<br>(ഓഫീസ് അവധി) |
| 11 ശനി | : | CLT ക്ലാസ്സ് |
| | : | MCC ക്ലാസ്സ്<br>വിശ്വാസപരിശീലകരുടെ ഏകദിന ഫൊറോന സെമിനാർ<br>(കുടമാളൂർ 9.30 am to 4.00 pm) |
| 15 ബുധൻ<br>OH, PH | : | പ. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം<br>കടമുള്ള ദിവസം (ഓഫീസ് അവധി)<br>ഇന്ത്യൻ സ്വാതന്ത്ര്യദിനം |
| 18 ശനി | : | ബൈബിൾ കലോത്സവം - ടീം മാനേജർമാരുടെയും<br>വോളണ്ടിയറന്മാരുടെയും സംയുക്തസമ്മേളനം<br>സന്ദേശനിലയത്തിൽ |

| | | |
|---|---|---|
| | : | CLT ക്ലാസ്സ് |
| 19 ഞായർ | | പ്രതിഭാസംഗമം 12-ാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് നെടുംകുന്നം, മണിമല, തൃക്കൊടിത്താനം ഫൊറോനകൾക്ക് |
| 24 വെള്ളി, 25 ശനി | | ഓണം (ഓഫീസ് അവധി) |
| 27 തിങ്കൾ | | വിശ്വാസപരിശീലകരുടെ ഏകദിന ഫൊറോന സെമിനാർ<br>(മണിമല 9.30 am to 4.00 pm)<br>CLT ക്ലാസ്സ് |

**സെപ്റ്റംബർ**

| | | |
|---|---|---|
| 1 ശനി | : | CLT ക്ലാസ്സ്, എട്ടുനോമ്പാരംഭം |
| 2 ഞായർ | : | പ്രതിഭാസംഗമം 12-ാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് കോട്ടയം, കുടമാളൂർ, അതിരമ്പുഴ ഫൊറോനകൾക്ക് |
| 8 ശനി SS | : | പ. കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ,<br>CLT ക്ലാസ്സ്<br>MCC ക്ലാസ്സ് |

**പ്രത്യേക ശ്രദ്ധയ്ക്ക്**

## ടീം മാനേജറന്മാരുടെയും വോളണ്ടിയർമാരുടെയും സംയുക്ത സമ്മേളനം

ഫൊറോനതല ബൈബിൾ കലോത്സവങ്ങളുടെ ഭംഗിയായ നടത്തിപ്പിന് ഫൊറോന സെക്രട്ടറിമാർ, ഇടവക ഫൊറോനതല കലോത്സവ കമ്മിറ്റി കൺവീനേഴ്സ്, ഫൊറോന സ്റ്റേജ് മാനേജേഴ്സ്, സോഫ്റ്റ് വെയർ ഓപ്പറേറ്റർ എന്നിവരുടെ പരിശീലനം ആഗസ്റ്റ് 18-ാം തീയതി രാവിലെ 9.45 മുതൽ ഉച്ചയ്ക്ക് 1.00 വരെ സന്ദേശനിലയത്തിൽ വച്ച് നടത്തപ്പെടുന്നു. ബൈബിൾ കലോത്സവത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് അതിന്റെ യഥാർത്ഥ ഫലങ്ങൾ ലഭിക്കണമെങ്കിൽ കലോത്സവങ്ങൾ കുറ്റമറ്റ രീതിയിൽ ക്രമീകരിക്കപ്പെടണം. ഈ പരിശീലന പരിപാടിയിൽ എല്ലാ ഫൊറോനയിൽ നിന്നും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നവർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

### XII-ാം വിദ്യാർത്ഥികൾക്കായുള്ള പ്രതിഭാസംഗമം SMCC

**ആഗസ്റ്റ്**

| | | |
|---|---|---|
| 19 ഞായർ | : | നെടുംകുന്നം, മണിമല, തൃക്കൊടിത്താനം ഫൊറോനകൾക്ക് |

**സെപ്റ്റംബർ**

| | | |
|---|---|---|
| 2 ഞായർ | : | കോട്ടയം, കുടമാളൂർ, അതിരമ്പുഴ ഫൊറോനകൾക്ക് |
| 16 ഞായർ | : | ആലപ്പുഴ, ചമ്പക്കുളം ഫൊറോനകൾക്ക് |

**ഒക്ടോബർ**

| | | |
|---|---|---|
| 13 ശനി : | | തിരുവനന്തപുരം ഫൊറോന |
| 14 ഞായർ | : | ചങ്ങനാശേരി, തുരുത്തി, കുറുമ്പനാടം ഫൊറോനകൾക്ക് |
| 27 ശനി : | | അമ്പൂരി ഫൊറോന |
| 28 ഞായർ | : | എടത്വാ, പുളിംകുന്ന് ഫൊറോനകൾക്ക് |

**നവംബർ**

| | | |
|---|---|---|
| 3 ശനി | : | കൊല്ലം - ആയൂർ ഫൊറോനകൾക്ക് |

## ആഗസ്റ്റ് മാസത്തിൽ CRT സന്ദർശനം നടത്തുന്ന സൺഡേസ്കൂളുകൾ

1. Brindizi Kavalam
2 St. Josephs Ramankary
3. Holy Family Kariyil
4. Ischolamatha Punnakunnam
5. St. Francis Assisi Poonthoppu
6. St. Marys Punnamada
7. St. Marys Mannancherry
8. St. Joseph Arattuvazhy
9. St. Alphonsa Chathanadu
10. St. Antonys Paduvapuram
11. St. Joseph Changankary
12. Fathima matha Pandy
13. St Xaviers Puthukkary
14. St.Joseph Chennankary
15. St.Johns Thekkekara
16. St.Joseph Padaharam
17. St. Sebastians Thekkekara (Onnamkara)
18. St. Thomas Punnathura
19. Mar Aprem Arumanoor
20. Holy Family Parambuzha
21. St. Thomas Kumaranalloor
22. St. Francis De Sales Kiliroor
23. Holy Family Kaippuzha
24. Holy Family Kumarakom
25. St. Joseph Aruvikuzhy
26. St.Marys Pulincunnoo
27. St.Pious 10th Moncompu
28. St.Xaviers Mithrakkary
29. St.Marys Kainakary
30. Mar Sleeva Pazhavangady
31. St.Gregorios Punnapra
32. L F Aryad
33. L M Charamangalam
34. St.George Edathua
35. St.Joseph Koilmukku
36. St.Nicholas Karumady
37. St.Marys Champakulam
38. S H Thottuvathala
39. St.Jeromes Nazreth Thekkekara
40. L M Chennamkary
41. St Mary's Athirampuzha
42. Christu Raj Ettumanoor
43. St Thomas Nalpathimala
44. St Marys Kudamaloor
45. Cherupushpam Arpookkara
46. Holy Cross Kooroppada
47. Assumption Eravinelloor
48. St. Marys Kadayanikadu
49. St. Marys Vallanchira
50. S H Rajamattam
51. St. Marys Kainady
52. St. Sebastians Kodinattumkunnu
53. St. Joseph's Kunnanthanam
54. Holy Mary Vazhapally
55. St. Jude Yudapuram
56. Don Bosco Chethipuzha
57. St. Marys Kumamkary
58. St. Antonys Paral
59. St. Joseph Kavalam
60. St. Marys vaipur Old
61. St. Sebastians Panayampala
62. L M Puthuserry
63. St. Xaviers Veliyanadu
64. St. Marys Ambalapuzha
65. HF East Mithrakary
66. St. Alphonsa Mahendrapuram
67. Sanjose Kannady
68. St. Thomas Clamattom6
69. St. Alphonsa Mahendrapuram

## 2017 - 18 വർഷത്തിലെ അതിരൂപതാ സ്കോളർഷിപ്പ് പരീക്ഷയിൽ വിജയികളായവർ

### Class VI

| | |
|---|---|
| Grace Maria Tijo | Marth Mariyam Cheppumpara |
| Mariya Antony | Holy Magi Manimala |

### Class VII

| | |
|---|---|
| Joel Tomy | Lourde Matha Paippad |
| Rose Joseph | Pius Xth Moncombu |
| Ashly Roy | SH Gagultha |
| Jasmine Joseph | Don Bosco Chethipuzha |
| Roshni P. Varghese | Lourde Matha Pacha |

| | |
|---|---|
| Diya Maria Soji | Holy Magi Manimala |
| Angel Grace Mary Tom | Nazreth Kesavadasapuram TVM |

**Class VIII**

| | |
|---|---|
| Thresiamma Joseph | St. Joseph's Kayalpuram |
| Diya Maria Salij | St. Sebastian's Ayarkunnam |
| Arpitha Mariam Ouseph | St. Pious Xth Moncombu |
| Ashmy Ann Varghese | St. Lawrence Bindizi Kavalam |

**Class IX**

| | |
|---|---|
| Maria Rani Roy | St. Sebastian's Ayarkunnam |
| Silda Sholly | St. Sebastian's Ayarkunnam |
| Anju Baby | St. Paul's Vezhapra |
| Milin Mary Mathew | Lourde Kottayam |
| Sandra Maria Antony | SH Champakulam |

**Class X**

| | |
|---|---|
| Salviya Maria Joseph | Holy Family Podippara |
| Aleena Joseph | Marth Mariyam Thuruthy |
| Tissa Mary Cyriac | |
| Rosy Varghese | Fathima Matha Pallikkoottumma |
| Liya Anna Thomas | St. Thomas Nalukody |
| Ans Annamma Thomas | St. Mary's Kainady |

**Class XI**

| | |
|---|---|
| Godwin Thomas | St. Sebastian's Narbonapuram |
| Jithu K. Thomas | St. Mary's Athirampuzha |
| Vandana M. S. | St. Mary's Athirampuzha |
| Feba Treesa Jose | Lourde Matha Pacha |
| Thresiamma Kuriakose | St. Joseph's Chennamkary |
| Tocy Anna Roy | SH Rajamattom |
| Merin Elsa Chacko | Fathima Matha Fathimapuram |
| Mary Joseph | St. Joseph's Chennamkary |

## ആദരാഞ്ജലികൾ

ആലപ്പുഴ പുത്തനങ്ങാടി സെന്റ് ജോർജ്ജ് സൺഡേസ്കൂൾ അധ്യാപിക ശ്രീമതി. മോളമ്മ ജോസഫിന്റെയും പൊടിപ്പാറ ഹോളി ഫാമിലി സൺഡേസ്കൂൾ അധ്യാപിക ശ്രീമതി ലിസി ജോസിന്റെ മാതാവിന്റെയും നെടുംകുന്നം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. ജോസി നക്കരയുടെ മാതാവിന്റെയും കായൽപ്പുറം സെന്റ് ജോസഫ്സ് സൺഡേസ്കൂൾ അധ്യാപിക സി. ക്ലെയർ മേരി എഫ്.സി.സി., വാഴപ്പള്ളി ഹോളി മേരി സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. ജോണി ജോസഫ് പാലമുറി എന്നിവരുടെ മാതാവിന്റെയും ചങ്ങനാശേരി മെത്രാപ്പോലീത്തൻ സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. സ്റ്റാനി റ്റി. എം. തൈപ്പറമ്പിലിന്റെ മാതാവിന്റെയും മാമ്മൂട് ലൂർദ്ദ് മാതാ സൺഡേസ്കൂൾ വിദ്യാർത്ഥിനി കുമാരി അൻസുമോൾ റ്റിംസൺ വരാക്കുന്നേൽ എന്നിവരുടെ നിര്യാണത്തിൽ സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈശോയിൽ സ്നേഹമുള്ളവരേ,

കാലവർഷക്കെടുതിമൂലം ദുരിതമനുഭവിക്കുന്ന, വളരെ നാശനഷ്ടങ്ങൾക്കിരയായിത്തീർന്നിരിക്കുന്ന സഹോദരങ്ങളുടെ വേദനകളിൽ പങ്കുചേരുന്നതോടൊപ്പം നിങ്ങൾക്കായി സർവ്വശക്തനായ ദൈവത്തോട് പ്രാർത്ഥിക്കുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാളിനൊരുക്കമായി പതിനഞ്ചുനോമ്പ് ആരംഭിച്ചിരിക്കുന്ന ഈ വേളയിൽ അമ്മയുടെ മാധ്യസ്ഥം നമുക്ക് തേടാം. വിശുദ്ധ അൽഫോൻസാമ്മയെപ്പോലെ സഹനത്തെ സ്നേഹമാക്കി മാറ്റാനുള്ള ശക്തിയും കൃപാവരവും നല്കണമെയെന്ന് നമുക്ക് പ്രാർത്ഥിക്കാം. അൽഫോൻസാ തീർത്ഥാടനം ഏറ്റവും ഭക്തിനിർഭരമായ രീതിയിൽ നടത്തുവാൻ സഹായിച്ച ഏവരേയും നന്ദിയോടെ സ്മരിക്കുന്നു. ആഗസ്റ്റ് 11-ാം തീയതി മിഷൻലീഗിന്റെ സ്ഥാപക നേതാവായ കുഞ്ഞേട്ടന്റെ 9-ാം ചരമവാർഷികമാണ്. ഉചിതമായ പരിപാടികളോടെ ശാഖകളിൽ കുഞ്ഞേട്ടൻ അനുസ്മരണം നടത്തുകയും അദ്ദേഹത്തിന്റെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യേണ്ടതാണ്.

നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാളിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ ഏവർക്കും സ്നേഹപൂർവം നേരുന്നു. നമ്മുടെ മാതൃരാജ്യത്തെ അമ്മയുടെ കരങ്ങളിൽ സമർപ്പിച്ചുകൊണ്ട് പരിശുദ്ധ അമ്മയുടെ മാധ്യസ്ഥം വഴിയായി ധാരാളം അനുഗ്രഹങ്ങൾ നമ്മുടെ കുടുംബങ്ങളിലും സമൂഹങ്ങളിലും വർഷിക്കപ്പെടട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം

**ജോബിനച്ചൻ**
**അനീഷച്ചൻ**

## ആഗസ്റ്റ് മാസത്തെ പരിപാടികൾ

| | | |
|---|---|---|
| 3 വെള്ളി | : | ബഹു. മാലിപ്പറമ്പിലച്ചന്റെ കബറിടത്തിൽ നിന്നും പതാക പ്രയാണം അൽഫോൻസാ ജന്മഗൃഹത്തിലേയ്ക്ക് (വൈകുന്നേരം 5.00 ന്) |
| 4 ശനി | : | വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ, ഇടവക വൈദിക ദിനം, ഇടവക വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുക, അവർക്ക് ആശംസകൾ നേരുക. |
| | : | **30-ാ മത് അൽഫോൻസാ തീർത്ഥാടനം** |
| 6 തിങ്കൾ | : | കർത്താവിന്റെ രൂപാന്തരീകരണം |
| 11 ശനി | : | കുഞ്ഞേട്ടൻ ചരമദിനം (9-ാം ചരമ വാർഷികം) |
| 12 ഞായർ | : | കുഞ്ഞേട്ടൻ അനുസ്മരണം ശാഖകളിൽ |
| 15 ബുധൻ | : | പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം. (കടമുള്ള ദിവസം - ഓഫീസ് അവധി.) ഇന്ത്യൻ സ്വാതന്ത്ര്യദിനം. |

| | | |
|---|---|---|
| 29 ബുധൻ | : | വി. എവുപ്രാസ്യാമ്മയുടെ തിരുനാൾ. |

**സെപ്റ്റംബർ**

| | | |
|---|---|---|
| 1 ശനി | : | എട്ടുനോമ്പാരംഭം. |
| 5 ബുധൻ | : | അദ്ധ്യാപകദിനം, കൽക്കത്തയിലെ വി. തെരേസ |
| 8 ശനി | : | പ. കന്യകാമറിയത്തിന്റെ പിറവി തിരുനാൾ |
| 9 ഞായർ | : | സ്ഥാപക ഡയറക്ടർ റവ. ഫാ. ജോസഫ് മാലിപ്പറമ്പിൽ ചരമദിനം. *(ബഹു. മാലിപ്പറമ്പിലച്ചൻ അനുസ്മരണം ശാഖകളിൽ ആർപ്പൂക്കര ചെറുപുഷ്പം ദൈവാലയത്തിൽ പ്രത്യേക സമ്മേളനം)* |

## പ്രത്യേക ശ്രദ്ധയ്ക്ക്

അൽഫോൻസാ കാരുണ്യനിധി കൂപ്പൺ ആഗസ്റ്റ് 10 നുശേഷം അതിരൂപതാ മിഷൻലീഗ് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

## ബഹു. മാലിപ്പറമ്പിലച്ചൻ അനുസ്മരണം

മിഷൻലീഗ് സ്ഥാപക ഡയറക്ടറായ ബഹു. ജോസഫ് മാലിപ്പറമ്പിലച്ചന്റെ ചരമവാർഷികം ആർപ്പൂക്കര ചെറുപുഷ്പം പള്ളിയിൽ വച്ച് സെപ്റ്റംബർ 9 ശനിയാഴ്ച ആചരിക്കുന്നു. വി.കുർബാനയിലും അനുസ്മരണ സമ്മേളനത്തിലും എല്ലാ അതിരൂപതാ ഭാരവാഹികളും കുടമാളൂർ, അതിരമ്പുഴ, കോട്ടയം മേഖലളിൽ നിന്നുള്ള പ്രതിനിധികളും പങ്കെടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക

## അൽഫോൻസാ കാരുണ്യനിധി

അൽഫോൻസാ തീർത്ഥാടനത്തിന്റെ രജതജൂബിലി സ്മാരകമായി മിഷൻലീഗ് അതിരൂപതാ തലത്തിൽ 'അൽഫോൻസാ കാരുണ്യനിധി' എന്ന സഹായനിധി 2013 ജൂൺ 8ന് രൂപീകരിച്ചു. അതിരൂപതയിലെ കുട്ടികളുടെ ഇടയിൽ, ഉയർന്ന ചികിൽസാചെലവുകൾ ആവശ്യമായി വരുന്ന തരത്തിലുള്ള രോഗങ്ങളാൽ വലയുന്ന നിർദ്ധനരായ കുട്ടികളെ സഹായിക്കുക എന്നതാണ് ഈ സഹായനിധിയുടെ ലക്ഷ്യം. ഉപവിയുടെ പ്രതീകമായ വി. ഫ്രാൻസിസ് അസീസിയുടെ പാത പിൻചെന്ന് ത്യാഗത്തിന്റെയും സഹനത്തിന്റെയും മാതൃകയായ വി. അൽഫോൻസാമ്മയുടെ നാമത്തിൽ കുട്ടികൾ, കുട്ടികൾക്കുവേണ്ടി ഒരുക്കുന്ന കാരുണ്യ സംരംഭമാണ് 'അൽഫോൻസാകാരുണ്യനിധി.' അൽഫോൻസാ കാരുണ്യനിധി സമാഹരണാർത്ഥമുള്ള കൂപ്പൺ മേഖലാ ജോയിന്റ് ഡയറക്ടേഴ്സ് ആഗസ്റ്റ് 10നു ശേഷം അതിരൂപതാ ഓഫീസിൽ നിന്നും കൈപ്പറ്റി ശാഖകളെ ഏൽപിക്കുക.

## ആദരാഞ്ജലി

ചെറുപുഷ്പ മിഷൻലീഗ് ചങ്ങനാശേരി മേഖലയുടെ റീജണൽ ഓർഗനൈസറായ ശ്രീ. സ്റ്റാനി റ്റി.എം. തൈപ്പറമ്പിലിന്റെ മാതാവിന്റെ നിര്യാണത്തിൽ അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ അനുശോചനം അറിയിക്കുകയും പരേതയുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈശോയിൽ പ്രിയരേ,

സഭയുടെ വളർച്ചയുടെ കാലമായ കൈത്താക്കാലത്തിലാണല്ലോ നാം. നമ്മുടെ കുടുംബക്കൂട്ടായ്മകൾ ആദിമസഭയുടെ ചൈതന്യത്തിൽ വളർന്ന് ഫലം ചൂടുന്നതിന് നമ്മുടെ നിതാന്ത പരിശ്രമം ആവശ്യമാണ്. പ്രാർത്ഥന, പ്രബോധനം, പങ്കുവയ്ക്കൽ, എന്നിവ ക്രിസ്തീയ ചൈതന്യത്തോടെ നമുക്കു നിർവ്വഹിക്കാം. വെള്ളപ്പൊക്കംമൂലം ദുരിതമനുഭവിക്കുന്നവർക്കായി പ്രാർത്ഥിച്ചു കൊണ്ടും പങ്കുവച്ചുകൊണ്ടും അവരുടെ കഷ്ടതകളിൽ നമുക്കും പങ്കുചേരാം. സത്യദർശനത്തിലൂടെ പ്രസിദ്ധീകരിക്കുന്ന പഞ്ചവത്സര അജപാലനപദ്ധതി പഠനവിഷയം ജീവിതം സഭയോടൊത്ത് കുടുംബക്കൂട്ടായ്മകളിൽ പ്രബോധനത്തിനായി സ്വീകരിക്കണമെ. സഭാവബോധം നിറഞ്ഞവരായി സ്നേഹക്കൂട്ടായ്മകളായി നമ്മുടെ കുടുംബക്കൂട്ടായ്മകൾ മാറട്ടെ.

## വാർത്തകൾ - പ്രവർത്തനങ്ങൾ

### ബസാലേൽ കൺവൻഷൻ നടത്തപ്പെട്ടു

പഞ്ചവത്സര അജപാലനപദ്ധതിയുടെ ഭാഗമായി കുടുംബക്കൂട്ടായ്മാ വിഭാഗം സംഘടിപ്പിച്ചിരിക്കുന്ന കുടുംബക്കൂട്ടായ്മാ ലീഡേഴ്സിനായുള്ള കൺവൻഷൻ (ബസാലേൽ ) ഇതിനോടകം പല ഇടവകകളിലും നടത്തപ്പെടുകയുണ്ടായി. ജൂലൈ മാസം പ്രസ്തുത പരിപാടി നടത്തിയ ഇടവകകൾ

ജൂലൈ 8 - സെന്റ് തോമസ് ചർച്ച്, നാല്പാത്തിമല
ജൂലൈ 15 - സെന്റ് ജോസഫ്സ് ചർച്ച്, ളായിക്കാട്
ജൂലൈ 22 - സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, അയർകുന്നം.
ജൂലൈ 29 - ഹോളി ഫാമിലി ചർച്ച്, പൊടിപ്പാറ

പ്രസ്തുത ഇടവകകളിൽ പരിപാടി സംഘടിപ്പിക്കുവാൻ താല്പ്പര്യമെടുത്ത ബഹുമാനപ്പെട്ട സോണി മുണ്ടുനടയ്ക്കലച്ചനേയും, മാർട്ടിൻ മുടന്താഞ്ഞലിയച്ചനേയും, വർഗ്ഗീസ് കൈതപ്പറമ്പിലച്ചനേയും, ജോസഫ് മുളവനയച്ചനേയും, കുട്ടായ്മാ ലീഡേഴ്സിനേയും, ആനിമേറ്റേഴ്സിനേയും നന്ദിയോടെ ഓർക്കുന്നു.

### ഹോം മിഷൻ

ഇടവകയിൽ ആദ്ധ്യാത്മിക ഉണർവ്വു പകരുന്ന ഹോം മിഷൻ പ്രോഗ്രാം ജൂലൈ 16, 17, 18 തീയതികളിൽ സെന്റ്. ആന്റണീസ് ചീപ്പുങ്കൽ ഇടവകയിൽ നടത്തുകയുണ്ടായി. ആരാധനാസഭയിലെ ബഹു. സിസ്റ്റേഴ്സ് നേതൃത്വം നൽകി. ബഹുമാനപ്പെട്ട വികാരിയച്ചൻ റവ.ഫാ. റെനി കളത്തിൽ സി.എം.ഐ. നേതൃത്വം വഹിച്ചു. കുടുംബക്കൂട്ടായ്മ അതിരൂപതാ ഡയറക്ടർ റവ. ഫാ. ജെന്നി കായംകുളത്തുശ്ശേരി ഇടവകയിലെത്തി പ്രബോധനം നൽകുകയും ഇടവക ജനത്തെ ഒരുക്കുകയും ചെയ്തു.

### ചെത്തിപ്പുഴ എസ്.എച്ച്. ഇടവകയിൽ ലീഡേഴ്സ് മീറ്റ്

ജൂലൈ 15-ാം തീയതി ഉച്ചകഴിഞ്ഞ് ചെത്തിപ്പുഴ എസ്.എച്ച്. ഇടവകയിൽ കൂടുംബക്കൂട്ടായ്മാ ലീഡേഴ്സ്മീറ്റ് സംഘടിപ്പിക്കുകയുണ്ടായി.

അതിരൂപതാ ഡയറക്ടർ റവ. ഫാ. ജെന്നി കായംകുളത്തുശ്ശേരി പ്രഭാഷണം നൽകി. റവ. ഫാ. സെബാസ്റ്റ്യൻ അട്ടിച്ചിറ, റവ. ഫാ. ജസ്റ്റിൻ ആലുക്കൽ, റവ. ഫാ. ജസ്റ്റിൻ വാളമ്പറമ്പിൽ, ശ്രീ. ജോണിക്കുട്ടി സ്കറിയ കോവുകുന്നേൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

### അറിയിപ്പുകൾ

ബസാലേൽ കൺവൻഷൻ നടത്തുവാൻ ആവശ്യപ്പെട്ടിരിക്കുന്ന ഇടവകകൾ

ആഗസ്റ്റ് 5 - സെന്റ് മൈക്കിൾസ്, തത്തംപള്ളി, ആലപ്പുഴ

ആഗസ്റ്റ് 12 - സെന്റ് ജോർജ്ജ് ഐക്കരച്ചിറ

ആഗസ്റ്റ് 19 - സെന്റ് സേവ്യേഴ്സ്, കട്ടച്ചിറ

ആഗസ്റ്റ് 26 - സെന്റ്. ജോസഫ്സ്, കാവാലം

സെപ്. 2 - സെന്റ്. മേരീസ്, അതിരമ്പുഴ

### ലോഗോസ് ക്വിസ്

ലോഗോസ് ക്വിസ് രജിസ്ട്രേഷൻ നടന്നുകൊണ്ടിരിക്കുന്നു. ഇനിയും പല ഇടവകകളും രജിസ്റ്റർ ചെയ്യേണ്ടതായുണ്ട്. നമ്മുടെ അഭ്യർത്ഥനയെ മാനിച്ച് **ആഗസ്റ്റ് 10**-ാം തീയതിവരെ രജിസ്ട്രേഷനുള്ള കാലാവധി നീട്ടിത്തന്നിട്ടുണ്ട്. ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

### ലോഗോസ് ക്വിസ് പഠനസഹായി

ലോഗോസ് ക്വിസ് പഠനസഹായി ബൈബിൾ അപ്പോസ്തലേറ്റ് ഓഫിസിൽ ലഭ്യമാണ്. ഈ മാസത്തെ സത്യദർശനം ഇടവകകളിൽ എത്തിക്കുമ്പോൾ പഠനസഹായിയും അതോടൊപ്പം കൊടുത്തുവിടുന്നതാണ്.

ഒരിടവകയിൽ 10 എണ്ണമെങ്കിലും വാങ്ങണമെന്നഭ്യർത്ഥിക്കുന്നു. വില. 70 രൂപ. 10 ൽ കൂടുതലെടുത്താൽ 56 രൂപ നിരക്കിൽ ലഭിക്കുന്നതാണ്.

ലോഗോസ് ക്വിസ് ഓൺലൈൻ സംശയനിവാരണത്തിനായി ബന്ധപ്പെടേണ്ട നമ്പരുകൾ

റവ. ഫാ. ജെന്നി കായംകുളത്തുശ്ശേരി (ഡയറക്ടർ) 9447776920,

ശ്രീ. റ്റോമി ആന്റെണി (സെക്രട്ടറി) - 8848492369

ശ്രീ. ജോസഫ് പി.ഒ.സി - 9961566044,

### പ്രത്യേക ശ്രദ്ധയ്ക്ക്

ഈ വർഷത്തെ ലോഗോസ് ക്വിസിൽ സൺഡേസ്കൂൾ കുട്ടികൾക്കു പുറമെ ഓരോ ഇടവകയിലേയും മുതിർന്നവരുടെ പങ്കാളിത്തം കൂടുതൽ ഉണ്ടാകാൻ ശ്രദ്ധിക്കുമല്ലോ.

### ഹോം മിഷൻ പ്രാർത്ഥനാ ദിനം

ഹോം മിഷൻ രംഗത്തു പ്രവർത്തിക്കുന്ന ബഹു. സിസ്റ്റേഴ്സ് ആഗസ്റ്റ് 11-ാം തീയതി രണ്ടാം ശനിയാഴ്ച രാവിലെ 9.30 മുതൽ 3.30 വരെ വെരൂർ സെന്റ് ജോസഫ്സ് പള്ളിയിൽ പ്രാർത്ഥനയ്ക്കായി ഒത്തുചേരുന്നു. വെരി. റവ. ഡോ. തോമസ് പാടിയത്ത്, റവ. ഡോ. ജോബി മൂലയിൽ, ഡയറക്ടർ റവ. ഫാ. ജെന്നി കായംകുളത്തുശേരി എന്നിവർ നേതൃത്വം നൽകുന്നു. കൃത്യസമയത്തുതന്നെ എത്തിച്ചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഡിഡാക്കേ 2018**

കുടുംബക്കൂട്ടായ്മ, ബൈബിൾ അപ്പോസ്തലേറ്റ് വിഭാഗങ്ങളുടെ ആഭി മുഖ്യത്തിൽ രണ്ടാം ശനിയാഴ്ചകളിൽ കൂട്ടായ്മാ ലീഡേഴ്സിനായി നടത്തി വന്നിരുന്ന ഡിഡാക്കേ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് സെപ്റ്റംബർ 8-ാം തീയതി ആരംഭിക്കുന്നു. വിശ്വാസസംബന്ധമായ വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യപ്പെടുന്ന വളരെയേറെ വിജ്ഞാനപ്രദമായ ഈ പഠന പരിപാടിയിലേയ്ക്ക് ഓരോ ഇടവകയിൽ നിന്നും 2 പേരെ വീതം അയയ്ക്കണമെന്ന് ബഹു. വികാരിയച്ചന്മാരോട് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. പങ്കെടുക്കുന്നവരുടെ പേരു വിവരങ്ങൾ സെപ്. 5 നു മുൻപായി താഴെപ്പറയുന്ന നമ്പരിൽ അറിയിക്കണമെ. നമ്പർ - 9447776920 , 8848492369

**സംഗീത മത്സരം**

നമ്മുടെ കൂടുംബക്കൂട്ടായ്മകളിൽ പാടാനായി തയ്യാറാക്കിയിരിക്കുന്ന പ്രാർത്ഥനാഗാനം, കുട്ടായ്മാ ആന്തം എന്നിവ ഇടവകയിലെ എല്ലാ കുടുംബക്കൂട്ടായ്മാ അംഗങ്ങളും പഠിക്കുക എന്ന ലക്ഷ്യത്തോടെ ഇടവക, ഫൊറോന, അതിരൂപതാ തലങ്ങളിൽ മത്സരം സംഘടിപ്പിക്കുന്നു. വിശദവിവരങ്ങൾ പിന്നീടറിയിക്കുന്നതാണ്. എല്ലാവരും സഹകരിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

**കെ.സി.ബി.സി. ബൈബിൾ കമ്മിഷൻ സംഘടിപ്പിക്കുന്ന ബൈബിൾ സാഹിത്യമത്സരങ്ങൾ- 2018**

കവിത, കഥ, ലേഖനം, ഏകാങ്കനാടകം എന്നി ഇനങ്ങളിലാണ് മത്സരം. പ്രതിപാദന വിഷയം ബൈബിൾ. മത്സരങ്ങൾക്ക് പ്രായപരിധി ഉണ്ടായിരിക്കുന്നതല്ല. അല്മായർ, സെമിനാരി വിദ്യാർത്ഥികൾ, സന്യാസിനികൾ എന്നി ഗ്രൂപ്പുകൾക്ക് വെവ്വേറെയായിരിക്കും ലേഖനമത്സരം.

അല്മായർ - വിഷയം. യുവജനവർഷവും വചനപ്രേഷിതത്വവും.

സെമിനാരി വിദ്യാർത്ഥികൾ - വിഷയം. മാറുന്ന ഭാരതവും സഭയുടെ പ്രേഷിതദൗത്യവും.

സന്യാസിനികൾ - വിഷയം. സമർപ്പിതജീവിതവും വചനാധിഷ്ഠിത ആത്മീയതയും.

കൃതികൾ ലഭിക്കേണ്ട അവസാന തീയതി - 2018 ഒക്ടോബർ 10

**കെ.സി.ബി.സി ബൈബിൾ കമ്മിഷൻ സംഘടിപ്പിക്കുന്ന ലൂമൻ ഷോർട്ട് ഫിലിം ഫെസ്റ്റ്**

വിഷയം - മത്തായി 5, 3 - 12 ലെ ആശയം സമകാലികമായി അവതരിപ്പിക്കുന്ന ഹ്രസ്വചിത്രങ്ങൾ

പങ്കെടുക്കുന്ന വിവരം സെപ്. 1 നു മുമ്പ് അറിയിക്കേണ്ടതാണ്. കോപ്പികൾ സമർപ്പിക്കേണ്ട അവസാന ദിവസം 2018 ഒക്ടോബർ 10. www.keralabiblesociety.com ൽ അപേക്ഷാഫോം ലഭ്യമാണ്.

വിശദവിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ - 0484 -2805897

സ്നേഹം നിറഞ്ഞ കുടുംബപ്രേഷിതരേ,

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോഹണത്തെയും ഇന്ത്യൻ സ്വാതന്ത്ര്യത്തെയും അനുസ്മരിക്കുന്ന മാസമാണല്ലോ ഇത്. യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ പേരാണ് മറിയം. അമ്മയായപ്പോഴും കന്യകയായി നിലനിന്നവൾ കർത്താവിന് ദാസിയായി ത്തീർന്നിട്ടും ഭൂസ്വർഗ്ഗത്തിന്റെ റാണിയായിമാറിയവൾ. കൃപ നിറഞ്ഞിട്ടും എളിമ നഷ്ടപ്പെടുത്താത്തവൾ, ദൈവപദ്ധതിയോട് ചോദ്യം ചോദിക്കുകയും പരി പൂർണ്ണമായി സമർപ്പിക്കുകയും ചെയ്തവൾ. ആന്തരിക സ്വാതന്ത്ര്യമുള്ളവർക്കേ ദൈവത്തിനു സ്വയം സമർപ്പിക്കാനാവൂ. വിശുദ്ധരാകാനാവൂ. കുടുംബത്തിൽവ ച്ചുതന്നെ ഉത്തരവാദിത്വപൂർണ്ണമായ സ്വാതന്ത്ര്യത്തിൽ മക്കൾ വളർന്നുവരണം. നിയന്ത്രണങ്ങൾക്കും പിടിച്ചുകെട്ടലുകൾക്കും മാത്രം ഇന്നത്തെ തലമുറയെ നന്മ യിൽ നിലനിർത്താനാവില്ല. ബാല്യം മുതലേ പുണ്യങ്ങളുടെ പരമ്പര കുടുംബ ത്തിൽ കണ്ടും കേട്ടും അനുഭവിച്ചു വളരണം. നസ്രത്തിലെ കുടുംബം നമുക്കു മാതൃകയാവണം. ഇടവകതല നസ്രത്തുമീറ്റ് എന്ന പ്രോഗ്രാം ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കട്ടെ.

സ്നേഹപൂർവ്വം,

**ഫാ. ജോൺസൺ ചാലയ്ക്കൽ** (അസി. ഡയറക്ടർ)

**ഫാ. ജോസ് മുകളേൽ** (ഡയറക്ടർ)

### അർദ്ധവാർഷിക റിപ്പോർട്ട്

മാതൃ-പിതൃവേദി സംഘടനകളുടെ ഫൊറോനയുടെയും യൂണിറ്റി ന്റെയും അർദ്ധവാർഷിക റിപ്പോർട്ട് ഓഗസ്റ്റ് 12 നകം അതിരൂപത ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. 2018 ജനുവരി മുതൽ ജൂൺ 30-ാം തീയതി വരെയുള്ള പ്രവർത്തനങ്ങളുടെ റിപ്പോർട്ടാണ് ബഹു. ഡയറക്ടർ, ആനിമേറ്റർ, പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ ഒപ്പ് സഹിതം നൽകേണ്ടത്.

### രചനാമത്സരങ്ങൾ (കവിത, കഥ, ഉപന്യാസം)

രചനാമത്സരങ്ങൾ 2018 സെപ്റ്റംബർ 9-ാം തീയതി ഞായറാഴ്ച 2:30 p.m. ന് ഫൊറോനകളിൽ നടത്തണം. മത്സരത്തിനുള്ള വിഷയങ്ങൾ അതിരൂപതാ കേന്ദ്രത്തിൽനിന്ന് നൽകുന്നതാണ്. ഫൊറോനകളിൽ ഒന്നും രണ്ടും സ്ഥാന ങ്ങൾ ലഭിക്കുന്നവരുടെ രചനകളും പേരുവിവരങ്ങളും സെപ്റ്റംബർ 30 നകം അതിരൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്. രചനാമത്സരത്തിൽ ഒരാൾക്ക് പ രമാവധി രണ്ട് ഇനങ്ങളിൽ മാത്രമാണ് പങ്കെടുക്കാവുന്നത്.

### അതിരൂപത ക്വിസ് മത്സരം

അതിരൂപത ക്വിസ് മത്സരം നവംബർ 4-ാം തീയതി ഞായറാഴ്ച 2:30 p.m. ന് ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ നടക്കുന്നതായിരിക്കും.

### അവതരണ മത്സരങ്ങൾ

അവതരണ മത്സരങ്ങൾ 2018 നവംബർ 10 ശനിയാഴ്ച രാവിലെ 9:30 ന് ചങ്ങ നാശ്ശേരി എസ്.ബി. ഹൈസ്ക്കൂളിൽ വച്ച് നടത്തുന്നതാണ്.

### ഫൊറോനതല മത്സരങ്ങൾ

ഫൊറോനതല മത്സരങ്ങൾ സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ നടത്ത ണം. ഫൊറോന മത്സരങ്ങൾക്കുള്ള വിധികർത്താക്കളെ ഫൊറോനസമിതി

തന്നെ കണ്ടെത്തേണ്ടതാണ്. ഫൊറോന മത്സരങ്ങൾ നടക്കുന്ന സ്ഥലവും തീയതിയും അതിരൂപത ഓഫീസിൽ നേരത്തേതന്നെ അറിയിക്കണം. അതിരൂപത കേന്ദ്രത്തിൽനിന്നും ഭാരവാഹികളെ നിരീക്ഷകരായി അയക്കുന്നതാണ്. ഫൊറോന അതിരൂപത മത്സരങ്ങളിൽ സ്ഥാനത്തിനും (Ist, IInd, IIIrd) ഗ്രേഡിനും (A, B, C) പോയിന്റുകൾ നൽകുന്നതായിരിക്കും. മത്സരങ്ങൾ കുറ്റമറ്റ രീതിയിൽ നടത്താൻ ബന്ധപ്പെട്ട സമിതികൾ പ്രത്യേകം ശ്രദ്ധിക്കണം. ഒക്ടോബർ 31 നകം ഫാമിലി അപ്പോസ്തലേറ്റ് ഓഫീസിൽ സ്ക്രിപ്റ്റും, ലിസ്റ്റും നൽകേണ്ടതാണ്. സ്കിറ്റ്, കോൽകളി എന്നിവയുടെ സ്ക്രിപ്റ്റ് ആണ് നൽകേണ്ടത്. ലിസ്റ്റ് നൽകാനുള്ള പ്രിന്റഡ് ഫോം ഫൊറോന ആനിമേറ്റർമാർ ഓഫീസിൽ നിന്നും വാങ്ങേണ്ടതാണ്.

### അംഗത്വകാർഡ്

പുതിയ അംഗത്വ കാർഡ് ആവശ്യമുള്ളവർ ഓഗസ്റ്റ് 31-നകം ഓഫീസിൽ നിന്നും വാങ്ങണം. മത്സരാർത്ഥികൾക്ക് നിർബന്ധമായും അംഗത്വകാർഡ് ഉണ്ടായിരിക്കണം.

### പ്രതിഷേധറാലിയും പ്രാർത്ഥനായജ്ഞവും

ചങ്ങനാശ്ശേരി അതിരൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ ജീവൻ ജ്യോതിസ് പ്രോലൈഫ് സെല്ലിന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 18-ാം തീയതി സ്വവർഗ്ഗവിവാഹം നിയാമാനുസൃതമാക്കുന്ന ബില്ലിനെതിരെ പ്രാർത്ഥനായജ്ഞവും പ്രതിഷേധറാലിയും സംഘടിപ്പിക്കുന്നു. 2 മണിക്ക് പ്രാർത്ഥനാ ശുശ്രൂഷ പാസ്റ്ററൽ സെന്ററിൽ ആരംഭിക്കുന്നു. 4 മണിയോടെ മുൻസിപ്പൽ ജംഗഷനിലേക്കുള്ള പ്രതിഷേധറാലി ആരംഭിക്കുന്നു. അഭിവന്ദ്യ പിതാക്കന്മാരുടെയും വിശ്വാസികളുടെയും സാന്നിദ്ധ്യത്തിൽ മുൻസിപ്പൽ ജംഗ്ഷനിൽ പൊതുസമ്മേളനവും സംഘടിപ്പിക്കുന്നു. ജീവനേയും വിശ്വാസത്തേയും ഹനിക്കുന്ന  പൈശാചിക ബില്ലിനെതിരെ ഒന്നായി കരങ്ങൾ ചേർക്കാം.

### കൃതജ്ഞതയും സ്വാഗതവും

വിവിധ ഫൊറോനകളിൽ ഡയറക്ടറുമാരായി സ്തുത്യർഹമായി സേവനം അനുഷ്ഠിച്ച റവ. ഫാ. ജോസഫ് പനക്കേഴം (ചങ്ങനാശേരി), റവ. ഫാ. വർഗീസ് കാരക്കാട് (തിരുവനന്തപുരം), റവ. ഫാ. ജോസഫ് ആറുപറ (പുളിങ്കുന്ന്), റവ. ഫാ. ജെയിംസ് കുടിലിൽ (കുറുമ്പനാടം) എന്നിവർക്ക് കൃതജ്ഞ തയർപ്പിക്കുന്നു. പുതിയതായി ഫൊറോന ഡയറക്ടർമാരായി ചുമതലയേറ്റെടുത്തിരിക്കുന്ന റവ. ഫാ. ജോഷി മുപ്പതിൽച്ചിറ (പുളിങ്കുന്ന്), റവ. ഫാ. ജിൻസ് ചോരേട്ട് ചാമക്കാല (കുറുമ്പനാടം), റവ. ഫാ. റിനു പനച്ചിങ്കൽ (ചങ്ങനാശേരി), റവ. ഫാ. മാത്യൂ അഞ്ചിൽ (തിരുവനന്തപുരം) എന്നിവർക്ക് ഹൃദ്യമായ സ്വാഗതം.

### ഫൊറോന ആനിമേറ്റേഴ്സിന് നന്ദിയും സ്വാഗതവും

കഴിഞ്ഞ വർഷങ്ങളിൽ വിവിധ ഫൊറോനകളിൽ ആത്മാർത്ഥമായി ശുശ്രൂഷ ചെയ്ത ആനിമേറ്റേഴ്സ് റവ. സി. ജെയ്ൻ റോസ് C.M.C. (ചങ്ങനാശേരി) റവ. സി. ലിൻസ് മരിയ S.A.B.S (നെടുംകുന്നം), റവ. സി. ജോയിസ് മരിയ S.A.B.S (തിരുവനന്തപുരം) എന്നിവർക്ക് കൃതജ്ഞതയർപ്പിക്കുന്നു.

പുതിയ ഫൊറോന ആനിമേറ്റേഴ്സായി ചുമതലയേറ്റ റവ. സി. ലിൻസ് മരിയ S.A.B.S (ചങ്ങനാശേരി) റവ. സി. ജെയ്ൻ റോസ് C.H.F (തിരുവനന്തപുരം) റവ. സി. ബെറ്റി റോസ് S.A.B.S. (നെടുംകുന്നം) എന്നിവർക്ക് ഹൃദയംഗമമായ സ്വാഗതം.

ഈശോയിൽ സ്നേഹമുള്ള സഹോദരങ്ങളേ,

നമ്മുടെ ഈ വർഷത്തെ പ്രവാസി കുടുംബങ്ങളുടെ സംഗമവും പ്രവാസി അപ്പസ്തോലെറ്റിന്റെ 3-ാം വാർഷികവും ഏവരുടെയും പ്രാർത്ഥനകൊണ്ടും സാന്നിധ്യംകൊണ്ടും, ഏറെ അനുഗ്രഹപ്രദമായിരുന്നു. ഈ ധന്യദിനത്തെ മംഗളകരമാക്കുവാൻ സഹകരിച്ച എല്ലാവർക്കും പ്രത്യേകമായി അഭിവന്ദ്യ പിതാക്കന്മാരായ മാർ ജോസഫ് പെരുന്തോട്ടം, മാർ ജോസഫ് പൗവ്വത്തിൽ, മാർ തോമസ് തറയിൽ, ഈ പ്രവാസിസംഗമം ഉദ്ഘാടനം ചെയ്ത സുപ്രീംകോടതി ജസ്റ്റീസ് ബഹുമാനപ്പെട്ട കുര്യൻ ജോസഫ് സാർ, മുഖ്യപ്രഭാഷണം നടത്തിയ ബോസ്നിയ-ഹെർസെഗോവിന അംബാസിഡർ ബഹുമാനപ്പെട്ട സാബിത് സുബാസിക്ക്, പെരിയ ബഹുമാനപ്പെട്ട ജോസഫ് മുണ്ടകത്തിൽ അച്ചൻ, മറ്റു വികാരി ജനറാൾമാർ, വിശിഷ്ട വ്യക്തികൾ, ബഹുമാനപ്പെട്ട വികാരിയച്ചന്മാർ, ഫൊറോന ഡയറക്ടർമാർ അതിരൂപത പ്രവാസി എക്സിക്യൂട്ടീവ് അംഗങ്ങൾ, ഇടവക പ്രവാസി പ്രതിനിധികൾ, സഹകരിച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. ഈ പ്രവാസി സംഗമത്തിലൂടെ ചങ്ങനാശ്ശേരി അതിരൂപത യാകുന്ന ഈ വലിയ കുടുംബത്തിൽ അതിരൂപതയോടും, അതിരൂപത അദ്ധ്യക്ഷനോടും, പ്രവാസികൾ തമ്മിൽ തമ്മിലും സ്നേഹബന്ധം വളർത്തുന്നതിൽ ഒരു പടികൂടി വളരുവാൻ സാധിച്ചു.

ഈ വർഷത്തെ പ്രവാസി സംഗമത്തിൽ ഉന്നത ജോലി രാജിവച്ച് ദൈവവിളി സ്വീകരിച്ച് പൗരോഹിത്യത്തിലേയ്ക്ക് കടന്നുവന്ന പ്രവാസി കുടുംബത്തിലെ ഫാ. കെൻസി ജോസഫ് എസ്.ജെ. യെ ആദരിക്കുകയുണ്ടായി. കൂടാതെ ഇന്ത്യയ്ക്ക് വെളിയിൽ ശുശ്രൂഷ ചെയ്ത് തിരിച്ചെത്തിയ സന്യാസിനിമാരെയും ഈ സംഗമത്തിൽ ആദരിച്ചു. ഈ വർഷത്തെ പുരസ്ക്കാര ജേതാക്കളായ ജോസഫ് കളരിക്കൽ (കീർത്തി പുരസ്ക്കാരം) സനു ദേവസ്യാ ചെറുപറമ്പിൽ (യുവസംരംഭകപുരസ്കാരം) ഡോ. ആന്റണി പി. ജോസഫ് പറത്തോട് (വിദ്യാഭ്യാസ പുരസ്കാരം) തോമസ് ജോസഫ് തോപ്പിൽ (കർഷകപുരസ്കാരം) സിബി കാട്ടാമ്പള്ളി (മാധ്യമ പുരസ്കാരം), പരേതയായ ഏലിയാമ്മ മാത്യൂസ് (കാരുണ്യ പുരസ്കാരം) തോമസ് പി. ആന്റണി, ജോസ് റാപ്പുഴ, ചാർളി തോമസ് (പ്രേഷിത പുരസ്കാരം ജയ്പൂർ മിഷൻ) എന്നിവർക്ക് പുരസ്ക്കാരങ്ങൾ നൽകി ആദരിച്ചു. നാല് മക്കളിൽ കൂടുതലുള്ള പ്രവാസി കുടുംബങ്ങളെയും, 25 ഉം 50 ഉം ജൂബിലി ആഘോഷിക്കുന്ന ദമ്പതിമാരെയും, 10,12 ക്ലാസ്സുകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ പ്രവാസി കുഞ്ഞുങ്ങളെയും സമ്മേളനത്തിൽ സമ്മാനം നൽകി ആദരിച്ചു.

പ്രവാസികൾ ആരംഭിച്ച നൂതന സംരംഭമായ ആവേ മരിയ ട്രാവൽ ആന്റ് ടൂറിസത്തിന്റെ ബ്രോഷർ ഉദ്ഘാടനം ചെയ്തു. കൂടാതെ ചങ്ങനാശ്ശേരി അതിരൂപതയിൽ നിന്നുള്ള മിഷനറി വൈദീകരുടെ വിവരങ്ങൾ അടങ്ങിയ ഡയറക്ടറി അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് ജസ്റ്റീസ് കുര്യൻ ജോസഫ് സാറിന് നൽകി പ്രകാശനം ചെയ്തു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രവാസി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിന് പറത്തോട് വിദ്യാഭ്യാസ സഹായനിധിയിൽ നിന്ന് 4 കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകി. 500ൽ അധികം

പ്രവാസികൾ പങ്കെടുത്ത ഈ സമ്മേളനം ഉച്ചഭക്ഷണത്തോടുകൂടി സമാപിച്ചു.

**പ്രവാസി സംഗമം ഇടവകകളിൽ**

a) ജൂലൈ 8 ഞായറാഴ്ച വെരൂർ സെന്റ് ജോസഫ് ഇടവകയിൽ രാവിലെ 9.45 ന്റെ കുർബാനയ്ക്കുശേഷം അതിരൂപത എക്സിക്യൂട്ടീവ് അംഗങ്ങളും, ഡയറക്ടറും പ്രവാസി സംഗമത്തിൽ പങ്കെടുത്തു. പ്രസ്തുത സമ്മേളനത്തിൽ ഓരോ പ്രവാസി കുടുംബത്തിലെയും വിവരങ്ങൾ ശേഖരിക്കുവാൻ പുതുതായി തെരഞ്ഞെടുത്ത ഇടവക പ്രതിനിധികളെ (ശ്രീ. സിബിച്ചൻ തയ്യിൽ, മത്തായി വെള്ളാങ്കൽ) നിയോഗിക്കുകയും ചെയ്തു.

b) ജൂലൈ 15 ഐക്കരച്ചിറ സെന്റ് ജോർജ് പള്ളിയിൽ രണ്ടാമത്തെ കുർബാനയ്ക്കുശേഷം നടന്ന ഇടവക പ്രവാസി സംഗമത്തിൽ ഡയറക്ടർ അച്ചനും, അതിരൂപത എക്സിക്യൂട്ടീവ് അംഗങ്ങളും പങ്കെടുക്കുകയും ഇടവക പ്രതിനിധികളെ (പ്രസാദ് ജോൺ ആഞ്ഞിലിത്തറ, കൊച്ചുമോൻ തോമസ് പോളക്കാട്ടിൽ) തെരഞ്ഞെടുത്ത് ചുമതലകൾ ഏൽപ്പിക്കുകയും ചെയ്തു.

സ്നേഹപൂർവ്വം,

**ഫാ. സണ്ണി പുത്തൻപുരയ്ക്കൽ**
(ഡയറക്ടർ)

## ജീവകാരുണ്യനിധി ട്രസ്റ്റ്

JEEVAKARUNYANIDHI TRUST

കളർ എ ഹോം ഭവന നിർമ്മാണ പദ്ധതിയിൽ 2017 ഡിസംബറിൽ ഇടവകകൾ സമാഹരിച്ച തുകയും ജൂലൈ 21-വരെ അതിരൂപതാ കേന്ദ്രത്തിൽ ലഭിച്ച തുകയും (40%) - (തുടർച്ച)

| നം. | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 192 | ചാത്തനാട് | 26965 | 10800 |
| 193 | തിരുവല്ല | 71600 | 28640 |

## 14-ാമതു നിരണം തീർത്ഥാടനം ഭക്തിപൂർവ്വം നടത്തി

അതിരൂപതാ യുവദീപ്തി–എസ്സ്.എം.വൈ.എമ്മിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 1–ാം തീയതി ഞായറാഴ്ച 14–ാമതു നിരണം തീർത്ഥാടനം നടത്തി. രാവിലെ 8:30 ന് കത്തീഡ്രൽ ദൈവാലയത്തിൽ പൂർവ്വപിതാക്കന്മാർ അന്ത്യവിശ്രമം കൊള്ളുന്ന കബറിടക്കത്തിങ്കൽ നിന്നും കത്തിച്ച തിരി അതിരൂപത പ്രസിഡന്റ് ഷിജോ മാത്യു ഇടയാടിക്ക് മെത്രാപ്പോലീത്താ മാർ ജോസഫ് പെരുന്തോട്ടവും, യുവദീപ്തി പതാക മാർ ജോസഫ് പവ്വത്തിൽ അതിരൂപതാ ഡെപ്യൂട്ടി പ്രസിഡന്റ് ആൻ മരിയ ജോസിനും നൽകിക്കൊണ്ട് നിരണം തീർത്ഥാടനം ഉദ്ഘാടനം ചെയ്തു. ചങ്ങനാശേരി സെൻട്രൽ ജംഗ്ഷൻ, ട്രാൻസ്പോർട്ട് ജംഗ്ഷൻ, പെരുന്ന ജംഗ്ഷൻ ളായിക്കാട്, ഇടിഞ്ഞില്ലം, വേങ്ങൽ മലങ്കര കത്തോലിക്കാ പ്പള്ളി, കാവുംഭാഗം, പൊടിയാടി വഴി നിരണത്തിയ തീർത്ഥാടകർ കൽവിളക്കിൽ തിരി തെളിച്ചു. തുടർന്ന് അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ സന്ദേശം നൽകി. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര വി. കുർബാന അർപ്പിച്ചു. തുടർന്ന് തീർത്ഥാടനത്തിൽ പങ്കെടുത്ത മുഴുവൻ പേർക്കും നേർച്ച ഭക്ഷണം വിതരണം ചെയ്തു. തീർത്ഥാടനത്തിൽ അഖിൽ ജോർജ് ചാക്കോ ടോണി മണിമലപറമ്പിൽ, ലാലിച്ചൻ മറ്റത്തിൽ സിസ്റ്റർ സെലിൻ ജോസ് എസ്.ഡി., ബ്രദർ ജോജോ പള്ളിച്ചിറ, ശ്യാം കെ. ജോസഫ്, അഞ്ജലി പി. തോമസ്, അജയ് സജീവ്, റോസ് മരിയ സെബാസ്റ്റ്യൻ, സിറിയക് തോമസ്, അനു ആനി ജോസഫ്, ബെക്സൺ ഡേവിഡ്, സീനാ ചെറിയാൻ, ആന്റോ റ്റി. മേപ്പുറം, ജെറിൻ ജോസഫ്, റ്റിൻസി തോമസ് എന്നിവർ തീർത്ഥാടനത്തിൽ നേതൃത്വം നൽകി.

## നാലുകോടി യുവജന ധ്യാനം

നാലുകോടി സെന്റ് തോമസ് യുവദീപ്തി എസ്.എം.വൈ. എമ്മിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 20, 21 തീയതികളിൽ യുവജനധ്യാനം സംഘടിപ്പിച്ചു. 20–ന് നാലുമണിക്കാരംഭിച്ച ധ്യാനം വികാരി ഫാ. ആന്റണി കിഴക്കേവീട്ടിൽ വചനസന്ദേശം നൽകിക്കൊണ്ട് ഉദ്ഘാടനം ചെയ്തു. ഫാ. ജിമോൻ മാളിയേക്കൽ പ്രസംഗിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര യുവജന ധ്യാനം നയിച്ചു.

## പഴവങ്ങാടി - ആലപ്പുഴ യുവജനദിനാഘോഷവും 'ജൈവം-2018' ഉദ്ഘാടനവും

ആലപ്പുഴ പഴവങ്ങാടി ഹോളിക്രോസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 8 ഞായറാഴ്ച യുവജനദിനമായി ആചരിച്ചു. യൂണിറ്റ് പ്രസിഡന്റ് നിധിൻ ചുണ്ടാപ്പള്ളിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽവച്ച് ഫൊറോനാ ഡയറക്ടർ ഫാ. ജസ്റ്റിൻ വഞ്ചിക്കൽ യുവജനദിനം ഉദ്ഘാടനം ചെയ്തു. ലാലിച്ചൻ മറ്റത്തിൽ ''ജൈവം – 2018'' (ജൈവകൃഷിത്തോട്ടം) ഉദ്ഘാടനം ചെയ്ത്, യുവജനദിന സന്ദേശം നൽകി. ഫാ. തോമസ്സ് മുട്ടേൽ, ജസാറോയി, നെലൻ ആന്റണി, ജസ്റ്റിൻ ജെയിംസ് സിറിയക് തലച്ചല്ലൂർ, ജിബിൻ കെ. മാത്യൂ, സി. അനില റോസ് സി.എം.സി. റ്റോണി മൈക്കിൾ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു

## യുവജനദിനാചരണവും വിശുദ്ധ തോമസ് മൂർ ദിനാചരണവും

### എടത്വാ ഫൊറോന

എടത്വാ ഫൊറോന യുവദീപ്തി - എസ്.എം.വൈ. എമ്മിന്റെ ആഭിമുഖ്യത്തിൽ യുവജനദിനാചരണവും വിശുദ്ധ തോമസ് മൂർ ദിനാചരണവും സംയുക്തമായി ജൂലൈ 15ന് ഞായറാഴ്ച ജൂബിലി പാരീഷ് ഹാളിൽ വച്ചു നടത്തി. ഫൊറോനാ പ്രസിഡന്റ് സെബാസ്റ്റ്യൻ പ്ലാപ്പുഴയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ വച്ച് ഫൊറോനാ ഡയറക്ടർ ഫാ സെബാസ്റ്റ്യൻ മഞ്ചേരിക്കളം യുവജനദിനാചരണവും, വിശുദ്ധ തോമസ് മൂർ ദിനാചരണവും ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ ഫാ. റ്റോണി കൊച്ചുമല, അതിരൂപത ട്രഷറർ റ്റോണി മണിമലപറമ്പിൽ, റ്റിൻസി തോമസ്, അനീറ്റാ മേരി മാത്യൂ, ജൂബി ജേക്കബ് എന്നിവർ ആശംസകൾ അർപ്പിച്ചു പ്രസംഗിച്ചു. ലാലിച്ചൻ മറ്റത്തിൽ യുവജനദിനത്തിന്റേയും, വിശുദ്ധ തോമസ് മൂർ ദിനത്തിന്റേയും സന്ദേശം നൽകിക്കൊണ്ട് സംസാരിച്ചു.

### കുടമാളൂർ ഫൊറോനാ പ്രാർത്ഥന പഠനപരിശീലന ക്യാമ്പ്

കുടമാളൂർ ഫൊറോനായുടെ യുവദീപ്തി - എസ്.എം.വൈ.എമ്മിന്റെ പ്രാർത്ഥനാ പഠന പരിശീലന ക്യാമ്പ് 2018 ജൂലൈ 13, 14, 15 തീയതികളിൽ മാന്നാനം സെന്റ് എംബ്രോസ് ഹയർ സെക്കണ്ടറി സ്ക്കൂളിൽ വച്ചു നടത്തി. ഫൊറോനാ പ്രസിഡന്റ് സെബിൻ മാത്യുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ വച്ച് അതിരൂപത വികാരി ജനറാൾ റവ. ഡോ. മാണി പുതിയിടം ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ ഫാ ജേക്കബ് ചീരംവേലി, സി. ലിസ്സിൻ ജോസ് എസ്.എച്ച്., ജോർജ് സെബാസ്റ്റ്യൻ, ബിജോ ടോം, ജൂഡിത്ത് ആൻ സാബു, അനീറ്റ വർഗീസ് എന്നിവർ പ്രസംഗിച്ചു. റവ. ഡോ. ജോസഫ് കൊല്ലാറ, ജിൻസ് പാറയ്ക്കൽ, ഫാ. ജേക്കബ് ചക്കാത്ര, അഡ്വ. ജോജി ചിറയിൽ എന്നിവർ ക്യാമ്പിലെ പഠന വിഷയങ്ങൾക്ക് നേതൃത്വം നൽകി. ഫാ. ജെന്നി കായംകുളത്തുശ്ശേരി, പഞ്ചവത്സരഅജപാലന പദ്ധതിയുടെ വിശദമായ രൂപം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചു. ബ്രദർ ജോജോ പള്ളിച്ചിറ, അഞ്ജലി പി. തോമസ്, എബിൻ റ്റി. ജോസഫ് എന്നിവർ ക്യാമ്പിൽ നേതൃത്വം നൽകി.

### തൃക്കൊടിത്താനം ഫൊറോനാ ക്യാമ്പ്

തൃക്കൊടിത്താനം ഫൊറോനാ യുവദീപ്തി - എസ്സ്.എം.വൈ. എമ്മിന്റെ പ്രാർത്ഥനാ പഠന പരിശീലനക്യാമ്പ് കുന്നന്താനം സെഹിയോൻ ധ്യാന കേന്ദ്രത്തിൽ വച്ച് ജൂലൈ 13,14,15 തീയതികളിൽ നടത്തുകയുണ്ടായി. ഫൊറോനാ പ്രസിഡന്റ് ജസ്റ്റിൻ ജോർജിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ കുന്നന്താനം ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. തോമസ് താന്നിയത്ത് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര മാർഗ്ഗനിർദ്ദേശപ്രസംഗം നടത്തി. ഫൊറോനാ ഡയറക്ടർ ഫാ. ജോസഫ് കുറിയന്നൂർ പറമ്പിൽ ആശംസകൾ അർപ്പിച്ചു. അഖിൽ ജോർജ് ചാക്കോ, റോസ് മരിയ സെബാസ്റ്റ്യൻ, വിദ്യ ആർ. മരങ്ങാട്ട്, റ്റിജോ ജോസഫ് എന്നിവർ പ്രസംഗിച്ചു. റവ. ഫാ. കായംകുളത്തുശേരി, ഡോ. ജോസഫ് കൊല്ലാറ, ഫാ. ജോൺസൺ ചാലക്കൽ, ഫാ. സെബാസ്റ്റ്യൻ വെള്ളാമത്തറ, ജിൻസ് പാറയ്ക്കൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. പഞ്ചവത്സര പദ്ധതികളെക്കുറിച്ച് ക്യാമ്പിൽ സംസാരിച്ച് യുവജനങ്ങളെ ഇതിന്റെ പ്രാധാന്യം ബോദ്ധ്യപ്പെടുത്തി. ജോബിൻ ജോസഫ്, സീനാ ചെറിയാൻ, റ്റിൻസി

തോമസ്, അജയ് വർഗീസ് എന്നിവർ ക്യാമ്പ് ചീഫ് ചാർജായി പ്രവർത്തിച്ചു.

### യുവദീപ്തി - എസ്സ്.എം.വൈ.എം. ദുരിതാശ്വാസപ്രവർത്തനങ്ങളുമായി കർമ്മ രംഗത്ത്

ജൂലൈ മാസത്തിൽ ഉണ്ടായ കാലവർഷക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവരെ സഹായിക്കുന്നതിനായി യുവദീപ്തി പ്രവർത്തകർ സജ്ജീവസാന്നിധ്യ ഫലമായി യൂണിറ്റ്, ഫൊറോനാ, അതിരൂപതാ തലങ്ങളിലായി യുവദീപ്തി ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. വിവിധ ഫൊറോനകളിലായി കുട്ടനാടിന്റെ ഉൾപ്രദേശങ്ങളിലേക്ക് വിവിധ മാർഗ്ഗങ്ങളിൽ കടന്ന് ചെന്ന് ശുദ്ധ ജലം, ഭക്ഷ്യധാന്യങ്ങൾ, എണ്ണ, തുണിത്തരങ്ങൾ, മരുന്നുകൾ, പാൽപ്പൊടി എന്നിവയാണ് യുവദീപ്തി പ്രവർത്തകർ പല പ്രദേശങ്ങളിലായി എത്തിച്ചത്. സാധനങ്ങളുമായിപ്പോയ അതിരൂപതാ സംഘത്തിന്റെ വാഹനം സഹായമെത്രാൻ മാർ തോമസ് തറയിൽ ഫ്ളാഗ് ഓഫ് ചെയ്തു. വികാരി ജനറാൾ മോൺ. ഫിലിപ്സ് വടക്കേക്കളം, പ്രോക്യുറേറ്റർ ഫാ. ഫിലിപ്പ് തയ്യിൽ, അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര, അതിരൂപതാ പ്രസിഡന്റ് ഷിജോ മാത്യു ഇടയാടി എന്നിവർ പ്രസംഗിച്ചു. കിടങ്ങറ, കണ്ടങ്കരി, പുല്ലങ്ങാടി, വേഴപ്ര, ചമ്പക്കുളം, പുന്നക്കുന്നത്തുശ്ശേരി, മഹേന്ദ്രപുരം, തായങ്കരി, ചങ്ങംങ്കരി, മിത്രക്കരി, മനക്കച്ചിറ തുടങ്ങിയ സ്ഥലങ്ങളിലെ നൂറുകണക്കിനാളുകൾക്കാണ് യുവദീപ്തി സഹായമെത്തിച്ചത്. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര, പ്രസിഡന്റ് ഷിജോ ഇടയാടി, അഖിൽ ജോർജ് ചാക്കോ, ലാലിച്ചൻ മറ്റത്തിൽ ടോണി മണിമലപറമ്പിൽ, സി. സെലിൻ ജോബ് എസ്.ഡി. ബ്രദർ ജോജോ പള്ളിച്ചിറ, റോസ്മരിയ സെബാസ്റ്റ്യൻ, അഞ്ജലി പി. തോമസ്, സീനാ ചെറിയാൻ, അനു ആനി ജോസഫ്, ആൻമരിയ ജോസ്, ബിനോയി മാത്യു എന്നിവർ ദുരിതാശ്വാസപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

**ആഗസ്റ്റ് മാസത്തെ പരിപാടികൾ**

| | | |
|---|---|---|
| ആഗസ്റ്റ് 3,4,5 | – | പ്രാർത്ഥനാ പഠനപരിശീലനക്യാമ്പ് |
| ആഗസ്റ്റ് 10,11,12 | – | ക്യാമ്പ് |
| ആഗസ്റ്റ് 15 | – | സ്വർഗ്ഗാരോഹണതിരുനാൾ സ്വാതന്ത്ര്യദിനാഘോഷം |
| ആഗസ്റ്റ് 17,18,19 | – | പ്രാർത്ഥനാ പഠന പരിശീലനക്യാമ്പ് |
| ആഗസ്റ്റ് 20 | – | അഫിലിയേഷൻ അവസാന ദിവസം |
| ആഗസ്റ്റ് 24, 25 | – | ഓണാഘോഷ പരിപാടികൾ യൂണിറ്റുകളിൽ |
| ആഗസ്റ്റ് 26, 27,28 | – | ക്യാമ്പ് |

കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശ്ശേരി അതിരൂപതാ കൗൺസിൽ യോഗം 2018 ജൂലൈ മാസം 8-ാം തീയതി സന്ദേശനിലയം ഹാളിൽ നടന്നു. അതിരൂപതാ പ്രസിഡന്റ് വർഗീസ് ആന്റണിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ഫൊറോനാ പ്രസിഡന്റുമാർ, ജനറൽ സെക്രട്ടറിമാർ, സംസ്ഥാന കൗൺസിൽ അംഗങ്ങൾ എന്നിവർ പങ്കെടുത്തു. ആഗസ്റ്റ് മാസം 10-ാം തീയതി 'റബ്ബർ കർഷകരക്ഷാ മാർച്ച്' നടത്തുവാൻ തീരുമാനിച്ചു. നെൽകർഷകരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് 2018 ജൂലൈ മാസം 29-ാം തീയതി എടത്വാ, ചമ്പക്കുളം, പുളിങ്കുന്ന്, ആലപ്പുഴ, ഫൊറോനാകളിലെ അതിരൂപതാ ഭാരവാഹികളുടെയും, യൂണിറ്റ് പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെയും യോഗം കൂടുവാൻ തീരുമാനിച്ചു.

പ്രസ്തുത യോഗത്തിൽ വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റായി തെരഞ്ഞെടുത്ത വർഗീസ് ആന്റണിക്ക് സ്വീകരണം നൽകി. അതിരൂപതാ വികാരി ജനറാൾ വെ. റവ. തോമസ് പാടിയത്ത്, അതിരൂപതാ ഡയറക്ടർ ഫാ. ജോസ് മുകളേൽ, അഡ്വ. പി. പി. ജോസഫ് എന്നിവർ പ്രസംഗിച്ചു. ജനറൽ സെക്രട്ടറി രാജേഷ് ജോൺ സ്വാഗതവും ട്രഷറർ സിബി മുക്കാടൻ നന്ദിയും അർപ്പിച്ചു.

കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി അതിരൂപതയുടെ കിഴക്കൻ മേഖല സമ്മേളനം 2018 ജൂലൈ മാസം 2-ാം തീയതി കൂത്രപ്പള്ളി യൂണിറ്റിൽ വച്ച് നടത്തപ്പെട്ടു. അതിരൂപതാ പ്രസിഡന്റ് വർഗീസ് ആന്റണിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം ഫാ. ഫിലിപ്പ് വൈക്കത്തുകാരൻ ഉദ്ഘാടനം ചെയ്തു. കുറുമ്പനാടം, നെടുങ്കുന്നം, മണിമല എന്നീ ഫൊറോനകളിലെ വിവിധ യൂണിറ്റുകളിൽ നിന്നുള്ള ഭാരവാഹികൾ, ഫൊറോനാ ഭാരവാഹികൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ 'റബ്ബർ കർഷകമാർച്ച്' മണിമലയിൽ നിന്നും കോട്ടയത്തേക്ക് നടത്തുവാൻ തീരുമാനിച്ചു. ഫൊറോന കൗൺസിൽ യോഗങ്ങൾ 2018 ജൂലൈ മുതൽ 2018 ആഗസ്റ്റ് 5 വരെയുള്ള തീയതികളിൽ നടത്തുവാൻ തീരുമാനിച്ചു.

വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന്റെ ഭാഗമായി കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി അതിരൂപത എക്സിക്യൂട്ടീവിന്റെ നേതൃത്വത്തിലും, വിവിധ യൂണിറ്റുകൾ, ഫൊറോനകൾ എന്നിവരുടെ നേതൃത്വത്തിലും, വിവിധ ഇടവകകൾ, ക്യാമ്പുകൾ എന്നിവ സന്ദർശിക്കുകയും അവർക്ക് ആവശ്യമായ ഭക്ഷണ സാധനങ്ങൾ നൽകുകയും ചെയ്തു. അതിരൂപത എക്സിക്യൂട്ടീവിന്റെ നേതൃത്വത്തിൽ പയറ്റുപാക്കയിൽ ഭക്ഷണകിറ്റുകൾ വിതരണം ചെയ്തു. സാമ്പത്തികമായി സഹായിച്ച ഏവരേയും നന്ദിയോടെ ഓർക്കുന്നു.

## പ്രതികരണങ്ങൾ

ഞായറാഴ്ച ദിവസങ്ങളിൽ പി.എസ്.സി. പരീക്ഷകൾ നടത്താനുള്ള കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ നീക്കത്തെ കത്തോലിക്കാ കോൺഗ്രസ്, പ്രതിഷേധിച്ചു.

നിസ്വാർത്ഥസേവനം നടത്തുന്ന മിഷനറീസ് ഓഫ് ചാരിറ്റിയെയും മദർ തേരേസായെയും, അപകീർത്തിപ്പെടുത്തുന്ന തരത്തിലുള്ള പ്രസ്താവനയെ കത്തോലിക്കാ കോൺഗ്രസ് അപലപിച്ചു.

വിവരാവകാശ നിയമം അട്ടിമറിക്കാനുള്ള കേന്ദ്രഗവൺമെന്റിന്റെ നീക്കത്തെയും സഭയെ അപകീർത്തിപ്പെടുത്തുന്ന മാധ്യമഫാസിസത്തെയും ചെറുത്തു തോൽപ്പിക്കാനും കത്തോലിക്കാ കോൺഗ്രസ് തീരുമാനിച്ചു.

സഭാ നേതൃത്വത്തേയും സഭയിലെ പവിത്രമായ കൂദാശകളേയും അപഹസിക്കുന്ന മാധ്യമ വിചാരണയേയും കുറ്റാരോപിതർക്ക് എതിരെ ശിക്ഷ വിധിക്കുന്ന മാധ്യമ ന്യായാധിപന്മാരെയും ചെറുത്തുതോൽപിക്കുമെന്നും കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി അതിരൂപതാസമിതി മുന്നറിയിപ്പു നൽകി. മാധ്യമ ഫാസിസത്തിനെതിരെ ജനമനസ്സ് എന്ന പ്രതികരണ പരിപാടിയിലാണ് കത്തോലിക്കാ കോൺഗ്രസ് പ്രഖ്യാപനം നടത്തിയത്. മാധ്യമ അജണ്ടകൾ നടപ്പിലാക്കുന്നതിന് കത്തോലിക്കാസഭയെ കരുവാക്കുന്ന നീക്കങ്ങൾ എല്ലാവരും തിരിച്ചറിയണമെന്നും സഭയുടെ ഐക്യം തകർത്ത് സമുദായത്തെ ശിഥിലീകരിക്കാനുള്ള ഗൂഢനീക്കങ്ങൾ ചെറുക്കേണ്ടതാണെന്നും യോഗം വിലയിരുത്തി.

കനത്ത മഴയിലും അതിനോടനുബന്ധിച്ച് താഴ്ന്ന പ്രദേശങ്ങളിലും പ്രത്യേകിച്ച് കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും ഉണ്ടായ പ്രളയവും കെടുതികളും പരിഹരിക്കുവാൻ മുന്നിട്ടിറിങ്ങിയ അതിരൂപതയിലെ എല്ലാ സംഘടനകളെയും വൈദികരെയും സന്യാസിനികളെയും സ്ഥാപനങ്ങളെയും പ്രത്യേകം അനുമോദിക്കുന്നു. ഇങ്ങനെയൊരു വിപത്തുണ്ടായപ്പോൾ ജാതിമത രാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാവർക്കുംവേണ്ടി ഒരുമിക്കുവാൻ സാധിച്ചത് മിശിഹായിലുള്ള നമ്മുടെ അടിയുറച്ച വിശ്വാസമാണ്. ഇപ്പോഴുണ്ടായ പ്രളയം പോലെ തന്നെ വളരെ നീണ്ടകാലമായി വളരെയേറെ ബുദ്ധിമുട്ടനുഭവിക്കുന്നവരാണ് നമ്മുടെ ചെറുതും വലുതുമായ റബ്ബർ കർഷകർ. റബ്ബറിന്റെ വിലത്തകർച്ച കർഷകരെ മാത്രമല്ല മറിച്ച്, റബ്ബറുമായി ബന്ധപ്പെട്ട ചെറുകിട വ്യവസായങ്ങൾ, മറ്റു ബിസിനസുകാർ എന്നുവേണ്ട സമസ്തമേഖലകളെയും പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. ന്യായമായ വിലയുണ്ടായിരുന്ന സമയത്ത് ചെറുകിട നാമമാത്ര കർഷകർ ഏറ്റെടുത്ത ബിസിനസ് സംരംഭങ്ങൾ, എടുത്ത ബാങ്ക് വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ തിരിച്ചടവില്ലാതെ തുടർനടപടികളില്ലാതെയും ജപ്തി നടപടിയിലേക്ക് എത്തിയിരിക്കുന്നു. വരുമാനത്തിലുണ്ടായ കുറവുമൂലം കുട്ടികൾക്ക് നല്ല രീതിയിലുള്ള വിദ്യാഭ്യാസം പോലും നൽകുവാൻ ചിലർക്കെങ്കിലും സാധിക്കുന്നില്ല. വിലയിടിവുമൂലം പല ചെറുകിട റബ്ബർ തോട്ടങ്ങളും വർഷങ്ങളായി വെട്ടുന്നില്ല. കർഷകന്റെ കടം ദിനംപ്രതി വർദ്ധിക്കുന്നു. മറ്റുള്ളവരുടെ ജീവിത സാഹചര്യങ്ങൾക്ക് ഒപ്പമെത്തുവാൻ വളരെയേറെ ബുദ്ധിമുട്ടുന്നു. കുരുമുളകിന്റെ വില അടിക്കടി കുറഞ്ഞുവരുന്നു. ചുരുക്കത്തിൽ കൃഷിയെ ആശ്രയിക്കുന്ന എല്ലാ വിഭാഗം ആളുകളും കനത്ത പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നു കാലാവസ്ഥയിലുണ്ടായ വ്യതിയാനം റബ്ബർ നെല്ല് തുടങ്ങി എല്ലാ വിളകളെയും പ്രത്യക്ഷത്തിൽ ബാധിച്ചിരിക്കുന്നു. ഇവയ്ക്കു പരിഹാരം കാണുവാൻ നമുക്കു ഒന്നിക്കാം.

സ്നേഹപൂർവ്വം,

**വർഗീസ് ആന്റണി** — പ്രസിഡന്റ്

**ഫാ. ജോസ് മുകളേൽ** — ഡയറക്ടർ

പ്രിയ കെ.സി.എസ്.എൽ. കുടുംബാംഗങ്ങളേ,

മഴക്കെടുതികളൊക്കെ അവസാനിച്ച് സ്കൂളുകളും കെ.സി.എസ്.എൽ. പ്രവർത്തനങ്ങളും വീണ്ടും സജീവമായെന്ന് പ്രതീക്ഷിക്കുന്നു. ദുരിതമനുഭവിക്കുന്നവരെ സഹായിക്കാൻ അതിരൂപതയുടെ പ്രവർത്തനങ്ങളോട് ചേർന്ന് കെ.സി. എസ്.എൽ. ഉം സഹകരിച്ചിരുന്നു. മഴമൂലം മുടങ്ങിപ്പോയ ക്ലാസുകളുടെ കുറവ് പരിഹരിച്ച് പഠനത്തിലും കെ.സി.എസ്.എൽ. ന്റെ പ്രവർത്തനങ്ങളിലും കൂടുതൽ ശ്രദ്ധ ചെലുത്താൻ അദ്ധ്യാപകരും കുട്ടികളും ശ്രദ്ധിക്കുമല്ലോ.

ജൂലൈ 13,14 തീയതികളിൽ ലീഡേഴ്സിന്റെ സ്റ്റേറ്റ് മീറ്റ് തൃശ്ശൂർ അതിരൂപതയിൽ വച്ച് നടത്തപ്പെട്ടു. നമ്മുടെ അതിരൂപതയുടെ ആറ് ഭാരവാഹികൾ പ്രസ്തുത ക്യാമ്പിൽ പങ്കെടുത്തു. 13-ാം തീയതി എടത്വ ജീസസ് കിഡ്സിന്റെ സോണൽ കൺവൻഷൻ, എടത്വായിൽ വച്ച് നടത്തപ്പെട്ടു. 140 വിദ്യാർത്ഥികൾ പങ്കെടുത്ത മീറ്റിൽ പെ. ബഹു. ജോൺ മണ്ണക്കുന്നേൽ അച്ചൻ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

ജൂലൈ മാസം നടത്താൻ തീരുമാനിച്ചിരുന്ന അൽഫോൻസാ ക്വിസ് മഴക്കെടുതി മൂലം ആഗസ്റ്റ് 3-ാം തീയതിയിലേക്ക് മാറ്റിവച്ചതായി അറിയിക്കുന്നു. ആഗസ്റ്റ് മാസം 10-ാം തീയതി നെടുംകുന്നം ജീസസ് കിഡ്സ് സോണൽ കൺവൻഷൻ ഉണ്ടായിരിക്കുന്നതാണ്. 17,18,19 തീയതികളിൽ ഹയർ സെക്കൻഡറി ക്യാമ്പ് എസ്.ബി.എച്ച്.എസ്.എസ്. ൽ നടത്തപ്പെടുന്നതാണ്.

ആഗസ്റ്റ് മാസത്തെ കാര്യപരിപാടികളിൽ സഹകരിച്ച് കെ. സി. എസ്. എൽ. പ്രവർത്തനങ്ങൾക്ക് കൂടുതൽ അഴക് നൽകുവാൻ നിങ്ങൾക്ക് സാധിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം,

**ഫാ. ലൈജു കണിച്ചേരിൽ**
(അസി. ഡയറക്ടർ)

**ഫാ. മാത്യു വാരുവേലിൽ**
(ഡയറക്ടർ)

വൈത്താക്കാലം സഭയുടെ വളർച്ചയെ സൂചിപ്പിക്കുന്ന കാലഘട്ടമാണ്. സഭയുടെ വളർച്ച അവളുടെ സന്താനങ്ങളുടെ വളർച്ചയാണ്. കേരളാ ലേബർ മൂവ്മെന്റ് അംഗങ്ങളായ നമുക്ക് വ്യക്തിപരമായി ആത്മശോധന ചെയ്യാം. സഭയോടുചേർന്ന് പ്രവർത്തിക്കാം. ഇടവകയോടു സഹകരിക്കാം. അതൊടൊപ്പം പ്രളയബാധിതമേഖലയിൽ കഴിയുന്ന നമ്മുടെ സഹോദരങ്ങളെ പ്രാർത്ഥനയിൽ ഓർക്കാം.

സ്നേഹപൂർവ്വം,

**പുത്തൻചിറ ജോസച്ചൻ**

## യൂണിറ്റ് തല സന്ദർശനം

കലവൂർ, മുഹമ്മ, ചങ്ങങ്കരി, വെട്ടിമുകൾ, പള്ളിക്കുന്ന്, ചെറുവാണ്ടൂർ, പള്ളിക്കൂട്ടുമ്മ, മാമ്പുഴക്കരി, കൊടിനാട്ടുകുന്ന്, വെളിയനാട്, കോട്ടയ്ക്കപുറം, തെള്ളകം, അതിരമ്പുഴ, തൃക്കൊടിത്താനം, കൂരോപ്പട, ചേപ്പുംപാറ, അയർക്കുന്നം, പൂമറ്റം, കടുവാക്കുളം എന്നീ യൂണിറ്റുകൾ സന്ദർശിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

## മരണാനന്തര സഹായനിധി

ജൂലൈ 15-ാം തിയതി ഞായറാഴ്ച വെളിയനാട് സെന്റ് ജോർജ്ജ് സംഘത്തിലെ പരേതനായ സേവ്യർ കിഴക്കേമറ്റത്തിന്റെ കുടുംബത്തിന് മരണാനന്തര സഹായമായി 1,12,000/- രൂപാ വെളിയനാട് സെന്റ് സേവ്യേഴ്സ് പള്ളിയിൽ വച്ച് കൈമാറി.

## ആദരാഞ്ജലികൾ

ചങ്ങനാശ്ശേരി അതിരൂപതാ കേരളാലേബർ മൂവ്മെന്റിലെ പുഴവാത് യൂണിറ്റിലെ സെന്റ് തോമസ് സംഘാംഗമായ എം.വി. സെബാസ്റ്റ്യൻ മേക്കരശേരി ജൂലൈ 20-ാം തിയതി നിര്യാതനായി അദ്ദേഹത്തിന്റെ കുടംബത്തോടുള്ള അനുശോചനവും, പ്രാർത്ഥനയും നേരുന്നു. പ്രാർത്ഥനയിൽ പ്രത്യേകം ഓർക്കാം.

## അതിരൂപതാ റീസോഴ്സ് ടീം കോ-ഓഡിനേറ്റേഴ്സ് സംഗമം നടത്തി

ജൂൺ മാസം 24-ാം തിയതി ചങ്ങനാശ്ശേരി പാസ്റ്റർ സെന്ററിൽ വച്ച് സംഗമം നടത്തി പുതുതായി നിയമിതനായ ഡയറക്ടർ ഫാ.ജോസ് പുത്തൻചിറ അച്ചന് സ്വാഗതവും കഴിഞ്ഞ 10 വർഷക്കാലം K.L.M -നെ നയിച്ച ഫാ. ബെന്നി കുഴിയടിക്ക് നന്ദിയും അർപ്പിച്ചു.

## മാസക്കണക്ക്

ഓരോ സംഘത്തിന്റെയും മാസക്കണക്ക് കൃത്യമായി അതിരൂപതാ ഓഫീസിൽ ഏൽപ്പിക്കാൻ ശ്രദ്ധിക്കുക. മുടക്കം നേരിട്ടിട്ടുള്ള സംഘങ്ങൾ ആഗസ്റ്റ് 31 നു മുമ്പായി ജൂലൈ 31 വരെയുള്ള കണക്ക് കൃത്യമായി ഏൽപ്പിക്കേണ്ടതാണ്.

## ദുരിതക്കയത്തിൽ താങ്ങായ് K.L.M

പ്രളയബാധിതമേഖലയായ കുട്ടനാടിന്റെ വേദനകളിൽ അവരോടൊപ്പം പങ്കുചേരുവാൻ ജൂലൈ മാസം 20-ാം തീയതി അതിരൂപതാ റിസോഴ്സ് ടീം അംഗങ്ങളും ബഹു. ഡയറക്ടറച്ചനും വെട്ടിത്തുരുത്ത്, മാമ്പുഴക്കരി, ചങ്ങങ്കരി, പള്ളിക്കൂട്ടുമ്മ,പുളിങ്കുന്ന്, കാവാലം, മങ്കൊമ്പ്, വെളിയനാട്, പുന്നക്കുന്ന്, കുമരങ്കരി, കുന്നങ്കരി, എന്നീ പ്രദേശങ്ങൾ സന്ദർശിക്കുകയും അവർക്കായി ഭക്ഷണ സാധനങ്ങൾ കൈമാറുകയും ചെയ്തു. ഇതിനായി സഹകരിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

## ലീജിയൻ ഓഫ് മേരി

ചങ്ങനാശ്ശേരി അതിരൂപത ലീജിയൻ ഓഫ് മേരി കമ്മീസിയത്തിന്റെ 780 മതും കൂരിയായുടെ 1020 മതും സമ്മേളനം 2018 ജൂലൈ 8 ന് ഉച്ചകഴിഞ്ഞ് 2:30 ന് പാറേൽ ലീജിയൻ ഹാളിൽവെച്ച് പ്രസിഡന്റ് ബ്ര. തോമസ് ഫിലിപ്പ് പാലാത്ത റയുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി.

പ്രാരംഭപ്രാർത്ഥന ജപമാല എന്നിവയ്ക്കുശേഷം പ്രസിഡന്റ് ജ്ഞാനവായന നിയമഗ്രന്ഥം ചാപ്റ്റർ 11 ലീജിയൻ പദ്ധതി, ലക്ഷ്യവും മാർഗ്ഗങ്ങളും എന്ന ഭാഗം വായിച്ചു.

ഡയറക്ടർ ബഹുമാനപ്പെട്ട ജോജോ പുതുവേലിൽ അച്ചനും, അതിരമ്പുഴ കൂത്രപ്പള്ളി എന്നീ കൂരിയാകളിൽനിന്നും വന്ന ഭാരവാഹികൾക്കും, ചങ്ങനാശ്ശേരി കമ്മീസിയവും ആയിട്ട് നേരിട്ട് ബന്ധമുള്ള 25 പ്രസീദിയങ്ങളെ പ്രതിനിധീക രിച്ചു വന്നിരുന്ന ഭാരവാഹികൾക്കും മറ്റ് വന്നിരുന്ന എല്ലാവർക്കും വൈസ് പ്ര സിഡന്റ് സിസ്റ്റർ വത്സമ്മ കൂട്ടുമ്മേൽ മാതാവിന്റെ നാമത്തിൽ സ്വാഗതം ആശം സിച്ചു. സെക്രട്ടറി ജെമിനി സുരേഷ് കണ്ണമ്പള്ളി ജൂൺ മാസത്തെ പ്രവർത്തന റിപ്പോർട്ടും 16.6.2018 –ൽ നടത്തിയ ഏകദിന വാർഷിക ധ്യാന റിപ്പോർട്ടും അവ തരിപ്പിച്ചു. തുടർന്ന് മുൻ ഖജാൻജി ബ്ര. ജോസ്സുകുട്ടി കരിങ്കണാമറ്റം ജൂൺ മാസ വരവു ചിലവു കണക്കുകൾ വായിച്ചു. കണക്കുകളും റിപ്പോർട്ടുകളും സഭ പാസ്സാക്കുകയും പ്രസിഡന്റും ഡയറക്ടർ അച്ചനും അതിൽ ഒപ്പു വെയ്ക്കു കയും ചെയ്തു.

അമലോൽഭവ മാതാ കുറുമ്പനാടം പ്രസീദിയം കഴിഞ്ഞ ജൂൺ മുതൽ ഉള്ള ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. കമ്മീസിയം അംഗീക രിച്ചു. അടുത്ത റിപ്പോർട്ട് സമർപ്പിക്കേണ്ടത് വാഗ്ദാന രാജ്ഞി പൊങ്ങന്താനം ആണെന്ന് സെക്രട്ടറി ഓർമ്മിപ്പിച്ചു.

തുടർന്ന് സൈനിക ജപശൃംഖല ചൊല്ലി ബഹുമാനപ്പെട്ട ജോജോ അച്ചൻ പ്രഭാഷണം നടത്തി. സഭ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ വിശ്വാ സികൾ എന്ന നിലയ്ക്കും അതിലുപരി മരിയൻ സൈന്യം എന്ന നിലയ്ക്ക് എങ്ങനെ കൈകാര്യം ചെയ്യണം എന്നത് അച്ചൻ വിശദമായി സംസാരി ച്ചു. സ്നേഹത്തിന്റെ കാരുണ്യപ്രവൃത്തികൾക്ക് മുൻതൂക്കം കൊടുത്ത് നന്മ ചെയ്തും നന്മ ചെയ്യിച്ചും കുഞ്ഞുങ്ങളെ വിശ്വാസമൂല്യങ്ങളെ മുൻ നിർത്തി ജീവിക്കുവാൻ മാതാപിതാക്കളായ സൈനികർ പഠിപ്പിക്കണം. മാത്രമല്ല മാതാപിതാക്കൾ കുഞ്ഞുങ്ങൾക്ക് ഉത്തമ മാതൃക ആയിരിക്കുകയും വേണം. അച്ചന്റെ പ്രഭാഷണത്തിനുശേഷം അവസാന ജപവും ചൊല്ലി വാഴ്ത്തപ്പെട്ടവനാ ക്കുവാനുള്ള ദൈവദാസൻ ഫ്രാങ്ക്ഡഫിനെക്കുറിച്ചുള്ള പ്രാർത്ഥനയും ചൊല്ലി, ബഹുമാനപ്പെട്ട ജോജോ അച്ചന്റെ അനുഗ്രഹ ആശീർവ്വാദവും സ്വീകരിച്ച് ചെറിയ ചായസൽക്കാരത്തിനുശേഷം പരസ്പരം സ്തുതിയും കൊടുത്ത് സൈനികർ സ്വഭവനങ്ങളിലേയ്ക്കു പോയി. 39 പേർ സന്നിഹിതരായിരുന്നു.

കമ്മീസിയത്തിനുവേണ്ടി,

**ഫാ. ജോജോ പുതുവേലിൽ**
ആദ്ധ്യാത്മീക നിയന്താവ്

**സി. ജെമിനി സുരേഷ് ജെ. കണ്ണമ്പള്ളി**
(സെക്രട്ടറി)

**"സമാധാനം - സൗഭാഗ്യം"**

പ്രിയ സഹോദരരെ,

നമ്മുടെ ഇന്ത്യയുടെ സ്വാതന്ത്ര്യദിനവും, പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണവും, വി. ക്ലാരയുടെ തിരുനാളും ആഘോഷിക്കുന്ന ദിനങ്ങളാണല്ലോ ആഗസ്റ്റ് മാസത്തിലൂടെ കടന്നുവരുന്നത്. രാഷ്ട്രപിതാവായ ഗാന്ധിജിയുടെ ആഹ്വാനമനുസരിച്ച് അഹിംസയുടെ പടവാളുമായി ഭാരതജനത നേടിയ ഐതിഹാസിക വിജയമായിരുന്നു നമ്മുടെ സ്വാതന്ത്ര്യദിനം, ദൈവഹിതമനുസരിച്ച് പ്രവർത്തിച്ച സഹരക്ഷകയായ പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണത്തിരുനാൾ മറിയത്തോടുള്ള തീക്ഷ്ണ സ്നേഹത്തിന്റെ പ്രതിഫലനമായി നമുക്കു മാറ്റാം. ഒപ്പം ഫ്രാൻസിസ്ക്കൻ ജീവിതശൈലിയുടെ സഹസാക്ഷ്യമായ വി. ക്ലാരപുണ്യവതിയുടെ തിരുനാൾ ഫ്രാൻസിസ്ക്കൻ അദ്ധ്യാത്മിക ജീവിതത്തിന്റെ സ്മാരകമായി മാറ്റുകയും ചെയ്യാം. ഭക്തിനിർഭരമായ ഈ സുദിനങ്ങൾ ആഘോഷിക്കുകയും അതിന്റെ നന്മയും വിശുദ്ധിയും ജീവിതത്തിൽ പകർത്തുകയും ചെയ്യാം.

## SFO അതിരൂപത മാനേജിംഗ് കമ്മറ്റി മീറ്റിംഗും പുതിയ SFO സ്പിരിച്ച്വൽ അസിസ്റ്റന്റിനു സ്വീകരണവും

SFO ചങ്ങനാശ്ശേരി അതിരൂപതാ മാനേജിംഗ് കമ്മറ്റി മീറ്റിംഗും. പുതിയതായി ചാർജെടുത്ത SFO യുടെ അതിരൂപതാ സ്പിരിച്ചൽ അസിസ്റ്റന്റ് അച്ചന് സ്വീകരണവും 10-7-2018 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2:30 ന് വാഴപ്പള്ളി ഗെത്സെമനി ആശ്രമത്തിൽ വെച്ച് അതിരൂപതാ പ്രസിഡന്റ് ബ്രദർ സിബിച്ചൻ സ്രാങ്കന്റെ അദ്ധ്യക്ഷതയിൽ സായാഹ്ന പ്രാർത്ഥനയോടുകൂടി ആരംഭിച്ചു. യോഗത്തിന് അതിരൂപതാ സെക്രട്ടറി സഹോദരി എൽസമ്മ സെബാസ്റ്റ്യൻ സ്വാഗതം ആശംസിച്ചു. പുതിയ SFO അതിരൂപതാ സ്പിരിച്ചൽ അസിസ്റ്റന്റായി ചാർജ്ജെടുത്ത ബഹു. തോമസ് വെട്ടിക്കാലായിൽ OFM Cap. നെ അതിരൂപതാ പ്രസിഡന്റ് ബൊക്ക നൽകി സ്വീകരിച്ചു. സെക്രട്ടറി കഴിഞ്ഞ യോഗറിപ്പോർട്ട് അവതരിപ്പിച്ചു. സിബിച്ചൻ സ്രാങ്കൻ അദ്ധ്യക്ഷ പ്രസംഗം നടത്തി. പുതിയ സ്പിരിച്ചൽ അസിസ്റ്റന്റ് ഫാ. തോമസ് വെട്ടിക്കാലയിൽ എല്ലാ ഭാരവാഹിയെ പരിചയപ്പെട്ടു. തുടർന്ന് ആമുഖ സന്ദേശം നൽകി എല്ലാവരുടെയും സഹകരണം യാചിച്ചു. തുടർന്ന് കഴിഞ്ഞ മാസങ്ങളിലായി നമ്മിൽനിന്നും വിട്ടുപിരിഞ്ഞ അംഗങ്ങൾക്കും ഭാരവാഹികൾക്കും ആദരാഞ്ജലികൾ അർപ്പിച്ചു പ്രാർത്ഥിച്ചു. തുടർന്ന് SFO ശതോത്തര ജൂബിലി ആഘോഷങ്ങളുടെ സമാപനം, ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ സ്മാരക ക്വിസ്മത്സരം, SFO യുടെ ഭ്രാതൃത്വതല തെരഞ്ഞെടുപ്പ്, യൂണിറ്റ് തലത്തിൽ വി. ഫ്രാൻസിസ് അസ്സീസിയുടെ നൊവേന തിരുനാൾ ആചരണം, SFO അതിരൂപതാ വാർഷികം എന്നിവയെക്കുറിച്ച് ചർച്ച ചെയ്ത് തീയതികൾ നിശ്ചയിച്ചു. ശതോത്തര സുവർണ്ണ ജൂബിലി സ്മാരക ഭവന നിർമ്മാണത്തിനുള്ള യൂണിറ്റ് വിഹിതങ്ങൾ സ്വീകരിച്ചു. SFO അതിരൂപതാ വൈസ് പ്രസിഡന്റ് പ്രമോദ് പി. ജോസഫ് മീറ്റിംഗിനു നന്ദി പറഞ്ഞു 5 മണിക്ക് മീറ്റിംഗ് പര്യവസാനിച്ചു.

## ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ സ്മാരക അഖില കേരളാ ക്വിസ്സ് മത്സരം

SFO ചങ്ങനാശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ 2018 സെപ്റ്റംബർ 1-ാം തീയതി ശനിയാഴ്ച രാവിലെ 9:30 ന് വാഴപ്പള്ളി ഗെത്സെമനി അരുമ സോഷ്യൽ സെന്ററിൽ വെച്ച് ദൈവദാസൻ പുത്തൻ പറമ്പിൽ തൊമ്മച്ചൻ സ്മാരക അഖില കേരള ക്വിസ്സ് മത്സരം നടത്തുന്നു.

**വിഷയങ്ങൾ** – നിയമാവർത്തനങ്ങൾ 5 മുതൽ 10 വരെ അദ്ധ്യായങ്ങൾ, പ്രഭാഷകൻ 1 മുതൽ 5 വരെ അദ്ധ്യായങ്ങൾ, മത്തായി 13 മുതൽ 18 വരെ അദ്ധ്യായങ്ങൾ, വി. ഫ്രാൻസീസ് അസ്സീസിയുടെ ജീവചരിത്രം (ഫാ. ലിയോ കീപ്രത്ത് എഴുതിയ പുസ്തകത്തിൽനിന്നും) 21 മുതൽ 34 വരെ അദ്ധ്യായങ്ങൾ ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ ജീവചരിത്രം ''സുവിശേഷ ഭാഗ്യങ്ങളുടെ മനുഷ്യൻ'' (പ്രൊഫ. ജെയിംസ് സെബാസ്റ്റ്യൻ എഴുതിയത്) എന്ന പുസ്തകത്തിൽ നിന്നും മുഴുവൻ അദ്ധ്യായങ്ങൾ എന്നിവയിൽ നിന്നുമായിരിക്കും ചോദ്യങ്ങൾ മത്സരവിജയികൾക്ക് ഒന്നാം സമ്മാനം 5000 രൂപയും എവർറോളിംഗ് ട്രോഫിയും, രണ്ടാം സമ്മാനം 3000 രൂപയും എവർറോളിംഗ് ട്രോഫിയും, മൂന്നാം സമ്മാനം 2000 രൂപയും എവർ റോളിംഗ് ട്രോഫിയും പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും പ്രോത്സാഹന സമ്മാനവും നൽകുന്നു. ഒരു ഭ്രാതൃത്വത്തിൽനിന്നും 2 പേരടങ്ങുന്ന രണ്ടു ടീമുകൾക്കുവരെ മത്സരത്തിൽ പങ്കെടുക്കാം. ചങ്ങനാശേരി അതിരൂപതയിലെയും മറ്റു രൂപതകളിലെയും SFO അംഗങ്ങൾക്കു മാത്രമേ പങ്കെടുക്കാൻ പാടുള്ളു. രജിസ്ട്രേഷൻ ഫീസ് 100 രൂപാ മാത്രം. ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ്. 2018 ആഗസ്റ്റ് 25-ാം തീയതി വൈകുന്നേരം 5 മണിവരെ രജിസ്ട്രേഷൻ സ്വീകരിക്കുകയുള്ളു. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ടീമുകൾ താഴെ പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക. ഫാ. തോമസ് വെട്ടിക്കാലായിൽ OFM Cap. 9061076261, ബ്ര. സിബിച്ചൻ സ്രാങ്കൻ 9447322927, എൽസമ്മ സെബാസ്റ്റ്യൻ മരങ്ങാട്ട് 04812473222, 9400944733, ക്വിസ്സ് മാസ്റ്ററുടെ തീരുമാനം അന്തിമമായിരിക്കും, മത്സരസഹായ പഠനഗ്രന്ഥങ്ങൾ വാഴപ്പള്ളി ഗെത്സെമനി ആശ്രമത്തിൽ ലഭ്യമാണ്. ചങ്ങനാശേരി അതിരൂപതയിലെ മുഴുവൻ ഭ്രാതൃത്വങ്ങളിൽനിന്നും ഒരു ടീമെങ്കിലും വീതം പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

## ഭ്രാതൃത്വതല തെരഞ്ഞെടുപ്പും, വി. ഫ്രാൻസിസ് അസീസ്സിയുടെ നൊവേനയും തിരുനാളും

SFO ഭ്രാതൃത്വതല തെരഞ്ഞെടുപ്പ് 2018 ആഗസ്റ്റ് 15 നു ശേഷം തെരഞ്ഞെടുപ്പ് ഷെഡ്യൂൾ അനുസരിച്ച് നടത്തുന്നതായിരിക്കും. തെരഞ്ഞെടുപ്പിനുള്ള അനുബന്ധകാര്യങ്ങളായ തരഞ്ഞെടുപ്പു വിജയത്തിനായുള്ള പ്രാർത്ഥന, തെരഞ്ഞെടുപ്പ് ഷെഡ്യൂൾ, ബഹു. വികാരിയച്ചന്മാർക്കുള്ള കത്ത്, തെരഞ്ഞെടുപ്പി റിപ്പോർട്ട് ഫോം എന്നിവ ഭ്രാതൃത്വ ഭാരവാഹികൾ കേന്ദ്ര ഓഫീസായ ഗെത്സെമനി ആശ്രമത്തിൽനിന്നും കൈപ്പറ്റേണ്ടതാണ്.

വി. ഫ്രാൻസീസ് അസ്സീസ്സിയുടെ ഭ്രാതൃത്വതല നൊവേന സെപ്റ്റംബറിൽ 25-ാം തീയതി ആരംഭിക്കുകയും, ഒക്ടോബർ 3-ാം തീയതി വിശുദ്ധന്റെ മരണദിനം (സ്വർഗ്ഗീയ പ്രവേശനം – ട്രാൻസിറ്റസ്) ആകയാൽ അന്നേദിവസം SFO അംഗങ്ങൾ ഉപവാസദിനമായി ആചരിക്കുകയും ഒക്ടോബർ 4-ാം തീയതി തിരുനാളായി ആഘോഷിക്കുകയും ചെയ്യുക.

SFO അതിരൂപതാ വാർഷീകവും ശതോത്തര സുവർണ്ണ ജൂബിലി സമാപനവും എടത്വാ സെന്റ് ജോർജ് ഫൊറോനാ പള്ളിയിൽവെച്ച് നടത്തുന്നതായിരിക്കും.

## നിര്യാതരായി

നാലുകോടി സെന്റ് തോമസ് ഭ്രാതൃത്വത്തിലെ സീനിയർ അംഗമായ സഹോദരി അന്നമ്മ തോമസ് (81) ഉപ്പിണിയിൽ, പാറേൽ സെന്റ് മേരീസ് ഭ്രാതൃത്വാംഗമായ സഹോദരി തങ്കമ്മ ജോസഫ് (78) പാലമുറിയിൽ എന്നിവർ നിര്യാതരായി. SFO നേതൃത്വാംഗങ്ങൾ പരേതരുടെ ഭവനത്തിലെത്തി പ്രാർത്ഥിക്കുകയും ശവസംസ്ക്കാര കർമ്മങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. പരേതർക്കുവേണ്ടി തുടർന്നും പ്രാർത്ഥിക്കേണമെ.

നമ്മുടെ ഭാരതത്തിന്റെ സ്വാതന്ത്ര്യദിനത്തിന്റെയും, പരിശുദ്ധ മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളിന്റെയും, വി, ക്ലാര പുണ്യവതിയുടെ (ആഗസ്റ്റ് 11) തിരുനാളിന്റെയും മംഗളങ്ങൾ ഒരിക്കൽക്കൂടി ആശംസിച്ചുകൊണ്ട് SFO യുടെ ഇനിയുമുള്ള എല്ലാ പ്രവർത്തനങ്ങളെയും ദൈവതിരുമുമ്പിൽ സമർപ്പിച്ചുകൊണ്ട് ,

ഒത്തിരി സ്നേഹത്തോടെ,

**ബ്ര. സിബിച്ചൻ സ്രാങ്കൻ**
SFO അതിരൂപതാ പ്രസിഡന്റ്

**ഫാ. തോമസ് വെട്ടിക്കാലായിൽ** OFM. Cap.
SFO അതിരൂപതാ Spiritual Assistant

ബഹു. അച്ചാ/സുഹൃത്തേ,

ചാസിൽ നിന്നും ആശംസകൾ !!!

കുട്ടനാടൻ മേഖല ജൂലൈ മദ്ധ്യത്തോടെ രണ്ടാമതൊരു വെള്ളപ്പൊക്കത്തിനുകൂടി വേദിയായിരിക്കുകയാണ്. ജൂൺ മാസത്തിലുണ്ടായ വെള്ളപ്പൊക്കകെടുതികളെ കുട്ടനാടൻ ജനത അതിജീവിച്ചുവരുമ്പോഴാണ് അപ്രതീക്ഷിതമായി ജൂലൈ 15 -ാം തീയതി മുതൽ തിമർത്തുപെയ്ത ഇടവപ്പാതി കുട്ടനാടിനെ ആകമാനവും താഴ്ന്ന പ്രദേശങ്ങളെ ഭാഗീകമായും പ്രളയജലത്തിൽ മുക്കികളഞ്ഞത്. കിഴക്കൻ മേഖലയിലുണ്ടായ ഉരുൾപ്പൊട്ടലുകൾ പ്രളയദുരന്തത്തിന്റെ വ്യാപ്തിവർദ്ധിപ്പിച്ചു.

ചാസിന്റെ ആഭിമുഖ്യത്തിൽ വളരെ വിപുലമായ ദുരിതാശ്വാസപ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. അടിയന്തിരപ്രാധാന്യം നല്കി വെള്ളപ്പൊക്കബാധിതമേഖലകളിലൊക്കെ ഭക്ഷ്യവസ്തുക്കളെത്തിക്കാൻ നമുക്ക് കഴിഞ്ഞു. ചങ്ങനാശ്ശേരി അതിരൂപതയ്ക്കൊപ്പം തലശ്ശേരി, പാലക്കാട് രൂപതകളും മറ്റ് രൂപതകളിലെ പല ഇടവകകളും ദുരിതാശ്വാസപ്രവർത്തനത്തിൽ കണ്ണിചേർന്നു. അവരോടുള്ള നമ്മുടെ നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു.

ഇപ്പോൾ പ്രളയജലം ഇറങ്ങിതുടങ്ങി. പ്രളയാനന്തര കാലഘട്ടം നമ്മുടെ പ്രത്യേക പരിഗണന അർഹിക്കുന്നു. വരും നാളുകളിൽ പകർച്ച വ്യാധികൾ വ്യാപകമാകാനുള്ള സാധ്യതയേറെയാണ്. ഇപ്പോഴത്തെ സാഹചര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള പകർച്ചവ്യാധികൾ വന്നുപെട്ടാൽ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിക്കാനുള്ള സാധ്യത കൂടുതലാണ്. അതുകൊണ്ടുതന്നെ വെള്ളം തിളപ്പിച്ചാറിച്ചും ക്ലോറിനേഷൻ നടത്തിയുമൊക്കെ ഉപയോഗിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. ഭക്ഷണസാധനങ്ങൾ പഴകിയവയും തണുത്തതും ഒഴിവാക്കണം. രോഗം വന്നതിനുശേഷം ചികിത്സിക്കുന്നതിനേക്കാൾ നല്ലത് രോഗം വരാതെ സൂക്ഷിക്കുന്നതാണല്ലോ. അതുകൊണ്ടുതന്നെ ചാസ് യൂണിറ്റുകളും മറ്റ് സംഘടനാഭാരവാഹികളും ഒരുമയോടെ ഇക്കാര്യങ്ങൾ പൊതുസമൂഹത്തെ ഓർമ്മിപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ബോധവത്ക്കരണപരിപാടികൾക്കൊപ്പം അടിയന്തിര സാഹചര്യം നേരിടാൻ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും നേതൃത്വം നൽകണം. വെള്ളപ്പൊക്കത്തിനുശേഷം ബലക്ഷയമുള്ള വീടുകളിൽ താമസിക്കുന്നവർ പ്രത്യേകം ശ്രദ്ധിക്കണം; അപകടങ്ങൾ ഒഴിവാക്കണം.

സർക്കാരിനും മറ്റ് ഏജൻസികൾക്കുമൊപ്പം നമുക്കും കഴിയുന്നവിധം പുനരധിവാസപ്രവർത്തനങ്ങൾ നടത്തേതുണ്ട്. ഇക്കാര്യത്തിൽ എല്ലാവരുടെയും സഹായ സഹകരണങ്ങൾ ഉണ്ടാകണമെന്ന് താത്പര്യപ്പെടുന്നു.

ആശംസകളോടെ,

**ഫാ. ജോസഫ് കളരിക്കൽ**
ഡയറക്ടർ

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. തോമസ് കുളത്തുങ്കൽ**
(അസി. ഡയറക്ടേഴ്സ്)

## അറിയിപ്പുകൾ

**2018 ആഗസ്റ്റ് മാസത്തെ മേഖലതല പരിപാടികൾ**

| തീയതി | മേഖല | പരിപാടികൾ |
|---|---|---|
| 18 | അതിരമ്പുഴ, കോട്ടയം, കുടമാളൂർ | കർഷകദിനം |
| 21 | ചാസ് | കോഴിവളർത്തൽ പരിശീലനം |
| 26 | | |
| 27 | കോട്ടയം | ഖാദിഫെസ്റ്റ് മീറ്റിംഗ്- കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് മീറ്റ് |
| 27 | ചങ്ങനാശ്ശേരി | ഖാദിഫെസ്റ്റ് മീറ്റിംഗ്- കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് മീറ്റ് |

### SAFP മേഖലാ സംഗമം

| തീയതി | മേഖല | യൂണിറ്റ് |
|---|---|---|
| 18 | കുട്ടനാട് | കൈതവന |

**ആഗസ്റ്റ് മാസത്തെ യൂണിറ്റുതല പ്രത്യേക പരിപാടികൾ**

| തീയതി | യൂണിറ്റ് | പരിപാടികൾ |
|---|---|---|
| 01 | മീൻകുളം | തയ്യൽപരിശീലനം ആരംഭം |
| 02 | പാണ്ടി | ഫ്ളവർ അറേഞ്ച്മെന്റ് പരിശീലനം |
| 02 | മണ്ണഞ്ചേരി | ഫ്ളവർ അറേഞ്ച്മെന്റ് പരിശീലനം |
| 02 | വെട്ടിക്കൽപുരയിടം | സ്വാശ്രയസംഘസംഗമം |
| 04 | പുതുശ്ശേരി | സംഘരൂപീകരണം |
| 04 | രാജഗിരി | ആശാകിരണം-കാൻസർബോധവത്ക്കരണം |
| 04 | ചാഞ്ഞോടി | ജെഎൽജി സംഗമം |
| 04 | മീൻകുളം | ഫ്ളവർ മേക്കിംഗ്-പരിശീലനം |
| 04 | കടയനിക്കാട് | ഫാർമേഴ്സ് ക്ലബ് രൂപീകരണം |
| 05 | ആർപ്പൂക്കര | ഫാർമേഴ്സ് ക്ലബ് മീറ്റിംഗ് |
| 05 | തൃക്കൊടിത്താനം | കാൻസർരോഗനിർണ്ണയ ക്യാമ്പ് |
| 07 | കുടമാളൂർ | മേഖലാ എക്സിക്യൂട്ടീവ് |
| 07 | കായൽപ്പുറം | സ്വാശ്രയസംഘസംഗമം |
| 09 | പുന്നമട | ബേക്കറി പരിശീലനം |
| 09 | പുളിങ്കുന്ന് | മേഖലാ എക്സിക്യൂട്ടീവ് |
| 10 | ആര്യങ്കാവ് | ഫ്ളവർമേക്കിംഗ് പരിശീലനം |
| 10 | തൃക്കൊടിത്താനം | മേഖലാ എക്സിക്യൂട്ടീവ് |
| 11 | പുറക്കാട് | സ്വാശ്രയസംഘസംഗമം |
| 13 | വായ്പൂർ | ആശാകിരണം-കാൻസർബോധവത്ക്കരണം |
| 13 | അറുന്നൂറ്റിൻപാടം | സ്വാശ്രയസംഘസംഗമം |
| 13 | ആറുമാനൂർ | സ്വാശ്രയസംഘരൂപീകരണം |
| 13 | കൂരോപ്പട | കാർഷിക സെമിനാർ |
| 14 | ഫിൽഗിരി | യൂണിറ്റ് എക്സിക്യൂട്ടീവ് |
| 15 | ഡാൽമുഖം | ആശാകിരണം-കാൻസർബോധവത്ക്കരണം |
| 16 | പുല്ലങ്ങടി | ഫ്ളോർമാറ്റ് നിർമ്മാണ പരിശീലനം |
| 17 | കൂത്രപ്പള്ളി | ഫ്ളോർമാറ്റ് നിർമ്മാണം |

| | |
|---|---|
| 17 മണ്ണാർകുന്ന് | അഗ്രിക്കൾച്ചർ സെമിനാർ |
| 17 പെരുങ്കാവ് | സ്വാശ്രയസംഘസംഗമം |
| 18 ചേപ്പുംപാറ | കാർഷിക സെമിനാർ |
| 18 നാലുകോടി | കർഷകദിനാചരണം |
| 18 മുട്ടാർ ന്യൂ | ആശാകിരണം-കാൻസർബോധവത്ക്കരണം |
| 20 മീൻകുളം | സ്വാശ്രയസംഘസംഗമം |
| 21 പള്ളാത്തുരുത്തി | ബേക്കറി പരിശീലനം |
| 22 നെടുമണ്ണി | ആശാകിരണം-കാൻസർബോധവത്ക്കരണം |
| 23 നരിക്കൽ | കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് മീറ്റിംഗ് |
| 24 പുന്നക്കുന്നം | സ്വാശ്രയസംഘ രൂപീകരണം |
| 24 കുടമാളൂർ | ഓണാഘോഷം |
| 24 പുന്നത്തുറ | ഫാർമേഴ്സ് ക്ലബ് മീറ്റ് & അഗ്രിക്കൾച്ചർ സെമിനാർ |
| 25 അയർക്കുന്നം | സ്വാശ്രയസംഘസംഗമം |
| 25 ചീപ്പുങ്കൽ | ഓണാഘോഷം |
| 25 അതിരമ്പുഴ | സ്വയംതൊഴിൽ പരിശീലനം |
| 26 മുടിയൂർക്കര | ഓണാഘോഷം |
| 27 ഐക്കരച്ചിറ | ഓണാഘോഷം |
| 27 അതിരമ്പുഴ | കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് മീറ്റിംഗ് |
| 27 കാവാലം, തോട്ടുവാത്തല | ഫ്ളോർമാറ്റ് നിർമ്മാണപരിശീലനം |
| 28 തകഴി | മേഖലാ എക്സിക്യൂട്ടീവ് |
| 30 കുളത്തൂർ | സ്വാശ്രയസംഘസംഗമം |

## ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി **2018 ജൂലൈ മാസം** ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

### (1) SHG മരണാനന്തര സഹായം

| പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|
| 372. വിജയമ്മ കെ. കല്ലിൽ | അഭയ | കുറുമ്പനാടം | കുറുമ്പനാടം |

### (2) മ്യൂച്വൽ ബെനിഫിറ്റ് സ്കീം

### മരണാനന്തരസഹായം

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 168. മറിയാമ്മ ജോബ്, പടിഞ്ഞാറേവീട് | കൂത്രപ്പള്ളി | നെടുംകുന്നം |
| 169. രവി കക്കാരവിള | രാജഗിരി | അമ്പൂരി |
| 170. ശൗര്യാർ ആന്റണി, പോളയ്ക്കൽ | കൊടുപ്പുന്ന | എടത്വാ |
| 171. ഏലിയാമ്മ മാത്യു, മനയത്തുശ്ശേരിയിൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 172. റോസമ്മ മത്തായി, മാങ്കുഴി | നാൽപ്പാത്തിമല | അതിരമ്പുഴ |
| 173. തങ്കമ്മ രാജു വടക്കേടം | തായങ്കരി | എടത്വാ |
| 174. കെ.പി. ജോസഫ്, കോട്ടയ്ക്കൽ | പഴവങ്ങാടി | ആലപ്പുഴ |
| 175. തേലമ്മ ഇക്നേഷ്യസ്, തയ്യിൽ | പഴവങ്ങാടി | ആലപ്പുഴ |
| 176. സിബി ജോർജ്ജ്, കിഴക്കേചൂരപ്പുഴ | വെട്ടിമുകൾ | അതിരമ്പുഴ |

### (3)ജീവകാരുണ്യനിധി

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2018 ജൂലൈ മാസം 24 ഇടവകകളിൽ നിന്നും ബഹു. വികാരിയച്ചന്മാരുടെ കത്ത് ലഭിച്ച 39 അപേക്ഷകർക്ക് 67,650/- രൂപ നൽകി.

### (4) സേവ് എ ഫാമിലി പ്ലാൻ (SAFP)

2018 ജൂലൈ മാസം 15 ഗുണഭോക്താക്കൾക്ക് 1,76,000/- രൂപ സഹായധനം അനുവദിച്ചു.

### പുതിയകുടുംബങ്ങൾ

ജൂലൈ മാസം കുട്ടനാട് മേഖലയിൽ നിന്നും കുടുംബോദ്ധാരണ പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾ

| യൂണിറ്റ് | കുടുംബങ്ങളുടെ എണ്ണം |
|---|---|
| മരിയാപുരം | 3 |
| മുട്ടാർ ഓൾഡ് | 2 |
| കരുവാറ്റ | 2 |
| കായൽപുറം | 1 |
| പുന്നക്കുന്നം | 2 |
| പുല്ലങ്ങടി | 2 |

## കേന്ദ്രവാർത്തകൾ

### SAFP സുവർണ്ണ ജൂബിലി ആഘോഷിച്ചു

ചാസിന്റെ സേവ് എ ഫാമിലി പദ്ധതിയുടെ സുവർണ്ണ ജൂബിലി ആഘോഷം ചങ്ങനാശ്ശേരി മാർ ജയിംസ് കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽ ജൂൺ 31 ന് ആഘോഷിച്ചു. മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ജസ്റ്റീസ് ആന്റണി ഡൊമിനിക്ക് ഉദ്ഘാടനം ചെയ്തു. ആർച്ചു ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം അദ്ധ്യക്ഷതവഹിച്ചു. സുവർണ്ണ ജൂബിലി സ്മാരക സുവനീറിന്റെ പ്രകാശനം സഹായമെത്രാൻ മാർ തോമസ് തറയിൽ നിർവഹിച്ചു. സേവ് എ ഫാമിലി പ്ലാൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. മാർഷൽ മേലാപ്പിള്ളി മുഖ്യപ്രഭാഷണം നടത്തി. വികാരി ജനറാൾ റവ. ഡോ. ജോസഫ് മുണ്ടകത്തിൽ സമ്മാനദാനം നിർവഹിച്ചു. ഫാ. ജോസഫ് കളരിക്കൽ, ഫാ. ജോർജ്ജ് മാന്തുരുത്തിൽ, ഫാ. തോമസ് കുളത്തുങ്കൽ എന്നിവർ പ്രസംഗിച്ചു. പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. സേവ് എ ഫാമിലി പ്ലാൻ പദ്ധതിയിലൂടെ 8188 കുടുംബങ്ങളെ സ്വയംപര്യാപ്തതയുടെ പാതയിലേയ്ക്ക് നയിക്കാൻ കുടുംബോദ്ധാരണ പദ്ധതിക്ക് സാധിച്ചു. ജൂബിലിയോടനുബന്ധിച്ച് ഉന്നതവിദ്യാഭ്യാസം നടത്തുന്ന 50 കുട്ടികൾക്ക് ഡിഷ്ണറി വിതരണം ചെയ്തു.

### ആശാകിരണം-കൊളാഷ് മത്സരവിജയികൾക്ക് സമ്മാനം വിതരണം ചെയ്തു

വിശ്വാസോത്സവത്തോടനുബന്ധിച്ച്, സൺഡേ സ്കൂളുകൾക്കായി ചാസ് നടത്തിയ ആശാകിരണം-കൊളാഷ് മത്സരത്തിൽ വിജയികളായ (1-ാം സ്ഥാനം ഇമ്മാക്കുലേറ്റ് ഹാർട്ട്, സൺഡേ സ്കൂൾ, കൈതവന, ആലപ്പുഴ 2-ാം സ്ഥാനം സെന്റ്. ജോസഫ്സ് സൺഡേ സ്കൂൾ, ചമ്പക്കര, നെടുംകുന്നം, 3-ാം സ്ഥാനം നിർമ്മലഭവൻ തിരുവന്തപുരം) സൺഡേസ്കൂളുകൾക്ക് 2018 ജൂൺ 30 ന് യഥാ

ക്രമം 10,000/-, 7,500/-, 5,000/- രൂപ കാഷ് അവാർഡും മെമന്റോയും നൽകി ചാസ് പ്രസിഡന്റ് വെരി. റവ. ഫാ. ജോസഫ് മുണ്ടകത്തിൽ ആദരിച്ചു.

### മൈക്രോ ക്രെഡിറ്റ് വായ്പാമേള

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ 45 സ്വാശ്രയ സംഘങ്ങൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനായി ഓരോ ലക്ഷം രൂപവീതം 45 ലക്ഷം രൂപ ലഭ്യമാക്കി. 2018 ജൂലൈ 20 വെള്ളിയാഴ്ച 2.30 ന് ചാസ് ആഡിറ്റോറിയത്തിൽ KSBCDCഡിസ്ട്രിക്ക്ട് ജില്ലാ മാനേജർ ശ്രീ. ജിതിൻ പി.പി. ഉദ്ഘാടനം നിർവഹിച്ചു. ചാസ് പ്രസിഡന്റ് റവ. ഡോ. ജോസഫ് മുണ്ടകത്തിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, KSBCDC മാനേജർ ശ്രീ. രാജേഷ് എം.ജി. എന്നിവർ പ്രസംഗിച്ചു. സോഷ്യൽ സയന്റിസ്റ്റ് ഡോ. ജോസഫ് എബ്രഹാം ലോൺ തുകയുടെ വിനിയോഗത്തെക്കുറിച്ചും തിരിച്ചടവ് നിബന്ധനകളും വിശദീകരിച്ചു. 98 പേർ പങ്കെടുത്തു.

### അക്വാപോണിക്ക് കൃഷി-സെമിനാർ

അക്വാപോണിക്ക് കൃഷിരീതി ഇന്ന് ഏറെ പ്രോത്സാഹിക്കപ്പെടുന്നുണ്ട്. രാസവളങ്ങളോ കീടനാശിനികളോ ഇല്ലാതെ ഒരേ സമയം മീനും പച്ചക്കറികളും ഉത്പാദിപ്പിക്കുവാൻ കഴിയുന്ന അക്വാപോണിക്ക് കൃഷിയെ കുറിച്ച് 2018 ജൂലൈ 24 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ചാസ് കോൺഫ്രൺസ് ഹാളിൽ സെമിനാർ സംഘടിപ്പിച്ചു. റിട്ട. കൃഷി ഓഫീസർ ശ്രീ. ലൂക്കാ ജോർജ്ജ് സെമിനാർ നയിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ചു. 42 അംഗങ്ങൾ പങ്കെടുത്തു.

## മേഖലാവാർത്തകൾ

## NEW SHG സംഗമം

**കുളത്തൂർ** യൂണിറ്റിൽ ജൂൺ 24 ന് പുരുഷസ്വാശ്രയസംഘ സംഗമം സംഘടിപ്പിച്ചു. മണിമല മേഖലയിലെ 6 സംഘങ്ങളിൽനിന്നായി 64 അംഗങ്ങൾ പങ്കെടുത്തു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ആന്റോ മുട്ടത്തിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ക്ലാസ് നയിച്ചു.

**പള്ളാത്തുരുത്തി** ജൂലൈ 1-ാം തീയതി ഞായറാഴ്ച 2 മണിക്ക് ചാസ് പള്ളാത്തുരുത്തി യൂണിറ്റിൽവച്ച് കുട്ടനാട് മേഖലയിലെ പുരുഷ സ്വാശ്രയസംഘ സംഗമം സംഘടിപ്പിച്ചു. സംഘങ്ങളുടെ പ്രവർത്തനമേഖലകൾ സാധ്യതകൾ ഇവയെക്കുറിച്ച് ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ വിശദമായി സംസാരിച്ചു. പള്ളാത്തുരുത്തി യൂണിറ്റ് സെക്രട്ടറി പി.സി. തോമസ്, കൈനകരി യൂണിറ്റ് സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ കൈതാരം എന്നിവർ പ്രസംഗിച്ചു.

## New SHG പരിശീലനം

**കോട്ടയം** മേഖലയിലെ പുതിയ സ്വാശ്രയസംഘാംഗങ്ങൾക്കുവേണ്ടി ജൂൺ 28 ന് പരിശീലന പരിപാടി സംഘടിപ്പിച്ചു. പാമ്പാടി, കൂരോപ്പട യൂണിറ്റുകളിൽ നിന്നുള്ള 49 അംഗങ്ങൾ പങ്കെടുത്തു.

**ആലപ്പുഴ** മേഖലയിലെ പുതിയ സ്വാശ്രയസംഘങ്ങൾക്കുവേ ജൂൺ 29 ന് ആറാട്ടുവഴി യൂണിറ്റിൽവച്ച് പരിശീലന പരിപാടി സംഘടിപ്പിച്ചു. 48 അംഗങ്ങൾ പങ്കെടുത്തു.

## സ്വാശ്രയസംഘസംഗമവും ദുരിതാശ്വാസവിതരണവും

**എടത്വാ** യൂണിറ്റിൽ സ്വാശ്രയസംഘസംഗമവും വെള്ളപ്പൊക്കദുരിതാശ്വാസ സഹായവിതരണവും നടത്തി. മൂന്ന് ഭവനങ്ങൾക്ക് സാമ്പത്തിക സഹായവും യൂണിറ്റിലെ എല്ലാ സംഘാംഗങ്ങളുടെയും മക്കൾക്ക് നോട്ടുബുക്ക് വിതരണവും നടത്തി. സെന്റ് അലോഷ്യസ് എൽ.പി. സ്കൂളിലെ കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങാനുള്ള സാമ്പത്തിക സഹായവും നല്കി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോൺ മണക്കുന്നേൽ വിതരണോദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് മഹിളാസമാജം ഭാരവാഹികൾ നേതൃത്വം നൽകി. വെള്ളപ്പൊക്കദുരിതമനുഭവിച്ച കൈനകരി യൂണിറ്റിൽ ഭക്ഷണസാമഗ്രികൾ വിതരണം ചെയ്തു.

**മുടിയൂർക്കര** യൂണിറ്റിലെ സ്വാശ്രയസംഘങ്ങളുടെ സംഗമം 21.07.2018 ൽ നടത്തി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജെയിംസ് കലയംകണ്ടമറ്റത്തിൽ ഉദ്ഘാടനം നിർവഹിച്ചു. മാധ്യമങ്ങളുടെ സ്വാധീനം സ്ത്രീകളിലും കുട്ടികളിലും എന്ന വിഷയത്തിൽ ഡോ. ലിജി മോൾ (മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി) ക്ലാസ് നയിച്ചു. 67 അംഗങ്ങൾ പങ്കെടുത്തു. മേഖലാ പ്രസിഡന്റ് ശ്രീ. ബെന്നി പടിഞ്ഞാറേപ്പറമ്പിൽ, യൂണിറ്റ് പ്രസിഡന്റ് ശ്രീ. ജോസ് പാറയ്ക്കൽ, മേഖലാ കോ-ഓർഡിനേറ്റർ ശ്രീ. പി.വി. വർക്കി പുതിയാപറമ്പിൽ എന്നിവർ പ്രസംഗിച്ചു.

## മേഖലാ PME

**കോട്ടയം, കുടമാളൂർ, അതിരമ്പുഴ** മേഖലകളുടെ സംയുക്ത PME കോട്ടയം ശാസ്ത്രി റോഡിലുള്ള ഖാദി ഭവനിൽ ജൂലൈ 9 തിങ്കളാഴ്ച നടത്തപ്പെട്ടു.

**ആലപ്പുഴ, എടത്വ, കുട്ടനാട്** മേഖലകളുടെ സംയുക്ത PME പള്ളിക്കൂട്ടുമ്മ ഖാദി പാലസിൽ ജൂലൈ 10 ന് നടത്തപ്പെട്ടു.

**ചങ്ങനാശ്ശേരി, തൃക്കൊടിത്താനം, തുരുത്തി, കുറുമ്പനാടം** മേഖലകളുടെ സംയുക്ത PME ചാസ് കേന്ദ്രഓഫീസിൽ ജൂലൈ 7 ശനിയാഴ്ച നടത്തപ്പെട്ടു.

**നെടുംകുന്നം, മണിമല** മേഖലകളുടെ സംയ്ക്ത PME നെടുംകുന്നം ഫൊറോനാ പള്ളിയിൽ ജൂലൈ 12 വ്യാഴാഴ്ച നടത്തപ്പെട്ടു.

കെയർ എ ഫാമിലി, സ്വയംതൊഴിൽ പരിശീലനങ്ങൾ, ക്രെഡിറ്റ് യൂണിയൻ പ്രവർത്തനത്തിന്റെ കണക്കുകൾ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന്റെ ഭാഗമായി സോഫ്റ്റ് വെയർ സിസ്റ്റം പരിശീലനം, ഓണംഖാദി ഫെസ്റ്റ് എന്നിവയെകുറിച്ച്, ചാസ് ഡയറക്ടർ റവ. ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർമാരായ ഫാ. ജോർജ്ജ് മാന്തുരുത്തിൽ, ഫാ. തോമസ് കുളത്തുങ്കൽ എന്നിവർ സംസാരിച്ചു.

## ഓണത്തിന് ഒരുമുറം പച്ചക്കറി

ഓണത്തിന് ഒരുമുറം പച്ചക്കറി ഉദ്പ്പാദിപ്പിക്കുന്നതിന്റെ ഭാഗമായി യൂണിറ്റിലെ എല്ലാ സ്വാശ്രയസംഘാംഗങ്ങൾക്കും ജൂലൈ 7 ന് പച്ചക്കറിവിത്ത് വിതരണം ചെയ്തു.

## യൂണിറ്റ് വാർഷികം

മങ്കൊമ്പ് യൂണിറ്റിന്റെ പ്രഥമവാർഷികം ജൂലൈ 15 ഞായറാഴ്ച 2.30 ന് പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. മൈക്കിൾ കിങ്ങണംചിറ അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനകർമ്മം നിർവഹിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

## തയ്യൽ പരിശീലനം

പെരുങ്കാവ് യൂണിറ്റിൽ 25 വനിതകൾക്കായി ജൂലൈ 23 ന് തയ്യൽപരിശീലനം ആരംഭിച്ചു.

## സാരി പെയിന്റിംഗ് പരിശീലനം

നാൽപ്പാത്തിമല യൂണിറ്റിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘാംഗങ്ങൾക്കുവേണ്ടിയും തയ്യൽ പരിശീലനം നടത്തുന്ന വനിതകൾക്കുവേണ്ടിയും സാരി പെയിന്റിംഗ് പരിശീലനം സംഘടിപ്പിച്ചു. ശ്രീമതി സുനിത ജോസഫ് ക്ലാസ് നയിച്ചു. 35 പേർ പങ്കെടുത്തു.

## സ്വാശ്രയ സംഘരൂപീകരണം

| തീയതി | സംഘം | യൂണിറ്റ് | അംഗങ്ങൾ |
|---|---|---|---|
| 04.07.2018 | മന്ന | കരിമ്പനക്കുളം | 19 |
| 04.07.2018 | സെന്റ് തെരേസ | കൂരോപ്പട | 14 |
| 18.07.2018 | ആശ്രയ | കുറുമ്പനാടം | 17 |
| 18.07.2018 | സെന്റ് ജോസഫ് | വെരൂർ | 20 |
| 18.07.2018 | കാരുണ്യ | തെള്ളകം | 10 |
| 18.07.2018 | സെന്റ് ആന്റണീസ് | മണിമല | 13 |

## മദ്യമയക്കുമരുന്ന് ആസക്തിക്ക് സൗജന്യനിരക്കിൽ ഹോമിയോ ചികിത്സാ സംവിധാനം

സ്നേഹ ബഹു. അച്ചാ/സിസ്റ്റർ/സഹോദരരെ

നമ്മുടെ സമൂഹത്തിൽ ലഹരിവസ്തുക്കൾക്ക് അടിമകൾ ആകുന്നരീതി വർദ്ധിച്ച് വരികയാണല്ലോ, ഈ അവസരത്തിൽ ലഹരിവസ്തുക്കൾക്ക് എതിരായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. കൂട്ടായശ്രമത്തിലൂടെ നമുക്ക് ലഹരിക്കെതിരെ പ്രവർത്തിക്കാൻ കഴിയണം.

ആത്മതാകേന്ദ്രം കഴിഞ്ഞ 10 വർഷത്തിൽ അധികമായി വളരെ മാതൃകാപരവും പാർശ്വഫലങ്ങൾ ഇല്ലാത്തതുമായ ലഹരിക്കെതിരായ ഹോമിയോ ചികിത്സ നടത്തിവരുന്ന കാര്യം അറിവുള്ളതാണല്ലോ. അച്ചൻ/സിസ്റ്റർ പ്രത്യേക ശ്രദ്ധയെടുത്ത് വിദഗ്ധരായ ഡോക്ടർമാരുടെ നേതൃത്വത്തിൽ നടത്തുന്ന ചികിത്സയിൽ നിന്ന് ഫലം എടുക്കാൻ ആളുകൾക്ക് ബോധനം നല്കി സഹായിക്കണമെ. മദ്യമയക്കുമരുന്ന് ആസക്തിക്കും മറ്റ് ഇതര രോഗങ്ങൾക്കും ടി കേന്ദ്രങ്ങളിൽ സൗജന്യനിരക്കിലാണ് മരുന്ന് ലഭിക്കുന്നത് എന്നവിവരവും പാർശ്വഫലങ്ങൾ ഇല്ലാ എന്നകാര്യവും ഇടവക ജനത്തെ ബോധിപ്പിച്ച് ചികിത്സയിലൂടെ ഫലം എടുക്കാൻ വേണ്ടതു ചെയ്യണമെ.

### സപ്പോർട്ട് എ ചൈൽഡ് പദ്ധതി

2004-ൽ ആത്മതാകേന്ദ്രം ആരംഭിച്ച നിത്യരോഗികളുടെ മക്കളുടെ പഠനത്തിനും പോഷകാഹാരത്തിനും സഹായിക്കുന്ന സപ്പോർട്ട് എ ചൈൽഡ് പദ്ധതിയിൽ എച്ച്.ഐ.വി അണുബാധിതരായ കുട്ടികൾ/അണുബാധിതരായവരുടെ മക്കൾ/മാനസിക വൈകല്യമുള്ളവരുടെ കുട്ടികൾ /ക്യാൻസർ ബാധിത കുട്ടികൾ/ക്യാൻസർ ബാധിതരുടെ കുട്ടികൾ എന്നിവർക്ക് ദിവസങ്ങൾ കഴിയുന്തോറും കൂടുതൽ സഹായം ആവശ്യമായി വരുന്നു. സഹായത്തിനായി നിരവധി ആളുകൾ ആത്മതാകേന്ദ്രം ഓഫിസിൽ വന്ന് അപേക്ഷിച്ചു കൊണ്ടിരിക്കുകയുമാണ്. ഇപ്പോൾ ചങ്ങനാശ്ശേരി, പത്തനംതിട്ട എന്നിവിടങ്ങളിലെ സപ്പോർട്ട് എ ചൈൽഡ് പദ്ധതി സമ്മേളനത്തിലൂടെ പ്രതിമാസം 80,000/-ൽ അധികം രൂപാ സഹായമായി നല്കി വരുന്നു എന്നാൽ പുതിയ ധാരാളം അപേക്ഷകരെ സഹായിക്കാൻ നമുക്ക് സാധിക്കുന്നില്ല ആയതിനാൽ സുമനസ്സുകളുടെ സഹായം അപേക്ഷിക്കുന്നു. ആത്മതാകേന്ദ്രത്തിൽ നല്കുന്ന സംഭാവനയ്ക്ക് 80 G (vi) പ്രകാരം ആനുകൂല്യം ലഭിയ്ക്കുന്നതാണ് സാമ്പത്തികമായി സഹായിക്കാൻ കഴിവുള്ളവർ സഹായിക്കാൻ ശ്രദ്ധിക്കണമെ. കഴിഞ്ഞമാസം പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, കൊല്ലം ജില്ലകളിൽ നിന്നായി 60 പേർക്ക് 39400/ രൂപയുടെ സഹായവും, ന്യൂട്രീഷ്യൻ കിറ്റും വിതരണം ചെയ്തു.

### ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം

ലഹരി വിമുക്തി ആഗ്രഹിക്കുന്നവർക്ക് പ്രാർത്ഥനയിലൂടെയും ധ്യാനത്തിലൂടെയും വിമുക്തിയുടെ മാർഗ്ഗം തുറക്കാൻ കുന്നന്താനം പ്രൊവിഡൻസ് റിന്യൂവൽ

സെന്ററിൽ ഫാ. തോമസ് കൊച്ചെള്ളേച്ചംകളം, ഫാ. തോമസ് താന്നിയത്ത്, എന്നിവരുടെ നേതൃത്വത്തിൽ എല്ലാ മാസവും ലഹരിവിമുക്ത കുടുംബവിശുദ്ധീകരണ ധ്യാനം നടത്തുന്നു. സൗജന്യമായി നടത്തുന്ന ഈ ധ്യാനത്തിൽ ശാസ്ത്രവേദി ചെയർമാൻ ഡോ. പരമേശ്വരക്കുറുപ്പ്, മൾട്ടി സ്പെഷ്യാലിറ്റി ഹോമിയോ ഹോസ്പിറ്റൽ എം.ഡി. ഡോ. എസ്.ജി. ബിജു എന്നിവർ സൗജന്യമായി ഹോമിയോ മരുന്ന് നല്കി വരുന്നു. അടുത്ത ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം 2018 ഓഗസ്റ്റ് 16 മുതൽ ഓഗസ്റ്റ് 19 വരെ ദിവസങ്ങളിൽ, കുന്നന്താനം പ്രൊവിഡൻസ് റിന്യുവൽ സെന്ററിൽ വച്ച് നടത്തുന്നു. വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് സമാപിക്കുന്നു. മേൽവിലാസവും, ഫോൺ നമ്പരും താഴെ ചേർക്കുന്നു.

പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം, തിരുവല്ല
ഫോൺ നമ്പർ : 0469 2693413, 2690414, 9495193406

**ഫാ. ജോസ് പുത്തൻചിറ**
ഡയറക്ടർ

NB. ഇടവക തലത്തിലും, വാർഡുതലത്തിലും സംഘടനാ തലത്തിലും, ലഹരി ബോധവത്ക്കരണ ക്ലാസ്സുകൾ, കൺവെൻഷൻ എന്നിവ ക്രമീകരിക്കുന്നതിന് ആത്മതാകേന്ദ്രവുമായി ബന്ധപ്പെടുക.
ഫോൺ നമ്പർ : 0481 2411819 / 8921505386

## കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി അതിരൂപതാ യോഗം

കെ.സി.ബി.സി മദ്യവിരുദ്ധ സമിതി ചങ്ങനാശ്ശേരി അതിരൂപതാ യോഗം 29.6.18 – ൽ പാസ്റ്ററലിൽ വച്ച് അതിരൂപതാ പ്രസിഡന്റ് ശ്രീ.റാംസെ ജെ.റ്റി. മെതിക്കളത്തിന്റെ അദ്ധ്യക്ഷതയിൽ കൂടി അതിരൂപതാ ഡയറക്ടർ ഫാ.ജോസ് പുത്തൻചിറ യോഗം ഉത്ഘാടനം ചെയ്തു. സംസ്ഥാനത്ത് പുതിയ മദ്യ ഉത്പാദന യൂണിറ്റുകൾ ആരംഭിയ്ക്കാനുള്ള നീക്കം ഉപേക്ഷിക്കണമെന്നും ഓൺലൈൻ മദ്യവ്യാപാരം എത്രയും വേഗം തടയണമെന്നും യോഗം സർക്കാരിനോട് ആവശ്യപ്പെട്ടു. മദ്യസംസ്ക്കാരത്തിനെതിരായി യൂണിറ്റുകൾ ഇടവകകളിൽ ആരംഭിക്കേണ്ട ആവശ്യകത ചർച്ച ചെയ്തു. കുടുതൽ യൂണിറ്റുകൾ ആരംഭിയ്ക്കുന്നതിനു പ്രത്യേകിച്ച് ചങ്ങനാശ്ശേരി, തുരുത്തി, തൃക്കൊടിത്താനം ഫൊറോനകളിൽ കൂടുതൽ ശ്രദ്ധിക്കുന്നതിനും തീരുമാനിച്ചു. യോഗത്തിൽ സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. തോമസുകുട്ടി മണക്കുന്നേൽ, ബേബിച്ചൻ തടത്തിൽ, ജോയിച്ചൻ മുട്ടത്തേട്ട്, കെ.പി.മാത്യു കടന്തോട്, ജോസി കല്ലുകളം, ബിജു കൊച്ചുപുരയ്ക്കൽ, ഷാജി വാഴേപ്പറമ്പിൽ, പാപ്പച്ചൻ നേര്യംപറമ്പിൽ, ആന്റണി കൂരിക്കാട്ട്, റോസമ്മ കാടാശ്ശേരി, ലൗലി മാളിയേക്കൽ, മേരിക്കുട്ടി പാറേക്കടവിൽ, ചാക്കോച്ചൻ പഴയപറമ്പിൽ. തോമസ് കല്ലുകളം, റ്റി.എം മാത്യു തച്ചിലേട്ട് എന്നിവർ പ്രസംഗിച്ചു.

## കരിദിനാചരണം

1. ചങ്ങനാശ്ശേരി അതിരൂപത DCMS ന്റെയും വിജയപുരം രൂപത DCMS ന്റെയും സംയുക്താഭിമുഖ്യത്തിൽ 2018 ആഗസ്റ്റ് 10 കരിദിനമായ് കോട്ടയത്തു വച്ച് നടത്തുന്നു. എല്ലാ അംഗങ്ങളുടെ സഹകരണം പ്രതീക്ഷിച്ചുകൊള്ളുന്നു.

## യൂണിറ്റ് സന്ദർശനം

2. DCMS അതിരൂപത ഡയറക്ടർ ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരിയുടെ നേതൃത്വത്തിൽ അതിരൂപതാ DCMS, DCVS, DCYL കമ്മിറ്റിയംഗങ്ങളുംചേർന്ന് 2018 ജൂലൈ 29-ാം തീയതി ഞായർ രാവിലെ 9 മണിമുതൽ ചങ്ങനാശ്ശേരി ഫൊറോനയിലെ ചീരംഞ്ചിറ, ചെത്തിപ്പുഴ, പറാൽ, ചങ്ങനാശ്ശേരി, വെട്ടിത്തുരുത്ത്, തുരുത്തി ഫൊറോനായിലെ ഇത്തിത്താനം എന്നീ ഇടവകകളിൽ സന്ദർശനം നടത്തുന്നതാണ്.

എന്ന്,

**മാത്യു ജോസഫ്**
ജന: സെക്രട്ടറി

**ഫാ. ജസ്റ്റിൻ കായംകുളത്തുശേരി**
ഡയറക്ടർ

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

''ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന (ഫിലി. 2:6-7) വ്യക്തി ജീവിതത്തിൽ നാമിന്നും ചെയ്യുന്ന കാര്യങ്ങൾ തരംതിരിച്ച് ആവശ്യത്തിലുള്ളവ മാത്രം സ്വീകരിച്ച് ബാക്കിയുള്ളവയെ പരിത്യജിക്കുവാൻ തയ്യാറാവണം. ഓരോരുത്തരും തങ്ങളുടെ ന്യായമായ സുഖസൗകര്യങ്ങൾ നിവർത്തിച്ചശേഷം ബാക്കിയുള്ള ദരിദ്രർക്കും, ആവശ്യക്കാരുമായിട്ടുള്ളവർക്കും നൽകുവാൻ സ്വമേധയാ തീരുമാനമെടുക്കണം. ഇതാണു വിൻസെൻഷ്യൻ പ്രവർത്തകർ ലാളിത്യമെന്ന് ഉപവി പ്രവർത്തിയിലൂടെ സ്വീകരിക്കേണ്ട അടിസ്ഥാന ധർമ്മം. തന്റെ അദ്ധ്വാനഫലം, തന്റെ സഹോദരനനുകൂടി അർഹതപ്പെട്ടതാണെന്നുള്ള സുവിശേഷ ചിന്ത നാമുൾക്കൊള്ളണം. ഇപ്രകാരം പാവപ്പെട്ടവരും പരിത്യജിക്കപ്പെട്ടവരുമാണ് അർഹതപ്പെട്ടവരിൽ ഒന്നാം സ്ഥാനത്തു നിൽക്കുന്നത്'' എന്നാൽ നീ സദ്യ നടത്തുമ്പോൾ ദരിദ്രർ, വികലാംഗർ, മുടന്തർ, കുരുടർ എന്നിവരെ ക്ഷണിക്കുക. അപ്പോൾ നീ ഭാഗ്യവാനായിരിക്കും. എന്തെന്നാൽ, പകരം നൽകാൻ അവരുടെ കൈയ്യിൽ ഒന്നുമില്ല. നീതിമാൻമാരുടെ പുനരുത്ഥാനത്തിൽ നിനക്കു പ്രതിഫലം ലഭിക്കും'' (ലൂക്കാ. 14:13-14).

നമ്മുടെ യഥാർത്ഥ വലിപ്പം, നാം ദൈവത്തിന്റെ നീതിയും, സ്നേഹവും കാരുണ്യവും എല്ലാവർക്കും അനുവർത്തിക്കുന്നതിലാണ് അടങ്ങിയിരിക്കുന്നത്. നമ്മുടെ കുടുംബങ്ങളിൽ പാവങ്ങളോടുള്ള കരുണയിലും പങ്കുവയ്ക്കലിലും ജീവിതത്തിന്റെ അവിഭാജ്യഘടകങ്ങളായി കാണണം. ഈ ശൈലി നാം സ്വന്തമാക്കുമ്പോഴുള്ള നഷ്ടങ്ങളെ നേട്ടങ്ങളായി കാണുമ്പോഴാണ് ഈശോയുടെ ലാളിത്യഭാവം യഥാർത്ഥത്തിൽ ജീവിക്കുന്നത്, ''പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ, നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ'' (ലൂക്കാ. 6:36).

## കാലവർഷകെടുതി

നമ്മുടെ സി.സി.യിലെ ഏകദേശം എട്ടോളം ഏരിയാ കൗൺസിലിനു കീഴിലുള്ള കോൺഫ്രൻസ്സുകൾ ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തലത്തിൽ ഈ വർഷത്തെ വെള്ളപ്പൊക്കത്തിൽ ദുരിതമനുഭവിക്കുന്നവരാണ്. ദേശീയ കൗൺസിലിൽ ഇക്കാര്യം സൂചിപ്പിച്ചപ്പോൾ ഒരു ചെറിയ സഹായം നല്കാമെന്ന് ഉറപ്പ് അധികൃതരിൽനിന്ന് ലഭിക്കുകയുണ്ടായി. ഈ അവസ്ഥയിൽ അവരെ സഹായിക്കുവാൻ സാധിക്കുന്ന ഏതെങ്കിലും കോൺഫറൻസുകൾ ഉണ്ടെങ്കിൽ എ.സി. പ്രസിഡന്റുമാർ മുഖാന്തരം ആ ധനമാർഗ്ഗം സി.സി.യെ ഏല്പിച്ചാൽ തുടർനടപടികൾ സമയബന്ധിതമായി സ്വീകരിച്ച് അർഹതപ്പെട്ടവർക്ക് നൽകുന്നതായിരിക്കും. ഇതിനെ ഒരു നിർബന്ധമായി കണക്കാക്കരുത്. ആവശ്യത്തിലിരിക്കുന്ന നമ്മുടെ സഹോദരങ്ങൾക്ക് നമ്മാൽ കഴിയുന്ന ഒരു കൈത്താങ്ങ് എന്ന മനോഭാവത്തോടെ മാത്രം ഇതിനെ സ്വീകരിക്കുക.

## കുട്ടനാട് ദുരന്തം

ഏവർക്കും അറിയാവുന്നതുപോലെ നമ്മുടെ ആലപ്പുഴ മേഖലയിൽ പ്രത്യേകിച്ചും കുട്ടനാട് താലൂക്കിലെ ജനങ്ങൾ വെള്ളപ്പൊക്കം മൂലം ദുരിതം അനുഭവിക്കുകയാണല്ലോ. സഹോദര്യത്തോടെ പ്രവർത്തിക്കുക എന്നത് വിൻസെൻഷ്യൻ പ്രവർത്തകരായ നമ്മുടെ കടമയാണല്ലോ. തൻനിമിത്തം ഏറ്റവും അടുത്ത സമ്മേളനദിവസത്തെ രഹസ്യപ്പിരിവ് അതിനായി ഉപയോഗപ്പെടുത്തക്കവിധം ഓരോ ഡി.സി. പ്രസിഡന്റുമാരും കോൺഫ്രൻസ് പ്രസിഡന്റുമാരും പ്രവർത്തിക്കണം. അതു യുദ്ധകാലാടിസ്ഥാനത്തിൽ സി.സി.യിൽ ഏൽപ്പിക്കുകയും ചെയ്യണം.

## ചരമ അറിയിപ്പ്

നമ്മുടെ കുടമാളൂർ എ.സി.യുടെ സെക്രട്ടറിയായി പ്രവർത്തിച്ച വി.വി. സിറിയക്ക് വെള്ളാനിക്കലും, കുറുമ്പനാടം എ.സി.യുടെ സെക്രട്ടറിയായി പ്രവർത്തിച്ച ബഹു. ജേക്കബ് തോമസ് മുക്കടയും പെരുന്ന വെസ്റ്റ് കോൺഫ്രൻസ് അംഗം ബഹു. മാത്തച്ചൻ കൂട്ടുമ്മേലും ഈ കാലയളവിൽ നമ്മിൽനിന്നു വേർപ്പെടുകയുണ്ടായി. പരേതരുടെ ആത്മാവിനു നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നു.

## സി.സി. മീറ്റിംഗ്

അടുത്ത സി.സി. മീറ്റിംഗ് സെപ്റ്റംബർ മാസം 8-ാം തീയതി ശനിയാഴ്ച സൊസൈറ്റി ഓഫീസിൽ പതിവുസമയത്തു കൂടുന്നതാണ്.

ഭൂമിയിൽ വിശുദ്ധിയിൽ വ്യാപരിച്ചുകൊണ്ട് സ്വർഗ്ഗത്തിലെ വിശുദ്ധരുടെ കൂട്ടായ്മയോട് നമുക്ക് സദാ ഐക്യപ്പെടുവാൻ പരിശ്രമിക്കാം. പരിശുദ്ധ കന്യകാമറിയത്തിന്റെയും, വി. വിൻസെന്റ് ഡി പോളിന്റെയും വാഴ്ത്തപ്പെട്ട ഫ്രഡറിക്ക് ഓസാനാമിന്റെയും മാധ്യസ്ഥം നമുക്ക് അതിനു തുണയാകട്ടെ.

ഈശോയിൽ സ്നേഹത്തോടെ,

**ബ്ര. ആന്റണി തോമസ്**
കാനാറിക്കാവുങ്കൽ
സി.സി.പ്രസിഡന്റ്

## വിൻസെൻഷ്യാ 2018 അഖില കേരളാ വിൻസെൻഷ്യൻ ക്വിസ്സ് മത്സരം

സഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ സഭയോട് ചേർന്ന് പ്രവർത്തിക്കുന്ന ഏറ്റവും വലിയ അൽമായ സംഘടനയായ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയെപ്പറ്റിയും, വിശുദ്ധ വിൻസെന്റ് ഡി പോൾ, വാഴ്ത്തപ്പെട്ട ഫ്രഡറിക്ക് ഓസാനാം എന്നിവരെപ്പറ്റിയും ഇളം തലമുറയ്ക്ക് അറിവും പ്രചോദനവും ലഭിക്കുന്നതിനുവേണ്ടി വിൻസെന്റ് ഡി പോൾ സൊസൈറ്റി ചങ്ങനാശേരി സെൻട്രൽ കൗൺസിലിന്റെ കീഴിലുള്ള ചമ്പക്കുളം സെന്റ് മേരീസ് കോൺഫറൻസിന്റെ ആഭിമുഖ്യത്തിൽ വിൻസെൻഷ്യാ - 2018 എന്ന പേരിൽ 4-ാമത് അഖില കേരള ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ജീവകാരുണ്യ പ്രേഷിത പ്രവർത്തനങ്ങളിൽ താൽപര്യമുള്ള തലമുറയെ വാർത്തെടുക്കുന്നതിനുവേണ്ടിയുള്ള ഈ പരിശ്രമത്തിലേയ്ക്ക് എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

**വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക:** എം.സി. കുഞ്ചപ്പൻ 9447596751, രാജു സേവ്യർ 9446921060, ടോം സി. ദേവസ്യ 9495439436.

CFCA

## കെയർ ഹോംസ് ഫെല്ലോഷിപ്പ് (CFCA), മാർ കാവുകാട്ട് പാലിയേറ്റീവ് & ഹെൽത്ത് കെയർ

ചങ്ങനാശേരി അതിരൂപതാതിർത്തിയിൽ അതിരൂപതയുടെ നേരിട്ടും, സന്ന്യസ്ത–അൽമായ നേതൃത്വങ്ങളിലും പ്രവർത്തിക്കുന്ന കെയർ ഹോമുകളുടെ അതിരൂപതാതല കൂട്ടായ്മയായ കെയർ ഹോം ഫെല്ലോഷിപ്പ് (CFCA) ന്റെയും മാർ തോമസ് തറയിൽ പിതാവിന്റെ മെത്രാഭിഷേക സ്മാരകമായി തുടക്കം കുറിച്ച മാർ കാവുകാട്ട് മെമ്മോറിയൽ പാലിയേറ്റീവ് & ഹെൽത്ത് കെയറിന്റെയും 2018 ജൂലൈ മാസത്തെ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ടും വരും മാസങ്ങളിലെ പ്രധാന പരിപാടികളും.

### പാലിയേറ്റീവ് കെയർ വാർഷികം - പുതുക്കരി

പുതുക്കരി സെന്റ് സേവ്യേഴ്സ് ചർച്ചിൽ പാലിയേറ്റീവ് കെയർ വാർഷികവും സന്ന്യാസ പ്രവർത്തകസംഗമവും 2018 ജൂലൈ 8-ാം തീയതി സംഘടിപ്പിച്ചു. അതിരൂപത ഡയറക്ടർ ഫാ. സോണി മുണ്ടുനടയ്ക്കൽ വികാരി ഫാ. ആന്റണി നൈനാപറമ്പിൽ കൈക്കാരന്മാർ, പാലിയേറ്റീവ് പ്രതിനിധികൾ തുടങ്ങിയവർ വിവിധ പരിപാടികൾക്ക് നേതൃത്വം നൽകി. വാർഷിക വിലയിരുത്തലും വരും വർഷത്തേക്കുള്ള കർമ്മരേഖാവതരണവും ഇതോടൊപ്പം നടന്നു.

### പാലിയേറ്റീവ് മാർഗനിർദേശക പരിശീലനം - ഇരവുചിറ

പാലിയേറ്റീവ് പ്രവർത്തനങ്ങൾ ഇടവകയിൽ ആരംഭിക്കാനും, ഇടവക സംഘടന നേതാക്കൾക്ക് പ്രവർത്തനങ്ങൾ വിശദീകരിക്കാനും ലക്ഷ്യം വച്ചുകൊണ്ട് മാർ കാവുക്കാട് പാലിയേറ്റീവ് & ഫാമിലി ഹെൽത്ത് കെയറിന്റെ നേതൃത്വത്തിൽ ഇടവകതലത്തിൽ സംഘടിപ്പിച്ചുവരുന്നന മാർഗനിർദേശക പരിശീലനം 2018 ജൂലൈ 1 ഞായർ ഉച്ചകഴിഞ്ഞ് 3 മണി മുതൽ ഇരവുചിറ സെന്റ് മേരീസ് ചർച്ചിൽ വെച്ച് നടന്നു. അതിരൂപത ഡയറക്ടർ ഫാ. സോണി മുണ്ടുനടയ്ക്കൽ, ഡോ. സി. വിജയാ പുതുശ്ശേരിൽ എംഎംഎസ്, ഇടവകവികാരി റവ. ഫാ. ളൂയിസ് വെള്ളാനിക്കൽ തുടങ്ങിയവർ പ്രസംഗിച്ചു. ഇടവകപ്രതിനിധികൾ, കൂട്ടായ്മ, സംഘടനാ ഭാരവാഹികൾ തുടങ്ങിയവർ വിവിധ പരിപാടികൾക്കും, ചർച്ചകൾക്കും നേതൃത്വം നൽകി.

### പാലിയേറ്റീവ് തുടർപരിശീലനം - മാമ്മൂട്

തിരഞ്ഞെടുക്കപ്പെട്ട പാലിയേറ്റീവ് സന്നദ്ധ പ്രവർത്തകർക്കുള്ള തുടർപരിശീലനവും പദ്ധതികർമ്മ പദ്ധതിയുടെ അവതരണവും തുടർപദ്ധതി വിശകലനവും 2018 ജൂലൈ 24 ചൊവ്വാഴ്ച മാമ്മൂട് ലൂർദ് മാതാ ദേവാലയത്തിൽവച്ച് നടന്നു. അതിരൂപതാ ഡയറക്ടർ ഫാ. സോണി മുണ്ടുനടയ്ക്കൽ, വികാരി ഫാ. സോണി എട്ടുപറയിൽ, പാലിയേറ്റീവ് സന്നദ്ധപ്രവർത്തകർ തുടങ്ങിയവർ വിവിധ പരിപാടികൾക്ക് നേതൃത്വം നൽകി.

### വെള്ളപ്പൊക്ക ദുരിതാശ്വാസത്തിൽ അതിരൂപതയോടൊപ്പം

കുട്ടനാടിനെയും അപ്പർ കുട്ടനാടിനെയും പൂർണ്ണമായും ദുരിതത്തിലാഴ്ത്തിയ വെള്ളപ്പൊക്ക ദുരിതാശ്വാസപദ്ധതികൾക്ക് മാർ കാവുകാട് പാലിയേ

റ്റീവ് ഫാമിലി ഹെൽത്ത് കെയറിന്റെയും, കെയർ ഹോം ഫെല്ലോഷിപ്പിന്റെയും സജീവ സാന്നിധ്യം ഡയറക്ടർ ഫാ. സോണി മുണ്ടുനടയ്ക്കലിന്റെയും സന്നദ്ധ ടീമിന്റെയും നേതൃത്വത്തിൽ അതിരൂപതയോടൊപ്പം ഉണ്ടായി. വിവിധ ഇടവകകൾ, സംഘടനകൾ തുടങ്ങിയവരുടെ നേതൃത്വത്തിൽ നടന്ന ഭക്ഷ്യവസ്തുക്കൾ, വസ്ത്രങ്ങൾ, ഇതര സഹായക്രമീകരണങ്ങൾ തുടങ്ങിയവയുടെ സമാഹരണത്തിലും വിതരണത്തിലും സജീവ പങ്കാളിത്തം വഹിച്ചു. കുട്ടനാട്ടിലെ മുഴുവൻ കെയർ ഹോമുകളിലും അവിടുത്തെ അന്തേവാസികളുടെ ഭക്ഷണ, തുടർ സഹായങ്ങളിലും അതിരൂപതാ ഹെൽപ് ഡെസ്കിന്റെ നേതൃത്വത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുകയും തുടർ സഹായങ്ങൾ നൽകുകയും ചെയ്തു. ഇല്ലായ്മക്കിടയിലും കുട്ടനാട്ടിലെ ദുരിതാശ്വാസത്തിന് സാധനങ്ങൾ തന്ന് സഹായിച്ച് മാതൃകയായ കുന്നന്താനം പ്രോവിഡൻസ് ഹോം, കോട്ടപ്പുറം അനുഗ്രഹ സ്കൂൾ തുടങ്ങിയവർക്ക് പ്രത്യേകം നന്ദി. ആരോഗ്യ ബോധവത്ക്കരണത്തിലും പകർച്ചവ്യാധി പരിരക്ഷയിലും കൂടുതൽ ബോധവത്കരണ മെഡിക്കൽ ക്യാമ്പ് ക്രമീകരണങ്ങൾ നടത്താനുള്ള ശ്രമത്തിലാണ് പാലിയേറ്റീവ് പ്രവർത്തകർ. കുട്ടനാട്ടിലെ ജനങ്ങളോടൊപ്പം ജാതി-മത ഭേദമന്യേ നിലകൊണ്ട ചങ്ങനാശ്ശേരി അതിരൂപതയോടൊപ്പം കാരുണ്യത്തിന്റെ വലിയ ശുശ്രൂഷയിൽ പങ്കാളിയാവാൻ അതിരൂപതാതല പാലിയേറ്റീവ് കെയർ ഹോം കൂട്ടായ്മകൾക്ക് സാധിച്ചു.

## പ്രതിഷേധ മൗനറാലി

ഭാരതകത്തോലിക്കാ സഭയെ ആകമാനം വേദനിപ്പിക്കുകയും മുറിപ്പെടുത്തുകയും ചെയ്ത റാഞ്ചി മദർ തെരേസ ഹോമിൽ നടന്ന മനുഷ്യത്വരഹിതമായ കേന്ദ്ര ഗവൺമെന്റിന്റെ നടപടികൾക്കെതിരെ മണിമല ഫൊറോനയുടെ നേതൃത്വത്തിൽ വായ് മൂടിക്കെട്ടി പ്രതിഷേധ റാലിയും പൊതുസമ്മേളനവും നടന്നു. മണിമല ഫൊറോനാപ്പള്ളി ഗ്രോട്ടോയിൽനിന്ന് ആരംഭിച്ച് ബസ്സ്റ്റാന്റ്, മുങ്ങാനി ചുറ്റി മണിമല പുത്തൻപള്ളി ഗ്രോട്ടോയിൽ സമാപിച്ച പ്രതിഷേധ റാലിക്ക് ഫാ. ജോർജ് കൊച്ചുപറമ്പിൽ, ഫാ. സോണി മുണ്ടുനടയ്ക്കൽ, ഫാ. ജോൺ വി. തടത്തേൽ തുടങ്ങിയവർ നേതൃത്വം നൽകി. തുടർന്ന് നടന്ന സമ്മേളനത്തിൽ കെയർ ഹോംസ് അതിരൂപത ഡയറക്ടർ റവ. ഫാ. സോണി മുണ്ടുനടയ്ക്കൽ മുഖ്യപ്രഭാഷണം നടത്തി. കാഞ്ഞിരപ്പള്ളി എം.എൽ.എ. പ്രൊഫ. എൻ. ജയരാജ്, റവ. ഡോ. ജോൺ വി. തടത്തേൽ, ഫൊറോന വികാരി റവ. ഫാ. ജോർജ് കൊച്ചുപറമ്പിൽ തുടങ്ങിയവർ സംസാരിച്ചു. പ്രതിഷേധ മൗനറാലിയിലും തിരികത്തിച്ചുള്ള സമാപനപ്രാർത്ഥനയിലും മുന്നൂറോളം വിശ്വാസികൾ പങ്കെടുത്തു.

## ആഗസ്റ്റ് 3 പ്രാർത്ഥനാദിനം

റാഞ്ചി മദർ തെരേസാ ഹോമിനോടനുബന്ധിച്ച് നടന്ന കേന്ദ്രസർക്കാരിന്റെ തെറ്റായ നടപടികൾക്കും കെയർ ഹോമുകൾ വിവിധ അധികാര കേന്ദ്രങ്ങളിൽ നിന്ന് നേരിടുന്ന പ്രയാസങ്ങൾക്കും എതിരെ ആഗസ്റ്റ് മൂന്നാം തീയതി വെള്ളിയാഴ്ച അതിരൂപതയിലെ മുഴുവൻ കെയർ ഹോമുകളിലും പ്രാർത്ഥനാദിനാചരണം നടത്താൻ തീരുമാനിച്ചു. ഭാരതകത്തോലിക്കാസഭയുടെ നേതൃത്വത്തിൽ നടക്കുന്ന കാരുണ്യഭവനങ്ങളെ സമർപ്പിച്ചുള്ള പ്രാർത്ഥനയഞ്ജത്തിൽ വൈദികർ, സന്ന്യസ്തർ, അൽമായ സുഹൃത്തുക്കൾ തുടങ്ങിയവർ നേതൃത്വം നൽകും.

## സെപ്റ്റംബർ 5 - മദർ തെരേസാദിനം

അതിരൂപത കെയർ ഹോം കൂട്ടായ്മയുടെ നേതൃത്വത്തിൽ 2018 സെപ്റ്റംബർ 5ന് മദർ തെരേസാദിനം അതിരൂപതാതലത്തിലും വിവിധ കെയർ ഹോം, ഇടവക, സംഘടനാതലങ്ങളിലും നടത്താനുള്ള വിവിധ ക്രമീകരണങ്ങൾ നടന്നുവരുന്നു. വിശദവിവരങ്ങൾ പിന്നാലെ അറിയിക്കുന്നതാണ്.

## കെയർ ഹോം ഗ്രൂപ്പ്

അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവിന്റെ കത്തിൽ സൂചിപ്പിച്ചതുപോലെ അതിരൂപതയിലെ മുഴുവൻ കെയർ ഹോമുകളോടും അനുബന്ധിച്ച് കെയർ ഹോം സപ്പോർട്ട് ഗ്രൂപ്പ് രൂപീകരിച്ചുവരികയാണ്. 2018 സെപ്റ്റംബർ 5 മദർ തെരേസാ ദിനത്തിനുമുമ്പ് ഈ കൂട്ടായ്മകൾ രൂപീകരിക്കാനുള്ള അഭി. പിതാവിന്റെ നിർദ്ദേശം പ്രത്യേകം ഓർമ്മിപ്പിക്കുന്നു. അതാത് സ്ഥാപനങ്ങളോടനുബന്ധിച്ച് പ്രവർത്തിക്കാൻ സന്നദ്ധതയുള്ള സേവനസന്നദ്ധരായ, പ്രാർത്ഥനാചൈതന്യമുള്ള അൽമായ സുഹൃത്തുക്കളെയാണ് സപ്പോർട്ട് ഗ്രൂപ്പിൽ ഉൾപ്പെടുത്തേണ്ടത്. സ്ഥാപന നടത്തിപ്പിന് സഹായകരവും സജീവ നേതൃത്വം കൊടുക്കാൻ കഴിയുന്നവരുമായ പ്രൊഫഷണലുകൾ, വനിതകൾ, റിട്ടയേർഡ് വ്യക്തികൾ തുടങ്ങിയവരെയും ഈ ഗ്രൂപ്പിൽ ഉൾപ്പെടുത്തണം. മീറ്റിംഗുകളുടെ സമയം അറിയിക്കുന്നതിനനുസരിച്ച് അതിരൂപതാ ടീമും പങ്കെടുക്കുകയും മാർഗ്ഗനിർദേശങ്ങളും തുടർസഹായങ്ങളും നൽകുകയും ചെയ്യുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക്,

**ഫാ. സോണി മുണ്ടുനടയ്ക്കൽ – 9446329242**
**ഹെൽപ്ലൈൻ – 9946000599**

സ്നേഹത്തോടെ,

**റവ. ഡോ. സോണി മുണ്ടുനടയ്ക്കൽ**
(ഡയറക്ടർ)

കൂടുതൽ വിവരങ്ങൾക്ക്: 9961049933, 9946000599

സമൃദ്ധമായ പ്രേഷിത തീഷ്ണത, ക്രിസ്തീയ പരിശീലനത്തിനുള്ള സുശക്തമായ കോഴ്സുകൾ, തിരുസഭയോടുള്ള വിധേയത്വത്തിലും വിശ്വസ്തതയിലുമുള്ള സജീവ സാക്ഷ്യം, ദരിദ്രരുടെ ആവശ്യങ്ങളോടുള്ള ആർജ്ജവത്വം, ദൈവവിളികളുടെ ആധിക്യം ഇവയൊക്കെ നിങ്ങളിൽ വ്യക്തമായി പ്രകടമാണ്.

**ബെനഡിക്റ്റ് പതിനാറാമൻ മാർപാപ്പാ**
അൽമായരുടെ പൊന്തിഫിക്കൽ കൗൺസിലിൽ വച്ച് (മെയ് 17, 2008)

## സോണൽ സർവ്വീസ് ടീം മീറ്റിംഗ്

ജൂലൈ മാസത്തെ സേവന സമിതി യോഗം, തിരുവല്ല മുത്തൂരുള്ള ശ്രീ. ജിജോയുടെ ഭവനത്തിൽ ജൂലൈ പതിനാറാം തീയതി തിങ്കളാഴ്ച ചേരുകയുണ്ടായി. സോണൽ/അതിരൂപതാ ഡയറക്ടർ ഫാ. മാത്യു താന്നിയത്ത് ആദ്ധ്യക്ഷ്യം വഹിക്കുകയും വചന സന്ദേശം നൽകുകയും ചെയ്തു.

ഡിസംബർ 27,28,29 തീയ്യതികളിൽ നടത്താൻ തീരുമാനിച്ചിരിക്കുന്ന **'ചങ്ങനാശ്ശേരി കരിസ്മാറ്റിക് കൺവൻഷൻ'** ന്റെ ഒരുക്കങ്ങൾ യോഗം വിലയിരുത്തി.

രാജ്യവും, സഭയും, കുടുംബങ്ങളും വ്യക്തികളും നേരിട്ടുകൊണ്ടിരിക്കുന്ന എല്ലാ വർത്തമാന കാല സാഹചര്യങ്ങളെയും വെല്ലുവിളികളെയും കർതൃ സന്നിധിയിൽ സമർപ്പിച്ചുകൊണ്ട്, കരിസ്മാറ്റിക് നവീകരണം ദേശീയതലത്തിൽ ആചരിക്കുന്ന **ജറീക്കോ മദ്ധ്യസ്ഥ പ്രാർത്ഥനാ പ്രദക്ഷിണങ്ങൾ** (PUSH 2018) ചങ്ങനാശ്ശേരി, തിരുവല്ലാ കത്തീഡ്രൽ ദൈവാലയങ്ങളിൽ യഥാക്രമം, സെപ്തംബർ 18, ഓഗസ്റ്റ് 17 തീയതികളിൽ നടക്കും. പ്രസ്തുത പ്രാർത്ഥനാ പ്രദക്ഷിണങ്ങൾ നടത്തുന്നത് സംബന്ധിച്ച്, ചങ്ങനാശ്ശേരി, തിരുവല്ലാ കത്തീഡ്രൽ വികാരിമാരെയും മെത്രാന്മാരെയും നേരിട്ട് കണ്ട് കാര്യങ്ങൾ ക്രമീകരിക്കുന്ന ചുമതല ഡയറക്ടർ ഫാ. മാത്യു താന്നിയത്ത് ഏറ്റെടുത്തു.

ഓഗസ്റ്റ് 13 ന് കളത്തിപ്പടിയിലുള്ള ക്രിസ്റ്റീനിൽ ക്രമീകരിച്ചിരിക്കുന്ന **സബ്-റീജൻ തല കൺവൻ**ഷനിൽ ചങ്ങനാശ്ശേരിയിൽ ഓരോ സബ്സോണിൽ നിന്നും കുറഞ്ഞത് ഇരുപതുപേർ വീതമെങ്കിലും പങ്കെടുക്കുമെന്നു കരുതുന്നു.

## സോണൽ സബ്സോണൽ അംഗങ്ങളുടെ 'സെക്കന്റ് സാറ്റർഡേ' കൂട്ടായ്മ

സോണൽ സബ്സോണൽ ടീമംഗങ്ങളുടെ ജൂൺ മാസത്തിലെ കൂട്ടായ്മ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വച്ചു ജൂലൈ ഒൻപതാം തീയതി ഡയറക്ടർ ഫാ. മാത്യു താന്നിയത്തിന്റെ നേതൃത്വത്തിൽ നടന്നു. ധ്യാനങ്ങളിലൂടെയും കൺവൻഷനുകളിലൂടെയും അനേകരിലേക്കു കടന്നുവന്ന കരിസ്മാറ്റിക് പ്രാർത്ഥനാ ചൈതന്യം ഇടവക കേന്ദ്രീകൃതമായ പ്രാർത്ഥനാ കൂട്ടായ്മകളിലൂടെയാണ് വളർന്നു പരിലസിക്കുകയും ഫലം പുറപ്പെടുവിക്കുകയും ചെയ്യേണ്ടതെന്നു യോഗം നിരീക്ഷിച്ചു.

## മദ്ധ്യസ്ഥ പ്രാർത്ഥന മിനിസ്ട്രി

കരിസ്മാറ്റിക് നവീകരണത്തിന്റെ നാഷണൽ സർവീസ് ടീമും കേരളാ സർവീസ് ടീമും ഒരുമിച്ചു ചേർന്ന് ഡിവൈൻ ധ്യാനകേന്ദ്രത്തിൽ ഒരുക്കുന്ന **ദേശീയ മദ്ധ്യസ്ഥപ്രാർത്ഥനാ കോൺഫ്രൻസ്** ഈ നവംബർ 18,19,20,21 തീയതികളിൽ ആണ് ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. ഇതിലേക്ക് ചങ്ങനാശ്ശേരിയിൽനിന്നും നല്ല പ്രാതിനിധ്യമുണ്ടാകണമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ലോർഡ്സ് കപ്പിൾസ് മിനിസ്ട്രി

നാലാമത് സോണൽ സർവീസ് ടീം മീറ്റിംഗ് ഒപ്പം, സെൽ ഗ്രൂപ്പും സെൻട്രൽ ടീം ആനിമേറ്റർ ഫാ. ലൂയിസ് വെള്ളാനിക്കലിന്റെ നേതൃത്വത്തിൽ ജൂലൈ 28ന്, വൈകുന്നേരം നാലുമണിക്ക് ഓഫീസിൽ നടക്കും.

## ഇടവക കൂട്ടായ്മകൾ

ഇടവകകളിൽ കരിസ്മാറ്റിക് കൂട്ടായ്മകൾ രൂപവൽക്കരിക്കപ്പെടുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന സായാഹ്ന/അർദ്ധദിന കൺവൻഷനുകൾ ഈ മാസത്തിൽ, മണിമലയിലെ കടയനിക്കാട് സെന്റ് മേരീസ് ഇടവകയിൽ രണ്ടാം വെള്ളിയാഴ്ചയും, കുട്ടനാട്ടിൽ വെളിയനാട് വി. മിഖായേൽ ക്നാനായ കത്തോലിക്കാ ഇടവകയിൽ ആദ്യ വെള്ളിയാഴ്ചയും നടന്നു. വരുന്ന മാസത്തിൽ ആദ്യ വെള്ളിയാഴ്ച വെളിയനാട് സെന്റ് മിഖായേൽ പള്ളിയിലും രണ്ടാം വെള്ളിയാഴ്ച മണിമല ഹോളി മജൈ പള്ളിയിലും ഇടവക കൺവൻഷനുകൾ ക്രമീകരിക്കപ്പെട്ടിരിക്കുന്നു. നവീകരണത്തിന്റെ **പാരീഷ് മിനിസ്ട്രി** ആണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. മാത്യു താന്നിയത്ത്**
(ഡയറക്ടർ)
ഫോൺ: 9446903631

**ടോമിച്ചൻ പുല്ലങ്കാവുങ്കൽ**
(കോ-ഓർഡിനേറ്റർ)
ഫോൺ: 9061954230

## പൗരോഹിത്യ ആദ്ധ്യാത്മികത: സുവിശേഷവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ



132

# പുരോഹിതൻ: വചനശുശ്രൂഷകൻ

**(തിരുവചനഭാഗം: ശ്ലീഹ 6, 1-7, 60)**

ശ്ലീഹ 6 മുതൽ 12 വരെയുള്ള അദ്ധ്യായങ്ങൾ ആദിമസഭയുടെ വളർച്ചയുടെ ഒരു സുപ്രധാന ഘട്ടമാണ്. ജറുസലേമിലെ ക്രൈസ്തവ സമൂഹമായിട്ടു തുടക്കം കുറിച്ച സഭാംഗങ്ങളുടെ വളർച്ചയിൽ ചില മാനുഷിക പ്രശ്നങ്ങൾ സഭയ്ക്ക് നേരിടേണ്ടിവന്നു. ഗ്രീക്കുഭാഷ സംസാരിക്കുന്ന യഹൂദരും അറമായഭാഷ സംസാരിക്കുന്നവരും തമ്മിലുള്ള കൂട്ടായ്മയ്ക്ക് തടസ്സമുണ്ടാകത്തക്കവിധം ആവലാതികളുയർന്ന സാഹചര്യത്തിൽ ശ്ലീഹന്മാർ തങ്ങളുടെ ശ്ലൈഹികശുശ്രൂഷയുടെ ഭാഗമായി ഏഴു ഡീക്കന്മാരെ നിയമിക്കുകയും അതേത്തുടർന്ന് സഭ യഹൂദരെയും വിജാതീയരെയും ഉൾ ക്കൊണ്ട് ഒരു കൂട്ടായ്മയായി മുന്നേറുന്ന ഒരു സമൂഹമായിത്തീരുകയും ചെയ്യുന്നു. ഏഴാം അദ്ധ്യായം മുഴുവൻ സ്തേഫാനോസിന്റെ പ്രസംഗമായതിനാൽ ആറും ഏഴും അദ്ധ്യായങ്ങൾ ഒരുമിച്ച് ഇവിടെ ധ്യാനവിഷയമാക്കാം.

1. ഏഴു ഡീക്കന്മാരെ നിയമിക്കുന്നു (6,1-7)
2. സ്തേഫാനോസിനെ ബന്ധിക്കുന്നു (6,8-15)
3. സ്തേഫാനോസിന്റെ പ്രസംഗം-ആദ്യഭാഗം (7,1-16)
4. സ്തേഫാനോസിന്റെ പ്രസംഗം-രാംഭാഗം (7,17-53)
5. സ്തേഫാനോസിനെ വധിക്കുന്നു (7,54-60)

### 1. പുരോഹിതശുശ്രൂഷ: വചനശുശ്രൂഷ

*''അതുകൊണ്ട്, പന്ത്രണ്ടുപേർ ശിഷ്യരുടെ സമൂഹത്തെ ഒന്നിച്ചുകൂട്ടി പ്പറഞ്ഞു: ഞങ്ങൾ ദൈവവചനശുശ്രൂഷയിൽ ഉപേക്ഷ കാണിച്ച്, ഭക്ഷണമേശകളിൽ ശുശ്രൂഷിക്കുന്നതു ശരിയല്ല. അതിനാൽ സഹോദരരേ, സുസമ്മതരും ആത്മാവും ജ്ഞാനവുംകൊണ്ട് നിറഞ്ഞവരുമായ ഏഴു പേരെ നിങ്ങളിൽ നിന്നു കണ്ടുപിടിക്കുവിൻ. ഞങ്ങൾ അവരെ ഈ ചുമതല ഏല്പിക്കാം. ഞങ്ങൾ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും നിരന്തരം വ്യാപരിച്ചുകൊള്ളാം'' (6,2-4).*

ആദിമസഭ അതിന്റെ വളർച്ചയിൽ ഒരു പുതിയ ഘട്ടത്തിലേക്കു പ്രവേശിക്കുന്നു. ഇതുവരെയും സഭ ജറുസലേമിൽത്തന്നെ ഒതുങ്ങി കഴിയുകയായിരുന്നു. യഹൂദക്രൈസ്തവർ മാത്രമായിരുന്നു സഭാംഗങ്ങൾ. പാലസ്തീൻനാട്ടിൽ താമസിച്ചിരുന്നവരും വിദേശങ്ങളിൽ ചിതറിപ്പാർത്തിരുന്നവരും ഗ്രീക്കുഭാഷ സംസാരിക്കുന്നവരും സഭയുടെ ഭാഗമായിക്കഴിഞ്ഞപ്പോൾ സാമ്പ

ത്തികമായ ധനവിനിയോഗത്തെക്കുറിച്ച് ചില പിറുപിറുപ്പുകൾ സഭയിൽ പൊന്തിവന്നു. അപ്പോൾ ശ്ലീഹന്മാർ ശിഷ്യസമൂഹത്തെ ഒരുമിച്ചുകൂട്ടി. പ്രശ്നം പരിഹരിക്കുവാൻ പ്രത്യേകം ആളുകളെ നിയമിക്കണമെന്നുള്ള നിർദ്ദേശം അവരുടെ മുമ്പിൽ വന്നു. സമൂഹം ഏഴു പേരെ തിരഞ്ഞെടുക്കണമെന്നും ശ്ലീഹന്മാർ അവരെ ഈ ജോലിക്കായി നിയോഗിക്കണമെന്നുമായിരുന്നു നടപടിക്രമം. സമൂഹം അതു സ്വീകരിച്ചു. ഏഴു പേരെ തിരഞ്ഞെടുത്തു. ശ്ലീഹന്മാർ അവരുടെ മേൽ കൈവച്ചു പ്രാർത്ഥിക്കുകയും അവർ സഭാശുശ്രൂഷയിൽ പ്രവേശിക്കുകയും ചെയ്തു. കൈവയ്പ്പിലൂടെയും പ്രാർത്ഥനയിലൂടെയും സഭാശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെട്ട ഈ ഏഴു പേർ ഇന്ന് 'ഡീക്കന്മാർ' അഥവാ 'ശെമ്മാശ്ശന്മാർ' എന്ന പദവിയിലുള്ളവരായിരുന്നു എന്നു പറയുക സാദ്ധ്യമല്ല. അവർ സഭയിലെ ശ്ലൈഹികശുശ്രൂഷയുടെ പിൻതുടർച്ചക്കാരെയെല്ലാം പ്രതിനിധീകരിക്കുന്നവരാണ്. അതുകൊണ്ട് മെത്രാന്മാർ, പുരോഹിതർ, ശെമ്മാശ്ശന്മാർ എന്നീ മൂന്നു പൗരോഹിത്യപദവിയിലുള്ളവരെയും അവർ പ്രതിനിധീകരിക്കുന്നുണ്ട്. ''ഞങ്ങൾ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും നിരന്തരം വ്യാപരിച്ചുകൊള്ളാം'' എന്ന ശ്ലീഹന്മാരുടെ പ്രസ്താവന അന്വർത്ഥമാക്കുന്നവരായിട്ടാണ് പിന്നീട് സ്തേഫാനോസിനെയും പീലിപ്പോസിനെയും നാം കാണുന്നത് (ശ്ലീഹ 7-8; 21,8). അതുകൊണ്ട് സഭയിലെ ശുശ്രൂഷാപൗരോഹിത്യത്തെത്തന്നെയാണ് ഇവർ പ്രതിനിധീകരിക്കുന്നത്. എന്നാൽ സഭയിലെ പുരോഹിതശുശ്രൂഷ പ്രധാനമായും വചനശുശ്രൂഷയാണ് എന്ന് ഇവിടെ ഊന്നിപ്പറയുന്നു. സഭയുടെ വളർച്ച വചനത്തിന്റെ വളർച്ചയാണ്: ''ദൈവവചനം പ്രചരിക്കുകയും ജറുസലേമിൽ ശിഷ്യരുടെ എണ്ണം വർദ്ധിക്കുകയും ചെയ്തു'' (6,7). അതുകൊണ്ട് സഭയിലെ പുരോഹിതശുശ്രൂഷ, 'ഭരണപരം' എന്നതിനെക്കാൾ 'വചനശുശ്രൂഷാപര'മായിരിക്കണമെന്നത് പുരോഹിതർ ശ്രദ്ധിക്കണം.

## 2. ജ്ഞാനത്താലും അരൂപിയാലും നിറഞ്ഞ വചനശുശ്രൂഷ

*''കിറേനേക്കാരും അലക്സാൺഡ്രിയാക്കാരും കിലീക്യായിലും ഏഷ്യയിലുംനിന്നുള്ളവരും ഉൾപ്പെട്ടിരുന്നതും, സ്വതന്ത്രന്മാരുടെ സിനഗോഗ് എന്നറിയപ്പെട്ടിരുന്നതുമായ സംഘത്തിലെ അംഗങ്ങൾ എഴുന്നേറ്റ് സ്തേഫാനോസിനോട് വാദപ്രതിവാദത്തിലേർപ്പെട്ടു എന്നാൽ, അവന്റെ സംസാരത്തിൽ വെളിപ്പെട്ട ജ്ഞാനത്തോടും ആത്മാവിനോടും എതിർത്തു നില്ക്കാൻ അവർക്കു കഴിഞ്ഞില്ല'' (6,9-10).*

സ്തേഫാനോസ് 'വിശ്വാസവും പരിശുദ്ധാത്മാവും നിറഞ്ഞവൻ' ആയിരുന്നുവെങ്കിലും ശ്ലീഹന്മാരുടെ കൈവയ്പ്പോടുകൂടി അധികം കൃപയും ശക്തിയും പ്രാപിച്ചുകൊണ്ടിരുന്നു. ഈ സ്ഥിതിയിൽ അദ്ദേഹം സുവിശേഷ പ്രഘോഷണത്തിൽ ഏർപ്പെടുകയും യഹൂദ യാഥാസ്ഥിതികരുമായി ഏറ്റുമുട്ടുകയും ചെയ്തു (6,8-8,1). സുവിശേഷത്തിന്റെ അർത്ഥവ്യാപ്തി വിശദമാക്കുവാൻ സ്തേഫാനോസ് ചെയ്ത ശ്രമം പ്രശ്നമുളവാക്കി. അഞ്ചുകൂട്ടം ജനങ്ങളായിരുന്നു സ്തേഫാനോസുമായി ഏറ്റുമുട്ടിയത്: 'സ്വതന്ത്രന്മാർ, കുറേനക്കാർ, അലക്സാൺഡ്രിയാക്കാർ, കിലീക്യക്കാർ, ഏഷ്യാക്കാർ' (6,19). വാദത്തിൽ സ്തേഫാനോസിനെ പിന്നിലാക്കുവാൻ കഴിയാതെവന്ന യഹൂദമതസ്ഥർ തോൽവി സമ്മതിച്ചില്ല. ചർച്ചാവിഷയം യഹൂദരെ ആകമാനം വാശിപിടിപ്പിക്കുന്നതാക്കുവാൻ അവർ ഒരുമ്പെടുകയാണു ചെയ്തത്. സ്തേഫാനോസ് ദൈവത്തിനും മോശയ്ക്കുമെതിരായി ദൂഷണം പറയുന്നത് അവർ കേട്ടു

എന്ന് സാക്ഷ്യം നല്കി. ജനങ്ങളെയും ജനപ്രമാണികളെയും നിയമജ്ഞരെയും ഇളക്കി അവനെ ബന്ധിച്ച് ന്യായാധിപസംഘത്തിന്റെ മുമ്പിൽ കൊണ്ടു വന്നു (6,12).

സ്തേഫാനോസുമായി വാദപ്രതിവാദത്തിലേർപ്പെടുന്നവർക്ക് അവന്റെ സംസാരത്തിൽ വെളിപ്പെട്ട ജ്ഞാനത്തോടും ആത്മാവിനോടും എതിർത്തു നിൽക്കുവാൻ കഴിഞ്ഞില്ല എന്നാണ് പറയുന്നത് (6,9-10). വിശ്വാസവിഷയങ്ങൾ മാനുഷികമായി മനസ്സിലാക്കാൻ ശ്രമിക്കുന്ന പ്രക്രിയയിൽ ഉരുത്തിരിയുന്നതാണല്ലോ ദൈവശാസ്ത്രം. ദൈവശാസ്ത്രപരമായ വിഷയങ്ങളിൽ തർക്കങ്ങളുണ്ടാവുക സ്വാഭാവികമാണ്. അതുകൊണ്ട് ദൈവശാസ്ത്രപരിശീലനം ലഭിച്ച വൈദികരുടെ ശുശ്രൂഷാരംഗങ്ങളിലും ഇപ്രകാരമുള്ള വാദപ്രതിവാദങ്ങൾ ഉണ്ടാവുക സ്വാഭാവികമാണ്. അവയെ എപ്രകാരമാണ് നേരിടേണ്ടതെന്ന് ഈ വചനഭാഗം നമ്മെ അനുസ്മരിപ്പിക്കുന്നു. വചനശുശ്രൂഷകനെന്ന നിലയിൽ പുരോഹിതന്റെ വാക്കുകൾ ജ്ഞാനവും അരൂപിയും നിറഞ്ഞവയായിരിക്കണം. ജ്ഞാനത്തിൽ വളരുവാൻ, വചനം ധ്യാനിക്കുവാൻ, പുരോഹിതൻ സമയം കണ്ടെത്തണം. വചനശുശ്രൂഷയും പ്രാർത്ഥനയും ഒന്നിച്ചുപോകുന്നതുകൊണ്ട് പ്രാർത്ഥിക്കുവാനും പുരോഹിതൻ സമയം കണ്ടെത്തണം. പ്രാർത്ഥനയാണ് അരൂപിയോടു തുറവിയുള്ളവരായി ജീവിക്കുവാൻ നമ്മെ സഹായിക്കുന്നത്. അങ്ങനെ വചനധ്യാനത്തിലൂടെയും പ്രാർത്ഥനയിലൂടെയും ജ്ഞാനത്താലും അരൂപിയാലും നിറഞ്ഞ് വചനശുശ്രൂഷ നിർവഹിക്കുവാൻ പുരോഹിതനു കഴിയണം.

## 3. രക്ഷയുടെ സുവിശേഷം പ്രഘോഷിക്കുന്ന വചനശുശ്രൂഷ

*''പ്രധാനപുരോഹിതൻ ചോദിച്ചു: ഇതെല്ലാം സത്യമാണോ? അവൻ പ്രതിവചിച്ചു: സഹോദരന്മാരേ, പിതാക്കന്മാരേ, കേട്ടുകൊള്ളുവിൻ. നമ്മുടെ പിതാവായ അബ്രാഹം ഹാരാനിൽ താമസിക്കുന്നതിനു മുമ്പ് മെസൊപ്പൊട്ടാമിയായിലായിരിക്കുമ്പോൾ, മഹത്വത്തിന്റെ ദൈവം അവനു പ്രത്യക്ഷനായി അവനോടു പറഞ്ഞു: നിന്റെ നാട്ടിൽനിന്നും ബന്ധുക്കളിൽനിന്നും നീ പുറപ്പെട്ട് ഞാൻ കാണിച്ചുതരുന്ന ദേശത്തേക്കുപോവുക'' (7,1-3).*

സാൻഹെദ്രീൻ സംഘം, സ്തേഫാനോസിനെതിരായി ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ അടിസ്ഥാനമാക്കി അയാളെ വിസ്തരിക്കുവാൻ ഉദ്യമിക്കുകയാണ്. മറുപടിയായി സ്തേഫാനോസ് ദീർഘമായ ഒരു പ്രഭാഷണം നടത്തുന്നു. പ്രഭാഷണത്തിന്റെ അവസാനം അവർ അദ്ദേഹത്തെ കല്ലെറിഞ്ഞു കൊല്ലുകയും ചെയ്യുന്നു. ഈശോയിൽ പൂർത്തിയാക്കപ്പെട്ട ദൈവത്തിന്റെ രക്ഷാകരപ്രവർത്തന ചരിത്രമാണ് പ്രഭാഷണവിഷയം. സ്തേഫാനോസിന്റെ പ്രഭാഷണത്തെ രണ്ടു ഭാഗങ്ങളായി തിരിക്കാം: അബ്രാഹം മുതൽ മോശവരെ (7,1-16); മോശ മുതൽ ഈശോവരെ (7,15-52). ഈശോയുടെ പേര് വ്യക്തമായി പറയാതെ 'നീതിമാൻ' എന്നു വിശേഷിപ്പിച്ചുകൊണ്ടാണ് പ്രസംഗിക്കുന്നത് (7,52). സ്തേഫാനോസ് ദൈവത്തെയോ ദൈവത്തിന്റെ ആലയത്തെയോ, മോശയെയോ മോശ മുഖാന്തരം ദൈവം നല്കിയ ധർമ്മശാസ്ത്രത്തെയോ നിരാകരിക്കുന്നില്ല. പഴയനിയമത്തിൽ പ്രവാചകന്മാർ മനസ്സിലാക്കിയ അർത്ഥത്തിൽ അവയെ ഉദ്ഘോഷിക്കുക മാത്രമാണു ചെയ്യുന്നത്. ആ അർത്ഥത്തിൽ ദൈവത്തിന്റെ രക്ഷാകരപ്രവർത്തനം ഈശോയിൽ സമ്പൂർത്തി പ്രാപിച്ചു എന്നതാണ് സ്തേഫാനോസിന്റെ പ്രഭാഷ

ണസാരം. അതോടൊപ്പം ദൈവത്തിന്റെ ഈ രക്ഷാകരപ്രവർത്തനത്തെ കണക്കിലെടുക്കാതെ ദൈവാരൂപിയോടു മറുതലിക്കുന്നവരാണ് തന്നെ ചോദ്യം ചെയ്യുന്നവർ എന്നതും സ്തേഫാനോസിന്റെ പ്രസംഗത്തിൽ വ്യക്തമാക്കുന്നുണ്ട് (7,51-53).

ദൈവത്തെ ''മഹത്ത്വത്തിന്റെ ദൈവം'' എന്നു വിശേഷിപ്പിച്ചു കൊണ്ടാണ് സ്തേഫാനോസ് രക്ഷാകരപ്രവർത്തനത്തെക്കുറിച്ചുള്ള തന്റെ പ്രസംഗം ആരംഭിക്കുന്നത് (7,2). അബ്രാഹത്തിൽ തുടക്കംകുറിച്ച രക്ഷാകരചരിത്രം, അബ്രാഹത്തിന്റെ പുത്രനായ ഈശോമിശിഹായിൽ (മത്താ.1:1) പൂർത്തീകരിക്കപ്പെടുന്ന ചരിത്രമാണ്. ആ ഈശോമിശിഹായെയാണ്, തന്നെ ചോദ്യം ചെയ്യുന്ന ന്യായാധിപസംഘം വധിച്ചതെന്നും (7,52), ആ മിശിഹാ ഇപ്പോൾ ദൈവത്തിന്റെ മഹത്ത്വത്തിൽ ആയിരിക്കുന്നുവെന്നും (7,55-56) ഉദ്ഘോഷിച്ചുകൊണ്ടാണ് സ്തേഫാനോസ് തന്റെ പ്രസംഗം ഉപസംഹരിക്കുന്നത്. ''സഹോദരന്മാരേ, പിതാക്കന്മാരേ'' എന്ന് അവരെ സംബോധന ചെയ്തുകൊണ്ടാണ് സ്തേഫാനോസ് പ്രസംഗിക്കുന്നത് (7,2). താനും അവരും ദൈവത്തിന്റെ ഈ രക്ഷാകരചരിത്രത്തിന്റെ ഭാഗമാണ് എന്നും സ്തേഫാനോസിന്റെ ഈ വാക്കുകൾ സൂചിപ്പിക്കുന്നു. ഈശോയുടെ സുവിശേഷം രക്ഷയുടെ സുവിശേഷമാണ്. ഈ സുവിശേഷമാണ് വചനപ്രഘോഷണത്തിന്റെ വിഷയം. പഴയനിയമത്തിൽ ഒരുക്കപ്പെട്ടതും ഈശോമിശിഹായുടെ പീഡാനുഭവ, മരണ, ഉത്ഥാനത്തിൽ പൂർത്തീകരിക്കപ്പെട്ടതും സഭയിൽ തുടരുന്നതുമായ ദൈവത്തിന്റെ രക്ഷാകരപ്രവർത്തനത്തിന്റെ വെളിച്ചത്തിലായിരിക്കണം നാം വചനപ്രഘോഷണം നടത്തേണ്ടതെന്ന് ഇതു സൂചിപ്പിക്കുന്നു.

## 4. മാനസാന്തരാനുഭവമുള്ള ശുശ്രൂഷകൻ

''കർത്താവ് അവനോടു പറഞ്ഞു: നിന്റെ പാദരക്ഷകൾ അഴിച്ചുമാറ്റുക. നീ നില്ക്കുന്ന സ്ഥലം പരിശുദ്ധമാണ്. ഈജിപ്തിൽ എന്റെ ജനം അനുഭവിക്കുന്ന പീഡനങ്ങൾ ഞാൻ വ്യക്തമായി കണ്ടു. അവരുടെ ദീനരോദനം ഞാൻ കേട്ടു. അവരെ വിമോചിപ്പിക്കാൻ ഞാൻ ഇറങ്ങിവന്നിരിക്കുന്നു. വരൂ, നിന്നെ ഞാൻ ഈജിപ്തിലേക്ക് അയയ്ക്കും. ഞങ്ങളുടെമേൽ അധികാരിയും വിധികർത്താവുമായി നിന്നെ ആരു നിയമിച്ചു എന്നുപറഞ്ഞ് അവർ നിരാകരിച്ച മോശയെത്തന്നെ, മുൾപ്പടർപ്പിൽ പ്രത്യക്ഷനായ ദൂതൻ വഴി ദൈവം അവരുടെ അധികാരിയും വിമോചകനുമാക്കി അയച്ചു'' (7,33-35).

സ്തേഫാനോസിന്റെ പ്രസംഗത്തിന്റെ രണ്ടാം ഭാഗം മോശയെ അവതരിപ്പിക്കുന്ന ഭാഗമാണ് (7,17-53). നിയ 18,15 ൽ പറയുന്ന, മോശയെപ്പോലെയുള്ള ഒരു പ്രവാചകനായിട്ട് ഈശോയെ കാണണമെന്ന് സ്തേഫാനോസ് എടുത്തുപറയുന്നു (7,37). നാല്പതു വർഷങ്ങൾ വീതമുള്ള മൂന്നു ഘട്ടങ്ങളായിട്ടാണ് മോശയുടെ ചരിത്രം ഇവിടെ അവതരിപ്പിക്കപ്പെടുന്നത്. ''വാക്കിലും പ്രവൃത്തിയിലും കരുത്തനായ'' മോശയെ ആദ്യഘട്ടത്തിൽ അവതരിപ്പിക്കുമ്പോൾ (7,17-22), മാനുഷികമായി പരാജയപ്പെട്ട മോശയെ രണ്ടാംഘട്ടം അവതരിപ്പിക്കുന്നു (7,23-29). മൂന്നാം ഘട്ടത്തിലാണ് മോശയെ ദൈവം ഇസ്രായേൽക്കാരുടെ അധികാരിയും വിമോചകനുമായി അയയ്ക്കുന്നതായി അവതരിപ്പിക്കുന്നത് (7,30-36).വാക്കിലും പ്രവൃത്തിയിലും കരുത്തനായി ഫറവോയുടെ കൊട്ടാരത്തിൽ വളർന്ന മോശ, തന്റെ ജനത്തെ താൻ മുഖാന്തരം മോചിപ്പിക്കുമെന്നു വിചാരിച്ച് ഇസ്രായേൽക്കാരുടെ അടുത്തേക്കു ചെന്നപ്പോൾ, അവർ അയാളെ തിരസ്കരിക്കുകയാണു

ചെയ്തത്. അതിന്റെ ഫലമായി പരാജയമനോഭാവത്തോടെ തന്റെ വിളിയിൽ നിന്നും ദൗത്യത്തിൽ നിന്നും പിന്തിരിഞ്ഞ് വെറും മാനുഷികമായ ഒരു ജീവിതം നയിക്കുന്നു (7,29).

എൺപതാം വയസ്സിൽ ദൈവം തന്റെ വിളിയും ദൗത്യവുമായി മോശയുടെ ജീവിതത്തിൽ കടന്നുവരുന്നു. അയാൾ കർത്താവിന്റെ സ്വരം കേൾക്കുന്നു: ''നിന്റെ പിതാക്കന്മാരുടെ ദൈവമാണു ഞാൻ - അബ്രാഹത്തിന്റെയും ഇസ ഹാക്കിന്റെയും യാക്കോബിന്റെയും ദൈവം... കർത്താവ് അവനോടു പറഞ്ഞു... ഈജിപ്തിൽ എന്റെ ജനം അനുഭവിക്കുന്ന പീഡനങ്ങൾ ഞാൻ വ്യക്തമായി കണ്ടു. അവരുടെ ദീനരോദനം ഞാൻ കേട്ടു. അവരെ വിമോചിപ്പിക്കാൻ ഞാൻ ഇറങ്ങി വന്നിരിക്കുന്നു. വരൂ, നിന്നെ ഞാൻ ഈജിപ്തിലേക്ക് അയയ്ക്കും. ഞങ്ങളുടെമേൽ അധികാരിയും വിധികർത്താവുമായി നിന്നെ ആരു നിയമിച്ചു എന്നു പറഞ്ഞ് അവർ നിരാകരിച്ച മോശയെത്തന്നെ മുൾപ്പടർപ്പിൽ പ്രത്യക്ഷ നായ ദൂതൻ വഴി ദൈവം അവരുടെ അധികാരിയും വിമോചകനുമാക്കി അയച്ചു'' (7,32-35). കേവലം മാനുഷികമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തിരുന്ന മോശ ദൈവികമായി ചിന്തിക്കുന്നവനും പ്രവർത്തിക്കുന്നവനു മായി മാറുന്നു. ഇപ്രകാരമുള്ള ഒരു മാറ്റമാണ് മാനസാന്തരമെന്നു പറയുന്നത്. ഇപ്രകാരം കേവലം മാനുഷികതയിൽനിന്നും ദൈവികതയിലേക്ക് നാം കട ന്നുവരുമ്പോഴാണ് നമ്മിൽ മാനസാന്തരാനുഭവമുണ്ടാകുന്നത്. അങ്ങനെ മാന സാന്തരാനുഭവമുള്ള വചനപ്രഘോഷകരായിത്തീരുവാൻ പുരോഹിതർക്കു കഴിയണം.

## 5. മിശിഹായോടനുരൂപപ്പെട്ട വചനശുശ്രൂഷകൻ

*''അനന്തരം, അവർ സ്തേഫാനോസിനെ കല്ലെറിഞ്ഞു. അപ്പോൾ അവൻ പ്രാർത്ഥിച്ചു: കർത്താവായ ഈശോയേ, എന്റെ ആത്മാവിനെ കൈക്കൊള്ള ണമേ. അവൻ മുട്ടുകുത്തി വലിയ സ്വരത്തിൽ അപേക്ഷിച്ചു: കർത്താവേ, ഈ പാപം അവരുടെമേൽ അരോപിക്കരുത്. ഇതു പറഞ്ഞ് അവൻ മരണനിദ്ര പ്രാപിച്ചു'' (7,59-60).*

സ്തേഫാനോസ് തന്റെ പ്രഭാഷണംകൊണ്ടു വ്യക്തമാക്കിയത് തനിക്കെതിരെ യുള്ള ആരോപണങ്ങൾ വാസ്തവത്തിൽ ആരോപിക്കപ്പെടേണ്ടത് തന്നെ വിസ്ത രിക്കുന്ന യഹൂദർക്കെതിരെയാണെന്നാണ്. അതുകൊണ്ടാണ് അവർ കോപാക്രാ ന്തരായി പല്ലുകടിച്ചത്. എന്നാൽ അവരുടെ ക്ഷോഭപ്രകടനം സ്തേഫാനോസിൽ ഭാവഭേദമൊന്നുമുണ്ടാക്കിയില്ല. ദൈവാത്മാവിന്റെ നിയന്ത്രണത്തിനു സ്വയം വിധേയനാക്കി, അയാൾ മുകളിലേക്കു നോക്കി ഉൾക്കണ്ണുകൊണ്ട് ദൈവതേജസ്സ് ദർശിച്ചു. അതോടൊപ്പം ദൈവത്തിന്റെ വലത്തുഭാഗത്ത് ഈശോ നില്ക്കുന്ന തായും കണ്ടു. ഇതു വളരെ അർത്ഥവത്താണ്. ഏതാനും വർഷങ്ങൾക്കുമുമ്പ് ഈ ന്യായാധിപസംഘം ഈശോയെ വിസ്തരിച്ചപ്പോൾ ഈശോ പറഞ്ഞു: ''മനു ഷ്യപുത്രൻ സർവ്വശക്തന്റെ വലത്തുഭാഗത്തിരിക്കുന്നതും വാനമേഘങ്ങളിൽ വരുന്നതും നിങ്ങൾ കാണും'' (മർക്കോ 14,62). അവർ വധിച്ച ഈശോ ഇപ്പോൾ മഹത്ത്വീകൃതനാണെന്നും, അവിടുന്നു തന്നെ സ്വീകരിക്കുവാൻ കാത്തിരിക്കുന്നു വെന്നുമുള്ള സ്തേഫാനോസിന്റെ സുവിശേഷപ്രഘോഷണമായിരുന്നു അത്. അതോടൊപ്പം ഈശോയുടെ മഹത്ത്വത്തിൽ പങ്കുചേരാൻ തനിക്കു സാധിക്കു മെന്നുള്ള പ്രതീക്ഷയും ഇതിലൂടെ സ്തേഫാനോസ് പ്രഖ്യാപിച്ചു.

ഇത് ന്യായാധിപസംഘത്തെ കൂടുതൽ കോപാക്രാന്തരാക്കുകയും അവർ ഒന്നാകെ പാഞ്ഞടുത്ത് സ്തേഫാനോസിനെ പുറത്താക്കി കല്ലെറിഞ്ഞു കൊല്ലുകയും ചെയ്തു (7,57-58). കുരിശുമരണസന്ദർഭത്തിലെ ഈശോയുടെ രണ്ടു പ്രാർത്ഥനകൾ (ലൂക്കാ 23,34.46), ചെറിയ രൂപഭേദത്തോടെ, തന്റെ മരണവേളയിൽ സ്തേഫാനോസ് ആവർത്തിക്കുന്നു. 1. ''കർത്താവായ ഈശോയേ, എന്റെ ആത്മാവിനെ സ്വീകരിക്കേണമേ''; 2. ''കർത്താവേ, ഈ പാപം ഇവരുടെമേൽ ചുമത്തരുതേ'' (7,59-60). പ്രാർത്ഥനകൾ ഒരുവന്റെ ആത്മാവിഷ്കാരമാണല്ലോ. സ്തേഫാനോസ് മിശിഹായോടു താദാത്മ്യപ്പെട്ട ഒരു ജീവിതം നയിക്കുന്ന വ്യക്തിയായിരുന്നു എന്ന് ഇതു വ്യക്തമാക്കുന്നുണ്ട്. ശ്ലൈഹിക കൈവയ്പ്പു സ്വീകരിക്കുവാൻ സമൂഹം കണ്ടുപിടിക്കേണ്ട ഏഴു പേർ അരൂപിയും ജ്ഞാനവുംകൊണ്ട് നിറഞ്ഞവരായിരിക്കണമെന്നുള്ള ശ്ലീഹന്മാരുടെ നിർദ്ദേശമനുസരിച്ച് (6,3) തിരഞ്ഞെടുക്കപ്പെട്ട വ്യക്തിയായിരുന്നല്ലോ സ്തേഫാനോസ്. മിശിഹായുടെ അരൂപിയാൽ നിറഞ്ഞ ജീവിതമാണ് സ്തേഫാനോസ് നയിച്ചിരുന്നതെന്ന് ഇതു വ്യക്തമാക്കുന്നു. മിശിഹായുടെ അരൂപിയാൽ നിറഞ്ഞ്, മിശിഹായോട് അനുരൂപപ്പെട്ട ജീവിതം നയിച്ചുകൊണ്ട് വചനശുശ്രൂഷ നിർവഹിക്കുവാൻ പുരോഹിതർക്കു കഴിയണം.

## ജീവിതസൂചിക

1. സഭാശുശ്രൂഷയിൽ വചനശുശ്രൂഷയ്ക്കും പ്രാർത്ഥനയ്ക്കുമുള്ള പ്രഥമ സ്ഥാനം അജപാലനശുശ്രൂഷയിൽ ഞാൻ നല്കുന്നുണ്ടോ?
2. വചനധ്യാനത്തിലൂടെയും പ്രാർത്ഥനയിലൂടെയും ജ്ഞാനത്താലും അരൂപിയാലും നിറഞ്ഞ് വചനശുശ്രൂഷ നിർവഹിക്കുവാൻ എനിക്കു കഴിയുന്നുണ്ടോ?
3. പഴയനിയമത്തിൽ ഒരുക്കപ്പെട്ടതും, മിശിഹായിൽ പൂർത്തിയാക്കപ്പെട്ടതും, സഭയിൽ തുടരുന്നതുമായ ദൈവത്തിന്റെ രക്ഷാകരപ്രവർത്തനത്തിന്റെ വെളിച്ചത്തിൽ വചനം പ്രഘോഷിക്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
4. മാനസാന്തരാനുഭവത്തോടെ വചനപ്രഘോഷണം നടത്തുവാൻ എനിക്ക് എത്രമാത്രം കഴിയുന്നുണ്ട് ?
5. മിശിഹായോട് അനുരൂപപ്പെട്ട ജീവിതം നയിച്ചുകൊണ്ടാണോ ഞാൻ വചനശുശ്രൂഷ നിർവഹിക്കുന്നത്?

## Convention for Priests

A One Day Convention for priests is arranged to be held at Mar Sleeva Malpanate at the Spirituality Centre, Manganam, on 7th August 2018. The theme of discussion is the Apostolic Exhortation of Pope Francis *Gaudete et Exultate* (Rejoice and be Glad), on “Universal Call to Holiness”. The convention is organized by the members of the Secular Institute of Apostolic Sodales. It will begin at 10.00 a.m. and come to a close at 4.00 p.m. All priests are cordially invited to participate.

**Fr Mathew Vellanickal**



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**2018 ജൂൺ 26 – ജൂലൈ 25**

26 രാവിലെ വടവാതൂർ സെമിനാരിയിൽ വി. കുർബാനയർപ്പിക്കുകയും സിനഡൽ സെമിനാരി കമ്മീഷന്റെ ഭാഗമായി അന്നേദിവസം മുഴുവൻ സെമിനാരി സന്ദർശനം നടത്തുകയും ചെയ്തു.

27 രാവിലെ വിവാഹഒരുക്ക കോഴ്സിൽ പങ്കെടുത്തവർക്കായി പാസ്റ്ററൽ സെന്ററിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. ഉച്ചയ്ക്ക് അതിരൂപതാ കേന്ദ്രത്തിൽ സംഘടിപ്പിച്ച വൈദികരുടെ തുടർപരിശീലനത്തിൽ പങ്കെടുത്ത് സംസാരിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

28 രാവിലെ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വിശ്വാസാനുഭവ ധ്യാനത്തിൽ സംബന്ധിച്ചവർക്കായി വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. ഉച്ചയ്ക്ക് പ്രീസ്റ്റ്ഹോമിൽ 65 വയസ്സിനു മുകളിൽ പ്രായമുള്ള വൈദികർക്കായി സംഘടിപ്പിക്കപ്പെട്ട തുടർപരിശീലനത്തിൽ പങ്കെടുത്ത് സംസാരിച്ചു; ഉച്ചഭക്ഷണത്തിൽ പങ്കുചേർന്നു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

29 ഉച്ചയ്ക്ക് എസ്.ബി. ഹൈസ്ക്കൂളിൽ, കെ.സി.എസ്.എൽ. സംഘടനയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച വാർഷിക സമ്മേളനത്തിൽ പങ്കെടുത്ത് നേതാക്കൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. ഉച്ചകഴിഞ്ഞ് എസ്.ബി. ഹൈസ്ക്കൂളിൽ ഉന്നത വിജയം കരസ്ഥമാക്കിയവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

30 രാവിലെ പുറക്കാട് ഇടവകാംഗമായ കുറ്റിക്കൽ ബഹു. ഗ്രിഗറി അച്ചന്റെ (ഭഗൽപൂർ രൂപത) പൗരോഹിത്യ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് വി. കുർബാനമദ്ധ്യേ സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് പാലാ മുത്തോലി സി.എം.ഐ. ആശ്രമത്തിൽ, വെങ്ങാലൂർ ബഹു. സെബാസ്റ്റ്യൻ അച്ചന്റെ (CMI) മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് അതിരൂപതാകേന്ദ്രത്തിൽ ചാസ്സിന്റെ ആഭിമുഖ്യത്തിൽ 'സേവ് എ ഫാമിലി' പദ്ധതിയുടെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

**2018 ജൂലൈ**

1 രാവിലെ കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു. തുടർന്ന് അതിരൂപതാ യുവദീപ്തി – എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ കത്തീഡ്രൽ അങ്കണത്തിൽനിന്ന് ആരംഭിച്ച നിരണം തീർത്ഥാടനത്തിൽ പങ്കെടുത്തു. കൈനടി ഇടവകാംഗമായ പുന്നാടംമാക്കൽ എൽസമ്മയുടെ മൃതദേഹത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. നിരണം തീർത്ഥാടനത്തിൽ പങ്കുചേർന്ന് പദയാത്രയായി തീർത്ഥാടകരോടുകൂടെ തീർത്ഥാടനകേന്ദ്രത്തിലെത്തി, വി. കുർബാനയ്ക്കുമുമ്പായി സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് മാർത്തോമ്മാ വിദ്യാനികേതൻ സംഘടിപ്പിച്ച സിമ്പോസിയത്തിന് അനുഗ്രഹ സന്ദേശം നൽകി. ഓർത്തഡോക്സ് സഭയുടെ കോട്ടയം പുത്തനങ്ങാടി കുരിശുപള്ളിയിൽ നടന്ന സിമ്പോസിയം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. വൈകുന്നേരം കല്ലൂപ്പാറ പുതുശ്ശേരി ബോയ്സ് ഹോമിൽ സംഘടിപ്പിച്ച സ്നേഹവിരുന്നിൽ പങ്കെടുത്ത് സന്ദേശം നൽകി.

2 രാവിലെ കണ്ടങ്കരി ഇടവകാംഗമായ കളിയ്ക്കൽ ജോർജിന്റെ (കളിയ്ക്കൽ ബഹു. അലക്സ് അച്ചന്റെ പിതാവ്) മൃതസംസ്കാര ശുശ്രൂഷയിൽ ഭവനത്തിലെ ശുശ്രൂഷകൾക്ക് കാർമ്മികത്വം നൽകി. തുടർന്ന് ചെത്തിപ്പുഴ ആശുപത്രിയിൽ പരുവപ്പറമ്പിൽ ബഹു. ഗ്രിഗറി അച്ചന്റെ അനുസ്മരണാർത്ഥം സംഘടിപ്പിച്ച സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിച്ചു. കത്തീഡ്രൽ ഇടവകാംഗമായ കടന്തോട്ട് എത്സമ്മ ജോർജ്ജിന്റെ (കടന്തോട്ട് ബഹു. സോണി അച്ചന്റെ മാതാവ്) മൃതസംസ്കാര ശുശ്രൂഷയിൽ ദൈവാലയത്തിലെ ശുശ്രൂഷകർക്ക് കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് പുന്നത്തറ ഇടവകയിലെ മുണ്ടുചിറ ശ്രീമതി മറിയാമ്മയുടെ മൃതസംസ്കാര ശുശ്രൂഷയിൽ ഭവനത്തിലെ ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. വൈകുന്നേരം കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ, തിരുനാളാഘോഷത്തോടനുബന്ധിച്ചു നടന്ന അത്താഴത്തിൽ പങ്കുചേർന്നു. തുടർന്ന് ചെത്തിപ്പുഴ ആശുപത്രിയിലെ സമ്മേളനത്തിലും പങ്കെടുത്തു.

3 രാവിലെ വടക്കേക്കര പള്ളിയിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. ഉച്ചയ്ക്ക് കൂത്രപ്പള്ളി ഇടവകയിൽ കറുകപ്പറമ്പിൽ ശ്രീ. തോമസ് ആന്റണിയുടെ മൃതസംസ്ക്കാര ശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്ക് തെള്ളകം പള്ളിയിൽ സി. സെലസ്റ്റിന പാലത്തറ സി.എം.സി.യുടെ മൃതസംസ്ക്കാര ശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് തത്തംപള്ളി ഇടവകയിൽ ആരംഭിച്ച ദൈവശാസ്ത്ര കോഴ്സിന്റെ ഉദ്ഘാടനം നിർവഹിച്ചു. വൈകുന്നേരം തോമാശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് നടന്ന സംഗമത്തിൽ പങ്കെടുത്ത് തോമസ് നാമധാരികൾക്ക്, പ്രത്യേകിച്ച് അഭിവന്ദ്യ തോമസ് തറയിൽ പിതാവിന് നാമഹേതുക തിരുനാൾ മംഗളങ്ങൾ നേർന്നു.

4 ഉച്ചയ്ക്ക് അസംപ്ഷൻ കോളേജിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് പാറേൽ ഇടവക ചാലയ്ക്കൽ ജോസുകുട്ടിയുടെ (ചാലയ്ക്കൽ ബഹു. ജോസഫ് അച്ചന്റെ പിതാവ്) മൃതസംസ്കാര ശുശ്രൂഷയിൽ ഭവനത്തിൽ ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. തുടർന്ന്, മല്ലപ്പള്ളിയിൽ പുതിയ സ്ഥലത്ത് പ്രവർത്തനം ആരംഭിച്ച ഖാദി ഷോറൂം വെഞ്ചരിച്ച് ഉപയോഗത്തിനായി സമർപ്പിച്ചു. വൈകുന്നേരം എടത്വായിൽ വൈദികരുടെ ഫൊറോന കോൺഫറൻസിൽ പങ്കെടുത്തു സംസാരിച്ചു.

5 അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ സംഘടിപ്പിച്ച ഇന്റർ ഡിപ്പാർട്ടുമെന്റൽ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. തുടർന്ന്, ഊട്ടുമുറിയിൽ സപ്തതി ആഘോഷങ്ങളിൽ അഭിവന്ദ്യ പിതാക്കന്മാരോടും, മറ്റു നേതാക്കന്മാരോടുമൊപ്പം പങ്കുചേർന്നു.

6 ഉച്ചയ്ക്ക് എസ്.ബി. കോളേജിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

7 രാവിലെ കാവാലം സെന്റ് ജോസഫ് പള്ളിയിൽ വി. കുർബാന അർപ്പിച്ച്, ഇടവകയിൽ പുതുപ്പറമ്പിൽ ജോമോൻ-ജോസ്മി ദമ്പതികളുടെ 5-ാമത്തെ ശിശുവിന് പ്രാരംഭകൂദാശകൾ നൽകി. അതിരൂപതാ കേന്ദ്രത്തിൽ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ കുടുംബസംഗമത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് മുട്ടാർ കുമരംചിറ ഇടവകയിൽ ശ്രീമതി അച്ചാമ്മയുടെ ഓർമ്മയ്ക്കായി നിർമ്മിച്ച സ്മാരകം വെഞ്ചരിച്ചു ജനത്തെ ആശീർവ്വദിച്ചു. വെരൂർപള്ളിയിൽ സംഘടിപ്പിച്ച എക്യുമെനിക്കൽ ദുക്റാന ആഘോഷത്തിൽ പങ്കെടുത്തു.

8 അരുവിക്കുഴി ലൂർദ്ദ് മാതാ ഇടവകയിൽ അജപാലന സന്ദർശനം നടത്തി. വൈകുന്നേരം ചെത്തിപ്പുഴ ആശുപത്രിയിൽ ചികിത്സാർത്ഥം വിശ്രമിക്കുന്ന

ബഹു. വൈദികരെയും അഭി. പിതാക്കന്മാരെയും സന്ദർശിച്ചു.

9 രാവിലെ പാലാ രൂപതാംഗമായ ശ്രീ. എം.എം. ജേക്കബിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. കോട്ടയം അതിരൂപതയിൽ മോനിപ്പള്ളി ഇടവകാംഗമായ അറയ്ക്കൽ ജോസഫ് ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചയ്ക്ക് പ്രീസ്റ്റ്ഹോമിൽ, ബഹു. വൈദികരെ സന്ദർശിച്ച് അവരോടൊപ്പം ഭക്ഷണത്തിൽ പങ്കുചേർന്നു. ഉച്ചകഴിഞ്ഞ് ഇത്തിത്താനം ആയുഷ്യയിൽ ബഹു. സി. റോസ് ജോസഫാ എം.എം.എസ്. മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

10 കുറുമ്പനാടം ഇടവകാംഗമായ പുത്തേട്ടുകളം ചാണ്ടിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. സന്ദർശകരെ അതിരൂപതാകേന്ദ്രത്തിൽ സ്വീകരിച്ചു. വൈകുന്നേരം കാഞ്ഞിരപ്പള്ളിയിൽ ബാച്ച് ഗ്യാതറിങ്ങിൽ സഹപാഠികൾക്കൊപ്പം പങ്കെടുത്തു.

11 രാവിലെ മീഡിയാ വില്ലേജ് സെന്റ് ജോസഫ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷൻസിൽ അദ്ധ്യായനവർഷം ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്ക് കത്തീഡ്രൽ പള്ളിയിൽ സി.എം.സി. സന്യാസസമൂഹാംഗമായ സി. മേരി എയ്ഞ്ചൽ സി.എം. സി.യുടെ മൃതസംസ്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് സന്ദർശകരെ അതിരൂപതാ കേന്ദ്രത്തിൽ സ്വീകരിച്ചു. വൈകുന്നേരം കുറുമ്പനാടം ഫൊറോനാ വൈദിക കോൺഫറൻസിൽ പങ്കെടുത്ത് സംസാരിച്ചു.

12 ഞള്ളത്തുവയലിൽ ബഹു. മാത്യു അച്ചന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് കാഞ്ഞിരപ്പള്ളി കത്തീഡ്രൽ പള്ളിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് ഒപ്പീസ് പ്രാർത്ഥനയിലും പങ്കുചേർന്നു. വൈകുന്നേരം കുറിച്ചി മൈനർ സെമിനാരിയിൽ കാളാശേരി ബഹു. സെബാസ്റ്റ്യനച്ചനു നൽകിയ യാത്രയയപ്പുസമ്മേളനത്തിൽ പങ്കെടുത്തു.

13 ഉച്ചയ്ക്ക് കോട്ടയം ലൂർദ് ഇടവകാംഗമായ കുട്ടൻചിറ ഷേർളിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് ഗുഡ്നെസ്സ് ടി.വി.യിൽ സംപ്രേഷണത്തിനായി സന്ദേശം നൽകി. അതിരൂപതാ കേന്ദ്രത്തിൽ താമസിക്കുന്ന വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

14 എടത്വാ ഫൊറോനായിലെ വിവിധ ഇടവകകളിലെ പ്രതിനിധിയോഗാംഗങ്ങളുടെ ഏകദിന സെമിനാർ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. തുടർന്ന് ചമ്പക്കുളം ഫൊറോന കൗൺസിൽ അംഗങ്ങളുടെ ഏകദിന കൂട്ടായ്മയിൽ ആദ്യന്തം പങ്കുചേർന്നു. വൈകുന്നേരം തിരുവനന്തപുരം ഫൊറോനായിലെ വൈദികരുടെ കോൺഫറൻസിൽ പങ്കെടുത്ത് സംസാരിച്ചു.

15 രാവിലെ തിരുവനന്തപുരം നിർമ്മലാഭവൻ സെന്ററിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. നിർമ്മലാഭവൻ ആരാധനമഠത്തിലെ സന്യാസിനികളും, കവടിയാർ സെന്റ് ഷന്താൾ മഠത്തിലെ സന്യാസിനികളുമായും സംസാരിച്ചു. കേശവദാസപുരം മാർ ഗീവർഗ്ഗീസ് സഹദാ കുരിശുപള്ളിയിൽ, കുട്ടികളുടെ ക്യാമ്പിൽ പങ്കെടുക്കുന്നവരെ സന്ദർശിച്ച് സന്ദേശം നൽകി. ലൂർദ്ദ് മാതാ കെയർഹോം സന്ദർശിച്ച് അന്തേവാസികളോടൊപ്പം സമയം ചിലവഴിച്ചു. ഉച്ചകഴിഞ്ഞ് ആയൂർ ഫൊറോനാപള്ളിയിൽ കൊല്ലം - ആയൂർ ഫൊറോനായിലെ വൈദികരുടെ കോൺഫറൻസിൽ സന്ദേശം നൽകി.

16 രാവിലെ സി.എം.സി. ഹോളിക്യൂൻസ് പ്രോവിൻഷ്യാൾ ഹൗസിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. കത്തീഡ്രൽ ഇടവകാംഗമായ തലച്ചെല്ലൂർ ടി. ജെ. ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷയിൽ ഭവനത്തിലെ ശുശ്രൂഷകൾക്ക്

കാർമ്മികത്വം വഹിച്ചു. വില്ലൂന്നിയിൽ തിരുഹൃദയ സന്ന്യാസിനി സമൂഹത്തിന്റെ നവീകരിച്ച ചാപ്പലിന്റെ കൂദാശയും ഭവനത്തിന്റെ വെഞ്ചരിപ്പും നിർവ്വഹിച്ചു. വൈകുന്നേരം പുതുപ്പള്ളി പൂമറ്റം ഇടവകയിൽ കോട്ടയം ഫൊറോനയിലെ വൈദികകോൺഫറൻസിൽ പങ്കെടുത്ത് സന്ദേശം നൽകി.

17 രാവിലെ അടിച്ചിറ പരിത്രാണ ഭവനത്തിൽ കളപ്പുരയിൽ ബഹു. ചാണ്ടിയച്ചന്റെ മൃതദേഹത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

17–19 അതിരൂപതാകേന്ദ്രത്തിൽ ഔദ്യോഗിക കാര്യങ്ങൾക്കായി സമയം ചിലവഴിച്ചു.

20 ഉച്ചകഴിഞ്ഞ് കുട്ടനാട്ടിലെ ജലപ്രളയബാധിത പ്രദേശങ്ങളായ കിടങ്ങറ, പുലിമുഖം, വെളിയനാട്, കാവാലം, വെട്ടിത്തിരുത്ത് എന്നീ സ്ഥലങ്ങൾ സന്ദർശിച്ച് ജനങ്ങളുമായി സംസാരിച്ച് ആശ്വാസമേകി.

21 രാവിലെ അതിരൂപതാകേന്ദ്രത്തിൽ പ്രവാസി അപ്പസ്തോലേറ്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പ്രവാസിസംഗമത്തിൽ പങ്കെടുത്തു; സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് പാലാരൂപതയിലെ ചെമ്പിളാവ് ഇടവകയിൽ നെടുംപുറം എൻ.ജെ. ജോസഫിന്റെ മൃതദേഹത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം വാഴപ്പള്ളി പടിഞ്ഞാറ് സെന്റ് മേരീസ് പള്ളി ഇടവകയിൽ പുതുതായി നിർമ്മിച്ച കൊടിമരത്തിന്റെ വെഞ്ചരിപ്പ് നിർവ്വഹിച്ച് സന്ദേശം നൽകി.

22 രാവിലെ തിരുവനന്തപുരം പൊങ്ങമൂട് സെന്റ് അൽഫോൻസാ പള്ളിയിൽ വി. കുർബാനയർപ്പിച്ച് ഇടവകയിലെ കുട്ടികളുടെ ആഘോഷമായ കുർബാന സ്വീകരണത്തിന്റെ ഭാഗമായി സന്ദേശം നൽകി. തുടർന്ന് തിരുവനന്തപുരം ഫൊറോനായുടെ ആഭിമുഖ്യത്തിൽ നടന്ന തീർത്ഥാടനത്തിൽ സംബന്ധിച്ചവരെ അഭിസംബോധന ചെയ്തു സംസാരിച്ചു. ഉച്ചകഴിഞ്ഞ് വാവോട് പള്ളിയിൽ ക്രമീകരിച്ച അമ്പൂരി ഫൊറോനായിലെ വൈദിക കോൺഫറൻസിൽ പങ്കെടുത്തു സംസാരിച്ചു.

23 രാവിലെ നെടുങ്കുന്നം സെന്റ് ജോൺസ് ബി.എഡ്. കോളേജിൽ അദ്ധ്യായന വർഷം ഉദ്ഘാടനം നിർവ്വഹിച്ച്, കഴിഞ്ഞ വർഷം ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥി-വിദ്യാർത്ഥിനികളെ അഭിനന്ദിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം, റീജൻസി ബ്രദേഴ്സിന്റെ മാസധ്യാനത്തോടനുബന്ധിച്ച് ക്ലാസ്സെടുത്തു.

24 രാവിലെ ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് തോട്ടയ്ക്കാട് പ്രൈവറ്റ് ബാങ്ക് എംപ്ലോയീസ് – ചങ്ങനാശ്ശേരി മേഖലയുടെ ആഭിമുഖ്യത്തിൽ നിർമ്മിച്ചു നൽകിയ വീടിന്റെ വെഞ്ചരിപ്പ് നിർവ്വഹിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ എസ്.ബി. കോളേജിലെ ചാരിറ്റബിൾ ട്രസ്റ്റിന്റെ ബോർഡ് മീറ്റിങ്ങിൽ സംബന്ധിച്ചു.

25 രാവിലെ പുന്നത്തുറ വെള്ളാപള്ളിയിൽ പുതുക്കിപണിത *മദ്ബഹ*യുടെ പുനർകൂദാശ നിർവ്വഹിച്ച് കൂദാശകളുടെ പരികർമ്മത്തിനും ദൈവജനത്തിന്റെ പരിപോഷണത്തിനുമായി സമർപ്പിച്ചു. ചെത്തിപ്പുഴ തിരുഹൃദയ ഇടവകയിൽ തോട്ടാശ്ശേരി ടി. ജോസിന്റെ മൃതദേഹത്തിലും മരങ്ങാട്ട് ബഹു. ജോജി സി.എം.ഐ. അച്ചന്റെ പിതാവ് ബേബിച്ചന്റെ മൃതദേഹത്തിങ്കലും ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് അഭിവന്ദ്യ മേജർ ആർച്ചുബിഷപ്പ് ജോർജ് ആലഞ്ചേരി പിതാവിനൊപ്പം കുട്ടനാട്ടിലെ ജലപ്രളയബാധിത പ്രദേശങ്ങളായ അറുനൂറ്റിപ്പാടം, കൂട്ടമംഗലം, കൈനകരി, ചേന്നങ്കരി, ലൂർദ്ദ്മാതാ, പുളിങ്കുന്ന് പ്രദേശങ്ങൾ സന്ദർശിച്ചു ജനങ്ങളുമായി സംസാരിച്ചു.

## മാർ തോമസ് തറയിൽ

**2018 ജൂലൈ**

28 ചെത്തിപ്പുഴ കാർമ്മൽവില്ലയിൽ സി.എം.സി. സമൂഹത്തിലെ വയോധികരായ സിസ്റ്റേഴ്സിനെ സന്ദർശിക്കുകയും അവർക്കുവേണ്ടി പരി. കുർബാന അർപ്പിക്കുകയും ചെയ്തു.

30 ചങ്ങനാശ്ശേരി അതിരൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സന്ദേശനിലയത്തിൽ നടത്തിയ "സേവ് എ ഫാമിലി" പദ്ധതിയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു; ജൂബിലി സുവനീർ പ്രകാശനം ചെയ്തു.

**2018 ജൂലൈ**

2 ബഹു. അലക്സ് കളീക്കൽ അച്ചന്റെ പിതാവ് ജോർജ് കുഞ്ചെറിയായുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് പ്രാർത്ഥിച്ചു. ബഹു. സോണി കടംത്തോട് അച്ചന്റെ മാതാവ് എൽസമ്മ ജോർജിന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ ഭവനത്തിൽ കാർമികത്വം വഹിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് നേഴ്സിങ്ങ് കോളേജിന്റെ ഹോംഡേ ആഘോഷത്തിൽ അദ്ധ്യക്ഷതവഹിച്ചു. ബഹു. ഗ്രിഗറി പരുവപ്പറമ്പിൽ അച്ചന്റെ 10-ാം ചരമവാർഷികത്തോടനുബന്ധിച്ചു നസ്രത്ത് സെന്റ് ജറോംസ് പള്ളിസിമിത്തേരിയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

3 വാഴപ്പള്ളി വെസ്റ്റ് സെന്റ് മേരീസ് ദൈവാലയത്തിൽ പുതുതായി നിർമ്മിച്ച കപ്പേളയും നവീകരിച്ച സങ്കീർത്തിയും ആശീർവദിച്ചു. നിരണം മാർ തോമാശ്ലീഹാ തീർത്ഥാടനകേന്ദ്രത്തിൽ പരി. കുർബാനമദ്ധ്യേ എടത്വായിൽ നിന്നുവന്ന തീർത്ഥാടകർക്കു ദുക്റാനതിരുനാളിന്റെ സന്ദേശം നൽകി. മാന്നാനം പന്ത്രു ശ്ലീഹന്മാരുടെ പള്ളിയിൽ തിരുനാളിനോടനുബന്ധിച്ചു പരി. കുർബാനയർപ്പിച്ചു, ഇടവകാംഗങ്ങളോടൊപ്പം നാമഹേതുക തിരുനാൾ ആഘോഷിച്ചു. അതിരൂപതാകേന്ദ്രത്തിൽ അഭി.പിതാക്കൻമാർക്കും വൈദികർക്കുമൊപ്പം നാമഹേതുക തിരുനാൾ ആഘോഷിച്ചു.

4 പാറേൽ അമല തിയോളജിക്കൽ കോളേജിന്റെ ദുക്റാന ആഘോഷത്തിൽ അദ്ധ്യക്ഷതവഹിച്ചു. പാറേൽ സെന്റ്മേരീസ് ഇടവക ബഹു. ജോൺസൺ ചാലയ്ക്കലച്ചന്റെ പിതാവ് ജോസുകുട്ടി ചാലയ്ക്കലിന്റെ സംസ്ക്കാരശുശ്രൂഷയിൽ സിമിത്തേരിയിലെ കർമ്മങ്ങൾക്കു കാർമികത്വം വഹിച്ചു.

5 ചെത്തിപ്പുഴ മേഴ്സി ഹോമിൽ പരി. കുർബാനയർപ്പിച്ചു. അഭി. പെരുന്തോട്ടം പിതാവിന് സപ്തതി മംഗളങ്ങൾ നേർന്നു; വൈകുന്നേരം നടന്ന അത്താഴ വിരുന്നിൽ സപ്തതിയോടനുബന്ധിച്ചു നടത്തുന്ന ഭവന നിർമ്മാണ പദ്ധതി പരിചയപ്പെടുത്തി.

7 ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുടെ 65-ാം ഓർമ്മപ്പെരുന്നാളിനോടുബന്ധിച്ചു പട്ടം മലങ്കര സെന്റ് മേരീസ് കത്തീഡ്രലിൽ പരി. കുർബാനയർപ്പിച്ചു, തിരുവനന്തപുരം ലൂർദ്ദ് ഫൊറോനപള്ളിയിൽ കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായെ സ്വീകരിച്ചു.

8\. തിരുവനന്തപുരം, കുച്ചപ്പുറം സെന്റ് തോമസ് ദൈവാലയത്തിൽ തിരുനാൾ കുർബാനയർപ്പിച്ചു. തിരുവനന്തപുരം ലൂർദ്ദ്മാതാ കെയറിൽ സംഘടിപ്പിച്ച ഡോക്ടേഴ്സ് മീറ്റിൽ പങ്കെടുത്തു സംസാരിച്ചു. ഫിൽഗിരി സെന്റ് ജോസഫ് ദൈവാലയത്തിലെ പുതിയ മണിമാളിക ആശീർവ്വദിച്ചു.

12 കുറിച്ചി മൈനർ സെമിനാരിയിൽ ബഹു. സെബാസ്റ്റ്യൻ കാളാശ്ശേരിയച്ചന്റെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

15. കത്തീഡ്രൽ ഇടവകാംഗവും വടവാതൂർ സെമിനാരിയിൽ അദ്ധ്യാപകനുമായ ബഹു. ജെയിംസ് തലച്ചെല്ലൂർ അച്ചന്റെ പിതാവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് പ്രാർത്ഥിച്ചു.

15-20 വരാപ്പുഴ അതിരൂപതയിലെ ബഹു. അച്ചൻമാർക്ക് ധ്യാനം നയിച്ചു.

21. മണിമല ഫൊറോനപള്ളിയിൽ കോവിൽവിളാവത്ത് പ്രിൻസ്, ജൂബിയ ദമ്പതിമാരുടെ നാലാമത്തെ കുട്ടിയുടെ മാമോദീസായ്ക്കു കാർമ്മികത്വം വഹിച്ചു. പ്രവാസി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ അതിരൂപത കേന്ദ്രത്തിലെ മാർ ജെയിംസ് കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന 3-ാ മത് പ്രവാസി കുടുംബസംഗമത്തിൽ പങ്കെടുത്തു പ്രഭാഷണം നടത്തി.

22 ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജ് മുൻ പ്രിൻസിപ്പൽ സിസ്റ്റർ മേഴ്സി നെടുമ്പുറത്തിന്റെ പിതാവ് എൻ.എം. ജോസഫിന്റെ സംസ്ക്കാര ശുശ്രൂഷകൾക്കു ചെമ്പിളാവ് ചെറുപുഷ്പം പള്ളിയിൽ കാർമികത്വം വഹിച്ചു

## മാർ ജോസഫ് പവ്വത്തിൽ

**ജൂലൈ 2018**

01 നിരണം മാർത്തോമ്മാശ്ലീഹാ തീർത്ഥാടന കേന്ദ്രത്തിൽ തിരുനാളിനോടനുബന്ധിച്ച് പരി. കുർബാനമദ്ധ്യേ സന്ദേശം നല്കി. യുവദീപ്തി - എസ്.എം.വൈ.എം. ന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട 14-ാമതു നിരണം തീർത്ഥാടനം കത്തീഡ്രൽ അങ്കണത്തിലെ കബറിട ദൈവാലയത്തിൽ ഉദ്ഘാടനം ചെയ്തു സന്ദേശം നല്കി. മാർത്തോമ്മാ വിദ്യാനികേതൻ മാർ ജയിംസ് കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽ തോമാശ്ലീഹായുടെ ഭാരതപ്രേഷിതത്വത്തെ കേന്ദ്ര പ്രമേയമാക്കി സംഘടിപ്പിച്ച പ്ലാസിഡ് സിമ്പോസിയം ഉദ്ഘാടനം ചെയ്തു.

02 കത്തീഡ്രൽ ഇടവക കടന്തോട് ബഹു. സെബാസ്റ്റ്യൻ (സോണി) അച്ചന്റെ മാതാവ് എൽസമ്മ ജോർജിന്റെ നിര്യാണവേളയിൽ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. കണ്ടങ്കരി ഇടവക കളീയ്ക്കൽ ബഹു. അലക്സ് (ജോട്ടു) അച്ചന്റെ പിതാവ് ജോർജ് കുഞ്ചെറിയായുടെ മൃതസംസ്ക്കാര ശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്കു കാർമികത്വം വഹിച്ചു.

03 കാഞ്ഞിരപ്പള്ളി മേരിമാതാ മൈനർ സെമിനാരിയിൽ ദുക്റാന ആഘോഷങ്ങളിൽ പങ്കുചേർന്നു; സെമിനാരിയുടെ റൂബി ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനകർമ്മം നിർവഹിച്ചു. അതിരൂപതാ കേന്ദ്രത്തിലെ ദുക്റാന ആഘോഷങ്ങളിൽ പങ്കെടുത്തു.

04 പാറേൽ സെന്റ് മേരീസ് ഇടവക ചാലയ്ക്കൽ ജോസഫ് (ജോൺസൺ) അച്ചന്റെ പിതാവ് ജോസുകുട്ടിയുടെ മൃതദേഹത്തിങ്കൽ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

16 വടവാതൂർ സെമിനാരിയിൽ അദ്ധ്യാപകനായ തലച്ചെല്ലൂർ ബഹു. ജയിംസ് അച്ചന്റെ പിതാവിന്റെ നിര്യാണവേളയിൽ ഭവനത്തിൽ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു; അനുശോചനങ്ങളറിയിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് നഴ്സിംഗ് കോളേജിൽ പാരാമെഡിക്കൽ കോഴ്സുകളുടെ അധ്യയന വർഷോദ്ഘാടനം നിർവഹിച്ചു.

21 മാർ ജയിംസ് കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽ സംഘടിപ്പിക്കപ്പെട്ട ചങ്ങനാശ്ശേരി അതിരൂപതാ പ്രവാസി അപ്പസ്തോലേറ്റിന്റെ മൂന്നാം വാർഷികത്തിലും പ്രവാസിസംഗമത്തിലും പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി.

22 ഏറ്റുമാനൂർ ക്രിസ്തുരാജ ഇടവകയിലെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചു.



# E N G A G E M E N T S

**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

## 2018 AUGUST

| | | |
|---|---|---|
| 03 | **06.45 a.m.** | *Qurbana* @ Niranam Seminary |
| 01-03 | | Priests Retreat, Batch I @ Sehion Retreat Centre, Kunnamthanam |
| 02 | **12:30 p.m.** | Message @ SB College Retreat |
| | **06:30 p.m.** | Class @ Niranam Seminary |
| 03 | **06:00 p.m.** | Interdepartmental Meeting @ Archbishop's House |
| 04 | **09:30 a.m.** | Homily, @ *Alphonsa Bhavan*, Kudamaloor |
| | **02:30 p.m.** | *Qurbana* & Initiation of the cause of Mother Shantal SABS |
| 05 | **06:00 a.m.** | Pastoral Visit @ St Antony's Church, Cheepunkal |
| | **07:00 p.m.** | Inauguration of Priests Retreat, Batch II @ Sehion Retreat Centre, Kunnamthanam |
| 06 | | Priests Retreat, Batch II @ Sehion Retreat Centre, Kunnamthanam |
| 07-11 | | KCBC Retreat @ POC, Palarivattam |
| 12 | **06:00 a.m.** | Pastoral Visit@ St. Joseph's Church, Veroor |
| 13 | **10:00 a.m.** | Inter- Eparchial Meeting @ Palai |
| 14 | **03:15 p.m.** | Engaged |
| 15 | **06:30 a.m.** | *Qurbana* & Hall Blessing @ Cathedral, CHY |
| | **02:30 p.m.** | Rededication @ Lourdes Matha Church, Charamangalam |
| | **05:30 p.m.** | Parish Day Celebration @ Punnamada |
| 16 | **10:00 a.m.** | Finance Council |
| | **06:30 p.m.** | Class @ Niranam Seminary |
| 17 | **10:00 a.m**. | Finance Council |
| | **03:30 p.m.** | Engaged |
| 18 | | *Requiem Qurbana* of Fr George Kuttickal MCBS @ Mar Sleeba Church, Purakkad |
| | **02:30 p.m.** | Engaged |
| | **04:30 p.m.** | $150^{th}$ Jubilee Celebration Inauguration @ St Xavier's Church, Mithrakkary |
| 19 | | Pastoral Visit @ St John Nepumseanos, Kumarakom Vadakkumkara |
| 20-31 | | Synod @ Mount St Thomas, Kakkanad |



# ENGAGEMENTS

**Mar Thomas Tharayil**
Auxiliary Bishop of Changanacherry

## 2018 August

| | | |
|---|---|---|
| 01 | **06:30 a.m.** | *Qurbana* @ Adoration Monastery, Nedumkunnam |
| | **08:30 a.m.** | Curia |
| | **02:30 p.m. - 04:00 p.m** | Visitors' Time |
| | **06:30 p.m.** | Class @ Kurichy Seminary |
| 02 | **06:30 a.m.** | *Qurbana* & Priest Home Visit |
| 03 | **06.45 a.m.** | *Qurbana* @ Niranam Seminary |
| | **08:30 a.m.** | Curia |
| | **02:30 p.m. - 04:00 p.m.** | Visitors' Time |
| | **05:30. p.m. - 08:00 p.m.** | Inter Departmental Meeting |
| 04 | **06.00.a.m.** | *Qurbana* @ Era |
| | **10:00 a.m.** | Education Seminar @ K E College Mannanam |
| | **12:00 p.m.** | Alphonsa Pilgrimage Homily @ Kudamaloor |
| | **05:00 p.m.** | Navathy of Rev. Fr. Parambath @ Thrikodithanam |
| 05 | **06:30 a.m.** | Pastoral Visit @ Cheriyavelinaloor |
| | **07:00 p.m.** | AKCC Family Meet @ Thrikodithanam |
| 06 | **12:00 p.m.** | Engagement @ Mamoodu |
| | **05:30 p.m.** | *Qurbana* @ S.H Medical Center Kottayam |
| 07 - 11 | | KCBC Retreat |
| 12 | **07:00 a.m.** | Pastoral Visit @ Pongummoodu |
| | **02:30 p.m.** | Sr Shanthal Commemoration @ Athirampuzha |
| 13 | **06:30 a.m.** | *Qurbana* @ Minor Seminary |
| | **09:30 a.m.** | Inter Eparchial Meeting @ Palai |
| 14 | **02:30 p.m. - 04:00 p.m.** | Visitors' Time |
| 15 | **09.45.a.m** | *Qurbana* & Parish Day @ Mudiyoorkara |
| | **06:00 p.m.** | Parish Day @ Athirampuzha |
| 16 | | Finance Council |

| | | |
|---|---|---|
| 17 | | Finance Council |
| | **05:00 p.m.** | *Onam* Celebration @ Puthuserry Orphanage |
| | **07:00 p.m.** | Class @ Niranam Seminary |
| 18 | **06:30 a.m.** | *Qurbana* & Juniors' Meet @ Josephine Sisters Ithithanam |
| | **10:00 a.m.** | *Sacerdotal* Jubilee: Homily |
| 19 | **04:00 p.m.** | Solemn Holy Communion Mekkarassery |
| 20 - 31 | | Synod @ Kakkanad |
| 26 | **09:00 a.m.** | *Qurbana* & *Kodimaram* Blessing @ Ayiroor |




## ENGAGEMENTS

**Mar Joseph Powathil**
Archbishop Emeritus

## 2018 August

| | | |
|---|---|---|
| 7 – 11 | | KCBC Retreat |
| 18 | **11:30 p.m.** | Marriage @ Parel |
| | **02:30 p.m.** | Documentary Releasing |
| 20 – 31 | | Synod @ Kakkanad |
| 30 | **11:30 a.m.** | Marriage @ Kumarakam |